بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 4

ലക്കം 28

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ജൂലായ് 11/ഹി:ശം:1398 തബ്ലീഗ് 11/ഹി:ഖ: 1440 ദുൽഖഅ്ദ് 07


## അല്ലാഹുവിന്റെ വചനം

وَاعْتَصِمُوْا بِحَبْلِ اللّٰهِ جَمِيْعًا وَّلَا تَفَرَّقُوْا ۪ وَاذْكُرُوْا نِعْمَتَ اللّٰهِ عَلَيْكُمْ اِذْ كُنْتُمْ اَعْدَآءً فَاَلَّفَ بَيْنَ قُلُوْبِكُمْ فَاَصْبَحْتُمْ بِنِعْمَتِهٖٓ اِخْوَانًا ۚ (آل عمران:104)

“നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്കു ചെയ്തു തന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു.’(3:104)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ശത്രുക്കൾ നമ്മുടെമേൽ തൂലികകൊണ്ട് ആക്രമണം നടത്താൻ ആഗ്രഹിക്കുന്നു. ആക്രമിക്കുകയും ചെയ്യുന്നു. അപ്പോൾ നമ്മൾ അവരെ ലാത്തികൊണ്ടു നേരിടാൻ തയ്യാറാകുക എന്നത് എത്രമാത്രം വിഡ്ഢിത്തമായിരിക്കും.**

**ഞാൻ നിങ്ങളോടു തുറന്നു പറയുകയാണ്. അത്തരം രൂപത്തിൽ ആരെങ്കിലും ഇസ്‌ലാമിന്റെ പേരിൽ മറുപടിയായി യുദ്ധത്തിന്റേയും വാഗാദത്തിന്റേയും മാർഗം സ്വീകരിക്കുകയാണെങ്കിൽ അവൻ ഇസ്‌ലാമിന് ദുഷ്‌പേരുണ്ടാക്കുന്നവനായിരിക്കും. അർഥരഹിതമായും അനാവശ്യമായും വാളെടുക്കുക എന്നത് ഒരിക്കലും ഇസ്‌ലാമിന്റെ ഉദ്ദേശ്യമായിരുന്നില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം.

ആ മറയടക്കപ്പെട്ട ഖജനാവിനെ ലോകത്തിന് കാണിച്ചുകൊടുക്കുന്നതിനും ആ തിളങ്ങുന്ന രത്നങ്ങളുടെമേൽ തുപ്പപ്പെട്ട അവിശുദ്ധമായ ആക്ഷേപങ്ങളുടെ ചെളി കഴുകി വൃത്തിയാക്കുന്നതിനുംവേണ്ടി അല്ലാഹു എന്നെ നിയോഗിച്ചയച്ചിരിക്കുന്നു. വിശുദ്ധ ഖുർആന്റെ നിർമാണ ആദരവിനെ എല്ലാ ഓരോ വൃത്തികെട്ട ശത്രുവിന്റേയും ആക്ഷേപകളങ്കത്തിൽനിന്ന് പരിശുദ്ധവും പരിപാവനവും ആക്കുന്നതിന് അല്ലാഹുവിന്റെ അഭിമാനം ഇപ്പോൾ വളരെ ആവേശത്തിലാണ്.

ചുരുക്കത്തിൽ അത്തരം രൂപത്തിൽ ശത്രുക്കൾ നമ്മുടെമേൽ തൂലികകൊണ്ട് ആക്രമണം നടത്താൻ ആഗ്രഹിക്കുന്നു. ആക്രമിക്കുകയും ചെയ്യുന്നു. അപ്പോൾ നമ്മൾ അവരെ ലാത്തികൊണ്ടു നേരിടാൻ തയ്യാറാകുക എന്നത് എത്രമാത്രം വിഡ്ഢിത്തമായിരിക്കും. ഞാൻ നിങ്ങളോടു തുറന്നു പറയുകയാണ്. അത്തരം രൂപത്തിൽ ആരെങ്കിലും ഇസ്‌ലാമിന്റെ പേരിൽ മറുപടിയായി യുദ്ധത്തിന്റേയും വാഗാദത്തിന്റേയും മാർഗം സ്വീകരിക്കുകയാണെങ്കിൽ അവൻ ഇസ്‌ലാമിന് ദുഷ്‌പേരുണ്ടാക്കുന്നവനായിരിക്കും. അർഥരഹിതമായും അനാവശ്യമായും വാളെടുക്കുക എന്നത് ഒരിക്കലും ഇസ്‌ലാമിന്റെ ഉദ്ദേശ്യമായിരുന്നില്ല. ഇപ്പോൾ യുദ്ധത്തിന്റെ ഉദ്ദേശ്യങ്ങൾ ഞാൻ പറഞ്ഞതുപോലെ ചതിയുടെ രൂപം പ്രാപിച്ച് മതപരമല്ലാതായിരിക്കുന്നു. എന്നല്ല ഭൗതികമായ ഉദ്ദേശ്യം അവയുടെ ശീർഷകമായി കഴിഞ്ഞിരിക്കുന്നു. അതിനാൽ ആക്ഷേപം ഉന്നയിക്കുന്നവർക്ക് തക്കതായ മറുപടി നല്കുന്നതിനുപകരം വാൾ കാണിക്കുക എന്നത് എത്രമാത്രം ദ്രോഹമാണ്. ഇപ്പോൾ കാലത്തിനൊപ്പം യുദ്ധത്തിന്റെ രീതിയും മാറിയിരിക്കുകയാണ്. അതുകൊണ്ട് ഏറ്റവുമാദ്യം മനസ്സുകൊണ്ടും ബുദ്ധികൊണ്ടും പ്രവൃത്തിക്കുകയും ആത്മസംസ്കരണം നടത്തുകയും ചെയ്യേണ്ട ആവശ്യമാണുള്ളത്. സന്മാർഗത്തോടും ഈശ്വരഭക്തിയോടുംകൂടി അല്ലാഹുവിനോടു സഹായങ്ങളും വിജയവും തേടുക. മുസ്‌ലിമീകൾ കേവലം വാക്കുകളും വർത്തമാനങ്ങളും കൊണ്ട് പോരാട്ടത്തിൽ ജയംനേടാനും ഉത്കർഷം പ്രാപിക്കാനുമാണ് ആഗ്രഹിക്കുന്നതെങ്കിൽ അത് അസംഭാവ്യമാണെന്നത് അചഞ്ചലനിയമവും ചിരസ്ഥായിയായ അടിസ്ഥാന കാര്യവുമാണ്. അല്ലാഹു അപശബ്ദങ്ങളേയും വാക്കുകളേയും ആഗ്രഹിക്കുന്നില്ല. അവൻ യഥാർഥമായ തഖ്‌വയാണ് ആഗ്രഹിക്കുന്നത്. സത്യസന്ധമായ പരിശുദ്ധി ഇഷ്ടപ്പെടുകയും ചെയ്യുന്നു; *ഇന്നല്ലാഹ മഅ ല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂൻ* എന്നു പറഞ്ഞതുപോലെ.(16:129)

### ബുദ്ധി ഉപയോഗിച്ചും പണിയെടുക്കേണ്ടതാണ്

ബുദ്ധി ഉപയോഗിച്ചും നമുക്ക് പണിയെടുക്കേണ്ടതുണ്ട്. കാരണം മനുഷ്യൻ ബുദ്ധികാരണത്താലും ഉത്തരവാദിത്വമുള്ളവനാണ്. ബുദ്ധിയ്ക്കു വിരുദ്ധമായ കാര്യങ്ങൾ വിശ്വസിക്കുന്നതിൽ ആരും നിർബന്ധിക്കപ്പെടാവതല്ല. ശക്തികളുടെയും കഴിവുകളുടെയും സഹനത്തെക്കാളുപരി ഒരു തരത്തിലുള്ള ശരീഅത്തുപരമായ ബുദ്ധിമുട്ടും വഹിപ്പിക്കപ്പെട്ടിട്ടില്ല. *ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ*(2:287) ഈ വചനത്തിൽ വ്യക്തമായനിലയിൽ കാണാൻ കഴിയുന്നത് അല്ലാഹുവിന്റെ കല്പനകൾ ആർക്കും നടപ്പിൽ വരുത്താൻ കഴിയാത്തതല്ലെന്നാണ്. ശരീഅത്തുകളും കല്പനകളും അല്ലാഹു ലോകത്തിറക്കിയത് തന്റെ വാഗ്മിത്വത്തിന്റേയും സാഹതീയസൗന്ദര്യത്തിന്റേയും നിയമനിർമാണ ശക്തിയുടേയും പ്രഹേളികയുടേയും വലുപ്പത്തം മനുഷ്യനുമേൽ പ്രകടിപ്പിക്കാനുമല്ല. ഇങ്ങനെ അപരിഷ്കൃതനായ ദുർബലമനുഷ്യൻ എവിടെ നില്ക്കുന്നുവെന്നും ആ കല്പനകളനുസരിച്ചുള്ള കർമങ്ങൾ നടപ്പിൽ വരുത്തുന്നതെവിടെയെന്നും ആദ്യമേതന്നെ അതാതിന്റെ സ്ഥാനത്ത് നിശ്ചയിച്ചുവെച്ചിരുന്നു. അല്ലാഹു അത്തരം വ്യർഥമായ കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് ഉത്തമനും പരിശുദ്ധനുമാണ്. ശരീഅത്തിനെ പിൻപറ്റാനും അല്ലാഹുവിന്റെ കല്പനകൾ പാലിക്കാനും ലോകത്ത് ഒരു മനുഷ്യനും സാധ്യമല്ലെന്നത് ക്രിസ്ത്യാനികളുടെ വിശ്വാസമാണ്. അപ്പോൾ പിന്നെ ദൈവത്തിന് ശരീഅത്ത് അയക്കേണ്ട ആവശ്യമെന്താണെന്ന് പോലും ഈ അജ്ഞർ ചിന്തിക്കുന്നില്ല. അവരുടെ ചിന്തയിലും വിശ്വാസത്തിലും അല്ലാഹു (നഊദുബില്ലാഹ്) മുമ്പേ വന്ന നബിമാരുടെമേൽ ശരീഅത്തിറക്കി നിരർഥവും നിഷ്ഫലവുമായ ജോലി ചെയ്തുവെന്നാണ്. യഥാർഥത്തിൽ ദൈവത്തിന്റെ പരിശുദ്ധസത്തയുടെമേൽ ഇത്തരത്തിലുള്ള ന്യൂനതമെനഞ്ഞെടുക്കേണ്ട ആവശ്യം നേരിടാൻ കാരണം പാപപരിഹാര സിദ്ധാന്തമാണ്. തങ്ങളുടെ ഒരു പുതിയൊരു പ്രശ്നത്തിന് അടിത്തറയിടുമ്പോൾ ദൈവത്തിന്റെ സത്തയുടെമേൽ എത്തരത്തിലുള്ള പോറലാണ് ഏല്ക്കുന്നതെന്നത് അവർക്ക് പ്രശ്നമല്ല.

### ഖുർആനികാധ്യാപനങ്ങളുടെ എല്ലാ ഓരോ കല്പനയും ശുദ്ധിചെയ്തതും ഉദ്ദേശ്യത്തോടു കൂടിയതും നന്മ നിറഞ്ഞതുമാണ്.

അതേ! ഈ ഗുണം ഖുർആനിക അധ്യാപനങ്ങളിലുണ്ട്. അതിലെ എല്ലാ ഓരോ കല്പനയും ശുദ്ധിചെയ്തതും ഉദ്ദേശ്യത്തോടുകൂടിയതും നന്മ നിറഞ്ഞതുമാണ്. അതുകൊണ്ടാണ് ഇടയ്ക്കിടെ ബുദ്ധിയോടും വിവേകത്തോടും ചിന്തിച്ചും ജ്ഞാനത്തോടും വിശ്വാസത്തോടും കൂടി കർമങ്ങൾ ചെയ്യാൻ അതു പറയുന്നത്. വിശുദ്ധ ഖുർആനും മറ്റു ഗ്രന്ഥങ്ങളും തമ്മിലുള്ള വ്യക്തമായ വ്യത്യാസമാണിത്. ഒരു ഗ്രന്ഥവും അതിന്റെ അധ്യാപനത്തെ ബുദ്ധിയുടേയും ചിന്തയുടെ സൂക്ഷ്മവും സ്വതന്ത്രവുമായ വിമർശനത്തിന്റേയും മുമ്പിൽ ഇടാൻ തന്റേടം കാണിച്ചിട്ടില്ല. എന്നല്ല ഇഞ്ചീലിന്റെ അധ്യാപനം ബുദ്ധിപരമായ ശക്തിയുടെ മുമ്പിൽ നിർജീവമാണ്. തന്ത്രപൂർവം തങ്ങളുടെ വിശ്വാസങ്ങളിൽ ത്രിയേകത്വവും പാപപരിഹാരസിദ്ധാന്തവും മാനുഷിക ബുദ്ധിക്ക് മനസ്സിലാക്കാൻ

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് അഹ്മദ്(അ) സ്വന്തം തൂലികയിലൂടെ

*വിവർത്തനം: ഇസ്മായീൽ ആലപ്പുഴ*

'ലാഇലാഹ ഇല്ലല്ലായുടെ പൊരുൾ കേട്ടതിനു ശേഷം ഇനി നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. അത് കൃത്യതയോടെ നിർവഹിക്കാൻ വിശുദ്ധ ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു. പക്ഷേ, അതിനോടൊപ്പം ഇങ്ങനെയും പറഞ്ഞിട്ടുണ്ട്. *വയ്‌ലുൻല്ലിൽ മുസല്ലീനല്ലദീനഹും അൻസലാത്തിഹിം സാഹൂൻ* നമസ്കാരത്തിലെ യാഥാർഥ്യത്തിൽനിന്ന് അജ്ഞരായ നമസ്കാരക്കാർക്ക് നാശം. അകൽച്ചയുടെ നേരത്ത് കൂടിക്കാഴ്ചയ്ക്കും കൂടിച്ചേരലിനുംവേണ്ടി വേദനയോടും സങ്കടത്തോടുംകൂടി തന്റെ ദൈവത്തിന്റെ സന്നിധിയിൽ മനുഷ്യൻ നടത്തുന്ന ഒരു അർഥനയാണ് നമസ്കാരമെന്ന് മനസ്സിലാക്കേണ്ടതാണ്. കാരണം അല്ലാഹു പരിശുദ്ധനാക്കാത്തിടത്തോളം ആരും പരിശുദ്ധരാവുകയില്ല. അവൻ സ്വയം കൂടിക്കാഴ്ച നല്കാത്തിടത്തോളം ആർക്കും കൂടിക്കാഴ്ച ലഭിക്കുകയില്ല. പലരീതിയിലുള്ള വളയങ്ങളും പലതരത്തിലുള്ള ചങ്ങലകളും മനുഷ്യന്റെ കഴുത്തിൽ വീണുകിടക്കുന്നു. അത് അകലണമെന്ന് മിക്കവരും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ, അവ അകലുന്നില്ല. മനുഷ്യന് പരിശുദ്ധനാവണമെന്ന ആഗ്രഹമുണ്ടായിട്ടും ദോഷപ്രവണമായ ആത്മാവിന്റെ പ്രേരണകൾ ഉണ്ടാകുകതന്നെ ചെയ്യുന്നു. പാപങ്ങളിൽനിന്ന് പരിശുദ്ധമാക്കുക എന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ബലം പ്രയോഗിച്ച് നിങ്ങളെ പരിശുദ്ധരാക്കാൻ അവനെക്കൂടാതെ ഒരു ശക്തിയുമില്ല. പരിശുദ്ധമായ വികാരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അല്ലാഹു നമസ്കാരം വെച്ചിട്ടുള്ളത്. നമസ്കാരമെന്താണ്? ദുഷ്ചിന്തകളും ദുർവിചാരങ്ങളും അകന്നുപോകുന്നതിനും ശുദ്ധമായ സ്നേഹവും ശുദ്ധമായ ബന്ധവും ലഭിക്കുന്നതിനും അല്ലാഹുവിന്റെ കല്പനകൾക്കു വിധേയരായി നടക്കാൻ ഭാഗ്യം ഉണ്ടാകുന്നതിനുംവേണ്ടി വേദനയോടും എരിച്ചിലോടും നീറ്റലോടുംകൂടി അല്ലാഹുവിനോട് ചെയ്യുന്ന ഒരു അർഥനയാണത്. പ്രാർഥന കേവലം നാവുകൊണ്ടല്ല, പ്രത്യുത, അതിനോടൊപ്പം എരിച്ചിലും പുകച്ചിലും നീറ്റലുമുണ്ടാകേണ്ടത് നിർബന്ധമാണെന്ന് സ്വലാത്ത് എന്ന പദം വിളിച്ചോതുന്നു. മനുഷ്യൻ ദുആയുടെ സ്ഥിതിയിൽ മരണാവസ്ഥ പ്രാപിക്കുന്നതുവരെ അല്ലാഹു ദുആ സ്വീകരിക്കുകയില്ല.

നമസ്കാരം വലിയ ഗംഭീരതരത്തിലുള്ള പ്രാർഥനയാണ്. എന്നാൽ, ആളുകൾ അതിനെ വിലമതിക്കുന്നില്ല. ഇക്കാലഘട്ടത്തിൽ മുസ്‌ലിമീകൾ ദൈവനാമജപത്തിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുകയാണ്. നൗശാഹി, നഖ്ശ്ബൻദി തുടങ്ങിയ ഒരുപാട് കക്ഷികളുണ്ട്. വ്യസനകരമെന്ന് പറയട്ടെ അവരിൽ ആരുംതന്നെ അനാചാരങ്ങളുടെ കലർപ്പിൽനിന്ന് മുക്തരല്ല. ഈ ആളുകൾ നമസ്കാരത്തിന്റെ യാഥാർഥ്യത്തിൽ അജ്ഞരാണ്. ദൈവകല്പനകളെ അവർ പരിഹസിക്കുന്നു. നമസ്കാരം നിലവിലിരിക്കെ പ്രാർഥിക്കുന്നവന് ഈ അനാചാരങ്ങളിലൊന്നിന്റേയും ആവശ്യമില്ല. ബുദ്ധിമുട്ടിന്റെ നേരത്ത് അംഗസ്നാനം വരുത്തി നമസ്കാരിക്കുന്നതിന് എഴുന്നേറ്റു നില്ക്കുകയും പ്രാർഥിക്കുകയും ചെയ്യുക എന്നതായിരുന്നു നബി(സ) തിരുമേനിയുടെ രീതി. നമസ്കാരത്തെക്കാൾ കൂടുതൽ അല്ലാഹുവിന്റെ അടുത്തേക്ക് കൊണ്ടുപോകുന്ന മറ്റൊരു സംഗതിയും ഇല്ലെന്ന് നമ്മുടെ അനുഭവവുമാണ്. വിനയത്തിന്റേയും വണക്കത്തിന്റേയും മര്യാദയുടെ പ്രകടനം ഉൾക്കൊള്ളുന്നവയാണ് നമസ്കാരത്തിന്റെ ഭാഗങ്ങൾ. നില്ക്കുമ്പോൾ നമസ്കാരക്കാരൻ കൈകെട്ടി നില്ക്കുന്നു; ഒരടിമ തന്റെ യജമാനന്റേയും രാജാവിന്റേയും മുമ്പിൽ മര്യാദയോടുകൂടി നില്ക്കുന്നതുപോലെ. റുക്കൂഇൽ വണക്കത്തോടെ കുനിയുന്നു. ഏറ്റവും വലിയ വണക്കം സുജൂദ് ചെയ്യുമ്പോഴാണ്. അതങ്ങേയറ്റത്തെ വിനയാവസ്ഥ പ്രകടിപ്പിക്കുന്നു.' (ജൽസാ സാലാനാ പ്രഭാഷണം, 1906)

നമസ്കാരങ്ങളെ കൃത്യമായി ഉത്തരവാദത്തോടുകൂടി അനുഷ്ഠിക്കേണ്ടതാണ്. ചിലയാളുകൾ ഒരേയൊരു നേരത്തെ നമസ്കാരമേ അനുഷ്ഠിക്കുന്നുള്ളൂ. നമസ്കാരം മാപ്പാകുകയില്ലെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. നബിമാർക്കുപോലും അത് മാപ്പാക്കപ്പെട്ടിട്ടില്ല. ഒരു ഹദീഥിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനിയുടെ അടുക്കൽ പുതുവിശ്വാസികളുടെ ഒരു സംഘം വന്ന് നമസ്കാരം മാപ്പാക്കണമെന്ന് അപേക്ഷിച്ചു. അവിടന്ന് അരുൾ ചെയ്തു: ഏതൊരു മതത്തിലാണോ കർമമില്ലാത്തത് ആ മതം, മതം തന്നെയല്ല.' (മൽഫൂദാത്ത്, വാള്യം 1, പേ– 254)

അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും യഥാർഥമായ അടുപ്പവും നിലനിറുത്താനാഗ്രഹിക്കുന്നെങ്കിൽ നമസ്കാരത്തിൽ ലയിക്കുന്നവരായിത്തീരാൻ ഞാൻ നിങ്ങളോട് വീണ്ടും പറയുന്നു. എത്രത്തോളമെന്നാൽ നിങ്ങളുടെ ശരീരവും– നിങ്ങളുടെ നാവല്ല– എന്നല്ല, നിങ്ങളുടെ ആത്മാവിന്റെ ഇച്ഛകളും വികാരങ്ങളുമെല്ലാം ഒന്നടങ്കം നമസ്കാരമായിത്തീരണം. (മൽഫൂദാത്ത്, വാള്യം 1, പേ 163)

എന്താണ് നമസ്കാരം? നമസ്കാരം യഥാർഥത്തിൽ ആദരവുടയവനായ രക്ഷിതാവിനോടുള്ള പ്രാർഥനയാണ്. ഇതുകൂടാതെ മനുഷ്യ ന് ജീവിച്ചിരിക്കാൻ സാധ്യമല്ല. സൗഖ്യത്തിന്റേയും സന്തോഷത്തിന്റേയും സഹായവും കിട്ടുകയില്ല. അല്ലാഹു തന്റെ അനുഗ്രഹം അവന്റെമേൽ ചൊരിയുമ്പോഴാണ് യഥാർഥമായ സന്തോഷവും സംതൃപ്തിയും അവന് ലഭിക്കുന്നത്. സ്വാദിഷ്ടമായ ഭക്ഷണം കഴിക്കുമ്പോഴുണ്ടാകുന്ന ആനന്ദംപോലെ ആ നേരം മുതൽ അവന് നമസ്കാരങ്ങളിൽ പ്രിയവും താൽപര്യവുമുണ്ടാകാൻ തുടങ്ങും. അതുപോലെതന്നെ പിന്നീട് ദൈവിക സവിധത്തിലുള്ള കരച്ചിലിനോടും ആവലാതിയോടും പ്രിയം വരുന്നതുമാണ്. നമസ്കാരത്തിനുണ്ടാകേണ്ടതായ ഈ അവസ്ഥ ഉണ്ടായിവരികയും ചെയ്യും. അതിനുമുമ്പേ ആരോഗ്യം ലഭിക്കാൻ കയ്പുള്ള മരുന്ന് കഴിച്ചതുപോലെയായിരുന്നു. ഇപ്രകാരം ആനന്ദരഹിതമായ നമസ്കാരത്തേയും അനുഷ്ഠിക്കേണ്ടതും പ്രാർഥിച്ചുകൊണ്ടിരിക്കേണ്ടതും നിർബന്ധമാണ്. ആനന്ദശൂന്യമായ ആ അവസ്ഥയിൽ നിന്ന് രുചിയും ആനന്ദവും ഉണ്ടാകണമെന്ന വിചാരത്തോടെ ഇങ്ങനെ പ്രാർഥിക്കുക:–

"അല്ലാഹുവേ, ഞാനെത്രമാത്രം അന്ധനും അറിവില്ലാത്തവനുമാണെന്ന് നീ കാണുന്നു, ഞാൻ ഈ നേരത്ത് തികച്ചും മൃതാവസ്ഥയിലാണ്. അല്പം കഴിഞ്ഞാൽ വിളി വരുമെന്ന് എനിക്ക് അറിയാം, അപ്പോൾ ഞാൻ നിന്നിലേക്ക് വരും. ആ നേരത്ത് ആർക്കും എന്നെ തടയാൻ സാധിക്കുകയില്ല. പക്ഷേ, എന്റെ ഹൃദയം ഇരുട്ടുനിറഞ്ഞതും നിന്നെ തിരിച്ചറിയാത്തതുമാണ്. നിന്റെ സ്നേഹവും നിന്നോടുള്ള ആസക്തിയും ഉണ്ടാകുംവിധമുള്ള പ്രകാശത്തിന്റെ ജ്വാല നീ എന്നിൽ ഇറക്കിയാലും. അന്ധനായി ഉണരാതിരിക്കുന്നതിനും അന്ധന്മാരുടെ കൂട്ടത്തിൽ ചെന്നുചേരാതിരിക്കുന്നതിനും നീ അനുഗ്രഹിച്ചാലും."

ഇത്തരത്തിൽ പ്രാർഥിക്കുകയും അത് മുടങ്ങാതെ തുടരുകയും ചെയ്യുമ്പോൾ അവൻ അനുഷ്ഠിച്ചുപോന്ന ആനന്ദരഹിതമായ നമസ്കാരത്തിൽ ഒരു വസ്തു ആകാശത്തുനിന്ന് അവനിൽ വീഴുന്ന ഒരു നേരം വന്നെത്തുന്നത് അവൻ കാണുന്നതാണ്. അത് കരച്ചിലുണ്ടാക്കും.' (മൽഫൂദാത്ത്, വാള്യം 4, പേജ് 361)

*വല്ലദീനഹും അലാ സ്വലവാത്തിഹിം യുഹാഫിളൂൻ.* അതായത്, ആറാമത്തെ പദവിയിലെത്തിയ മുഅ്മിൻ– സത്യവിശ്വാസി അഞ്ചാമത്തെ പദവിയിൽനിന്നുയർന്നവനായിമാറി. അപ്പോൾ അവൻ തന്റെ നമസ്കാരങ്ങളെ സ്വയം സംരക്ഷിക്കുന്നവനും മേൽനോട്ടക്കാരനുമാണ്. അതായത്, അവൻ മറ്റാരെങ്കിലും പറയുന്നതിനും ഓർമിപ്പിക്കുന്നതിനും ആശ്രയിക്കുന്നവനായിരിക്കുകയില്ല. പ്രത്യുത, അവൻ എപ്പോഴും അതിന്റെ മേൽനോട്ടം വഹിക്കുകയും, ഓരോ നിമിഷവും ദൈവസ്മരണയിൽ കഴിച്ചുകൂട്ടുംവിധമുള്ള ബന്ധം അല്ലാഹുവിനോടുണ്ടാകുകയും, അവനെ സ്മരിക്കാൻ സ്വാഭാവികമായ സ്നേഹവും, സ്വസ്ഥതയും, ജീവിതവും അവന് ലഭിക്കുകയും ചെയ്യുന്നു. ദൈവത്തെ സ്മരിക്കുന്നതിൽനിന്ന് അണുനിമിഷം വേറിടുന്നത് അവനിഷ്ടപ്പെടുന്നില്ല.

നഷ്ടപ്പെട്ടാൽ തനിക്ക് നാശമുണ്ടാകും എന്ന് കരുതുന്ന വസ്തുവിനെ മനുഷ്യൻ എല്ലാവിധത്തിലും പാടുപെട്ട് സംരക്ഷിക്കുമെന്നത് വ്യക്തമാണ്. വെള്ളവും ഭക്ഷണവും ഒന്നും ലഭിക്കാത്ത വിജനമായ ഒരു സ്ഥലത്തൂടെ ഒരാൾ യാത്ര ചെയ്യുകയാണ്. നൂറുക്കണക്കിന് മൈലുകൾക്കപ്പുറം വെള്ളമോ ഭക്ഷണമോ കിട്ടുമെന്ന പ്രതീക്ഷ അയാൾക്കില്ല. അയാൾ തന്റെ കൈയിലുള്ള ഭക്ഷണം എത്ര കാര്യമായിട്ടായിരിക്കും സൂക്ഷിച്ചുവെക്കുക. തന്റെ ജീവനുതുല്യം അയാൾ അതിനെ മനസ്സിലാക്കുന്നു. എന്തുകൊണ്ടെന്നാൽ അത് നഷ്ടപ്പെടുന്നതോടെ തന്റെ മരണം സംഭവിക്കുമെന്ന് അയാൾ ദൃഢമായും വിശ്വസിക്കുന്നു. ആരാണോ ഈ വഴിയാത്രക്കാരനെപോലെ തങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുന്നത് അവൻ ധനനഷ്ടമുണ്ടായാലും മാനഹാനിയുണ്ടായാലും നമസ്കാരം കാരണത്താൽ ആരെങ്കിലും വെറുത്താലും ശരി, നമസ്കാരം ഒഴിവാക്കുകയില്ല. അത് നഷ്ടപ്പെടുമോ എന്ന ആശങ്കയിൽ അവന് കഠിനമായ അസ്വസ്ഥതയുണ്ടാകുകയും വിഷമംകൊണ്ട് മരിച്ചവനെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു. അവൻ ഒരുശ്വാസംപോലും ദൈവസ്മരണയിൽനിന്ന് വേർപെടാൻ ആഗ്രഹിക്കുകയില്ല. നമസ്കാരവും ദൈവസ്മരണയും യഥാർഥത്തിൽ തന്റെയൊരു പ്രധാന ഭക്ഷണമായി അവൻ മനസ്സിലാക്കുന്നു. അതിലാണ് അവന്റെ ജീവിതത്തിന്റെ നിലനില്പ്. ഈ അവസ്ഥ ഉണ്ടാകുന്നത് അല്ലാഹു അവനെ സ്നേഹിക്കുമ്പോഴാണ്. അവന്റെ വ്യക്തിപരമായ സ്നേഹത്തിന്റെ ഒരു ജ്വലിക്കുന്ന തീനാളം– ആധ്യാത്മികമായ നിലനില്പിന് അതിനെ ഒരു ആത്മാവെന്ന് പറയാവുന്നതാണ്– അവന്റെ ഹൃദയത്തിൽ ഇറങ്ങുകയും അവന് ഹയാത്തെ ഥാനീ– രണ്ടാമത്തെ ജീവിതം നല്കുകയും ചെയ്യുന്നു. ആ ആത്മാവ്

(ശേഷം പേജ് 16ൽ)

## ഖുത്ബ ജുമുഅ

അല്ലാഹുവിനെ നമ്മൾ അല്ലാഹുവിനോടു ചോദിക്കുകയാണെങ്കിൽ അവനെ എല്ലാവർക്കും കിട്ടാൻ സാധ്യതയുണ്ട്.

അല്ലാഹുവിനെ പ്രാപിച്ചവന്റെ കാൽക്കീഴിൽ ദുൻയാവിലെ സകല നിഅ്മത്തുകളും വന്നു ചേരുന്നു.

ജുമുഅ നമസ്കാരത്തിൽ ഹാജരാകുന്നതും ജാമിഅ മസ്ജദിൽപോയി ജുമുഅ നമസ്കരിക്കുന്നതും ഇമാമിന്റെ ഖുത്ബ കേൾക്കുന്നതും നിങ്ങൾക്ക് നിങ്ങളുടെ കച്ചവടത്തെക്കാളും തൊഴിലുകളെക്കാളും ഭൗതികജോലികളെക്കാളും ആയിരക്കണക്കിന് ലക്ഷക്കണക്കിന് ഇരട്ടി ഉത്തമമാണ്.

ഭൗതികമായ വ്യാപാരങ്ങളാണെങ്കിലും മറ്റു നിഅ്മത്തുകളാണെങ്കിലും അതു ലഭിക്കുന്നത് അല്ലാഹുവിന്റെ ഫള്ലുകൊണ്ടുതന്നെയാണ്.

വളരെ ചിന്തയോടുകൂടി നമ്മൾ നമ്മുടെ ജുമുആകളെ കാത്തുസൂക്ഷിക്കേണ്ടതാണ്. എപ്രകാരം റമളാനിലെ അവസാനത്തെ ജുമുആയ്ക്ക് പ്രാധാന്യം നല്കപ്പെടുന്നുവോ അപ്രകാരം വർഷം മുഴുവനുമുള്ള ജുമുആകൾക്കും പ്രധാന്യം നല്കേണ്ട ആവശ്യമുണ്ട്.

അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്.

വർഷത്തിലെ ഒരു ജുമുഅ മാത്രം മതി എന്ന് മനസിലാക്കരുത്. പ്രത്യുത എല്ലാ ജുമുആയും പ്രധാനപ്പെട്ടതുതന്നെയാണ്.

നമ്മുടെ ഇന്ന്, ഇന്നലയെക്കാൾ മെച്ചപ്പെട്ടതല്ലെങ്കിൽ നമ്മൾ യഥാർഥ മുഅ്മിനല്ല.

അല്ലാഹുവിനുവേണ്ടി പ്രത്യേകപ്പെടുത്തുന്നവർ തങ്ങളുടെ ആരാധനകളെ റമളാനിൽ മാത്രം ഒതുക്കിനിറുത്തുകയില്ല. പ്രത്യുത അവരുടെ ആരാധനകൾ വർഷം മുഴുവൻ വ്യാപിച്ചു നിൽക്കുന്നതായിത്തീരുന്നു. ഇവർ ഭൗതികാഗ്രഹങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയില്ല. മറിച്ച് അല്ലാഹുവിനെ ചോദിച്ചുകൊണ്ട് പ്രാർഥിക്കുന്നു.

**അനുഗൃഹീത റമളാന്റെ അവസാന ജുമുഅയുടെ അനുഗൃഹീത അവസരത്തിൽ ജുമുഅ നമസ്കാരത്തിന്റെ പ്രാധാന്യത്തേയും ദുആ സ്വീകാര്യതയുടെ തത്ത്വത്തേയും സംബന്ധിച്ച വിവരണം.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 മെയ് 31/1398 ഹിജ്റത്ത് 31**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
يٰۤاَيُّهَا الَّذِيْنَ اٰمَنُوْۤا اِذَا نُوْدِيَ لِلصَّلٰوةِ مِنْ يَّوْمِ الْجُمُعَةِ فَاسْعَوْا اِلٰى ذِكْرِ اللّٰهِ وَذَرُوا الْبَيْعَ ؕ
ذٰلِكُمْ خَيْرٌ لَّكُمْ اِنْ كُنْتُمْ تَعْلَمُوْنَ ○ فَاِذَا قُضِيَتِ الصَّلٰوةُ فَانْتَشِرُوْا فِي الْاَرْضِ وَابْتَغُوْا مِنْ
فَضْلِ اللّٰهِ وَاذْكُرُوا اللّٰهَ كَثِيْرًا لَّعَلَّكُمْ تُفْلِحُوْنَ ○ وَاِذَا رَاَوْا تِجَارَةً اَوْ لَهْوَا ۣانْفَضُّوْۤا اِلَيْهَا وَتَرَكُوْكَ
قَآئِمًا ؕ قُلْ مَا عِنْدَ اللّٰهِ خَيْرٌ مِّنَ اللَّهْوِ وَمِنَ التِّجَارَةِ ؕ وَاللّٰهُ خَيْرُ الرّٰزِقِيْنَ ○ (الجمعة 10 تا 12)

ഈ ആയത്തുകളുടെ തർജമ ഇപ്രകാരമാണ്, അല്ലയോ വിശ്വസിച്ചവരേ! ജുമുഅ ദിവസം നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധിറുതിപ്പെട്ടുപോവുകയും കച്ചവടം നിറുത്തിവെക്കുകയും ചെയ്യുക. ഒരുപക്ഷേ, നിങ്ങൾ കാര്യം മനസ്സിലാക്കുന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാകുന്നു. പിന്നെ, നമസ്കാരം നിർവഹിച്ച് കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ പിരിഞ്ഞുപോവുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അന്വേഷിക്കുകയും ചെയ്തുകൊള്ളുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിന് അല്ലാഹുവിനെ അധികമായി സ്മരിക്കുക. ഏതെങ്കിലും ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവർ (കപടവിശ്വാസികൾ) അതിലേക്ക് ചിതറിപോകുകയും നിന്ന നിലയിൽ നിന്നെ വിട്ടേക്കുകയും ചെയ്യുന്നു. പറയുക, അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാണ്. അല്ലാഹു ഉപജീവനം നല്കുന്നവരിൽവച്ച് ഏറ്റവും ഉത്തമനാകുന്നു.

ഇന്ന് ഈ റമളാന്റെ അവസാന ജുമുഅയാണ്. സാധാരണ നിലയിൽ ആളുകൾ അധികമായി ഈ ജുമുഅ ദിവസം നമസ്കാരത്തിന് എത്തിചേരുന്നു. പ്രത്യേക ശ്രദ്ധയോടെ എത്തിചേരുന്നതിന് പരിശ്രമിക്കുന്നു. ഈയിടെ സ്കൂളുകളിൽ അവധിയായ കാരണത്താലും ഹാജർനില അധികമായി കാണപ്പെടുന്നുണ്ട്.

സൂറ ജുമുഅയിലെ അവസാന ഖണ്ഡികയാണ് ഞാൻ പാരായണം ചെയ്തത്. അതിൽ അല്ലാഹു ജുമുആകളുടെ പ്രാധാന്യം വ്യക്തമായ നിലയിൽ വിവരിച്ചിരിക്കുന്നു. അതിനാൽ ജുമുഅ നമസ്കാരത്തിന് ഹാജരാകുകയെന്നത് അല്ലാഹുവിന്റെ സന്നിധിയിൽ വളരെ നിർബന്ധമാകുന്നു. ജുമുഅ നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ നിങ്ങൾ ഒരു അലസതയും മടിയും കാണിക്കരുതെന്ന് അല്ലാഹു വ്യക്തമായും പറയുന്നു. പ്രത്യുത ഉടൻതന്നെ ശ്രദ്ധ നല്കിക്കൊണ്ട് ജുമുഅ നമസ്കാരത്തിന് ഹാജരാകുക. എത്രതന്നെ തിരക്കിലാണെങ്കിലും എത്ര പ്രധാനപ്പെട്ട കച്ചവടത്തിന്റെ സമയമാണെങ്കിലും ലക്ഷക്കണക്കിന് കോടിക്കണക്കിന് നഷ്ടമുണ്ടാകുമെങ്കിലും അതൊന്നും വകവെക്കാതെ ഹാജരാകുക. ലോകത്ത് ഉണ്ടാകാൻ സാധ്യതയുള്ള ലക്ഷക്കണക്കിനോ കോടിക്കണക്കിനോ നഷ്ടത്തെ വകവെക്കാതെ ജുമുഅയ്ക്ക് ഹാജരാകുക. കാരണം, ജുമുഅ നമസ്കാരത്തിന് ഹാജരാകുന്നതും ജാമിഅ മസ്ജിദിൽ പോയി ജുമുഅ നമസ്കാരം നിർവഹിക്കുന്നതും ഇമാമിന്റെ ഖുത്ബ കേൾക്കുന്നതും നിങ്ങൾക്ക് നിങ്ങളുടെ കച്ചവടത്തെക്കാളും വ്യവഹാരത്തെക്കാളും ഭൗതികജോലികളെക്കാളും ആയിരക്കണക്കിന്, ലക്ഷക്കണക്കിന് മടങ്ങ് ഉത്തമമാകുന്നു. എന്നാൽ, ശരിയായ ഉള്ളറിവും ഗ്രാഹ്യവും ഉള്ളവർക്കാണ് അതിന്റെ ബോധമുണ്ടാകുക. അല്ലാഹു പറയുന്നു: ശരിയായ ഉള്ളറിവും ഗ്രാഹ്യവും ഉൾക്കൊള്ളുന്നവർ തീർച്ചയായും കച്ചവടങ്ങൾക്കും വ്യവഹാരങ്ങൾക്കും രണ്ടാം സ്ഥാനമാണ് നല്കുക. അതോടൊപ്പം അല്ലാഹു ഇതുംകൂടി പറഞ്ഞു, ജുമുഅ നമസ്കാരം കഴിഞ്ഞാൽപിന്നെ നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്. അങ്ങനെ നിങ്ങൾ പോകുകയും ഭൗതിക ജോലികളിലും കച്ചവടങ്ങളിലും മുഴുകുകയും ചെയ്തുകൊള്ളുക. അങ്ങനെയെങ്കിൽ അല്ലാഹു നിങ്ങളുടെ ഭൗതിക ജോലികളിലും അനുഗ്രഹം ചൊരിയുന്നതാണ്. എന്നാൽ, നിങ്ങളുടെ ഇബാദത്തുകളെ വെറും ജുമുഅയിൽ മാത്രം പരിമിതപ്പെടുത്താതിരിക്കണമെന്നും മറിച്ച് അല്ലാഹുവിനെ നിങ്ങൾ എപ്പോഴും സ്മരിച്ച് കൊണ്ടിരിക്കണമെന്നും അല്ലാഹുവിന്റെ ദിക്റുകളിലും ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കണമെന്നും കൂടി വ്യക്തമാക്കി. അപ്പോൾ നിങ്ങൾക്ക് മുമ്പത്തേക്കാളുപരി വിജയങ്ങളും ലഭിക്കുന്നതായിരിക്കും; മതപരവും ആത്മീയവും അതുപോലെ തന്നെ ഭൗതികവും. അല്ലാഹുവിനെ സ്മരിക്കുന്നവർ അല്ലാഹുവിനെ സ്മരിക്കുമ്പോൾ ജുമു

അ നമസ്കാരത്തിനുശേഷം തങ്ങൾ അസ്ർ നമസ്കരിക്കണമെന്നും ഓർക്കുന്നു. കാരണം അതും ഫർളുകളിൽ പെട്ടതാണ്. മഗ്‌രിബും നമസ്കരിക്കണം ഇശാഉം നമസ്കരിക്കണം. ഇവയെല്ലാം ഫർള് നമസ്കാരങ്ങളിൽ പെട്ടവയാണ്. ഭൗതിക കച്ചവടങ്ങളും അല്ലെങ്കിൽ മറ്റ് അനുഗ്രഹങ്ങളും അല്ലാഹുവിന്റെ കൃപാവരത്താലാണ് ലഭിക്കുക. അതുകൊണ്ട് വിജയം അല്ലാഹുവിന്റെ ദിക്റുകളുമായും അവന്റെ ഇബാദത്തുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഈ ജുമുഅ നിർവഹണവും ദൈവസ്മരണയും അവനോടുള്ള ആരാധനയുടെ കടമ നിറവേറ്റാനുള്ള ശ്രമവും റമളാൻ മാസത്തിൽമാത്രം ഒതുങ്ങിയതല്ല. പ്രത്യുത ഈ ആയത്തുകളിൽനിന്ന് വ്യക്തമായും പ്രകടമാകുന്നതുപോലെ എല്ലാ ജുമുഅകളേയും കുറിച്ചുള്ള പൊതുവായൊരു കല്പനയാണിത്. പ്രത്യേകനിലയിലുള്ള കല്പനയാണ്. പൊതുവായിട്ടുള്ളതുമാണ്, പ്രത്യേകമായിട്ടുള്ളതുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് ജുമുഅയുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു: 'ജുമുഅയുടെ ദിവസം പെരുന്നാളിന്റെ ദിവസമാണ്. ഈ പെരുന്നാൾ മറ്റുള്ള പെരുന്നാളുകളെക്കാൾ ശ്രേഷ്ഠമാകുന്നു. എങ്ങനെയാണ് ശ്രേഷ്ഠം? ഈ പെരുന്നാളിന് വേണ്ടിയാണ് സൂറ ജുമുഅ. അതായത് സൂറ ജുമുആയിൽ ജുമുഅ നിർവഹക്കാൻ പ്രത്യേകമായ നിലയിൽ പറയപ്പെട്ടിരിക്കുന്നു.' പിന്നീട് അവിടന്ന് ജുമുഅയുടെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് ഉമർ(റ)ന്റെയും ഒരു യഹൂദിയുടെയും സംഭാഷണത്തെ കുറിച്ച് പറയുന്നു:

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ

എന്ന ആയത്ത് അവതരിച്ചപ്പോൾ ഒരു യഹൂദി പറഞ്ഞു: ഈ വചനം ഇറക്കപ്പെട്ട ദിവസം പെരുന്നാൾ ആഘോഷിച്ചിരുന്നെങ്കിൽ! ഈ വചനം ഞങ്ങൾക്ക് അവതരിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ആ ദിവസം പെരുന്നാൾ ആഘോഷിക്കുമായിരുന്നു. അതിന് ഹദ്റത്ത് ഉമർ(റ) മറുപടി നല്കിക്കൊണ്ട് പറഞ്ഞു: ജുമുഅ, പെരുന്നാൾ തന്നെയാണ്. അന്നേദിവസം തന്നെയാണ് ഈ ആയത്ത് ഇറങ്ങിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്നാൽ, അധികമാളുകളും ഈ പെരുന്നാളിനെ കുറിച്ച് അജ്ഞരാണ്.'(മൽഫൂദാത്ത് വാല്യം 8 പേജ് 399)

ദീൻ പൂർത്തീകരിച്ചുവെന്ന വാർത്ത നല്കപ്പെട്ട ഈ പെരുന്നാളിനെ കുറിച്ച് അധികപേർക്കും അറിവില്ല. അല്ലാഹു തന്റെ അനുഗ്രഹങ്ങളെ പരിപൂർത്തീകരിച്ചുവെന്ന സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു. ആ ദിവസത്തിന് അത്ര പ്രാധാന്യം നല്കപ്പെടുന്നില്ല. ഇവർ മനസ്സിലാക്കുന്നത്, റമളാനിലെ അവസാനത്തെ ജുമുഅയ്ക്ക് പ്രത്യേക ശ്രദ്ധ നല്കി അതിൽ ഹാജറായി തങ്ങൾ മുഴുവൻ ജുമുഅകളുടെയും അനുഗ്രഹം കരസ്ഥമാക്കുമെന്നാണ്. അതുകൊണ്ട് വളരെ ചിന്തയോടുകൂടി നമ്മൾ നമ്മുടെ ജുമുആകൾ കാത്തുസൂക്ഷിക്കേണ്ടതാണ്. എപ്രകാരം റമളാനിലെ അവസാനത്തെ ജുമുആയ്ക്ക് പ്രാധാന്യം നല്കപ്പെടുന്നുവോ അപ്രകാരം വർഷം മുഴുവനുമുള്ള ജുമുആകൾക്ക് പ്രാധാന്യം നല്കേണ്ട ആവശ്യമുണ്ട്. അല്ലാഹു പറയുന്നു: ഓരോ മുഅ്മിനും അവൻ യഥാർഥ മുഅ്മിനാണെങ്കിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പക്ഷേ, എന്താണ് നടക്കുന്നത്? ഒരുപാടാളുകൾ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നേയില്ല. ഭൗതിക കച്ചവടങ്ങൾക്കായും ഭൗതിക വിനോദങ്ങൾക്കായും അവരുടെ ജുമുആകൾ നഷ്ടപ്പെടുത്തി കളയുന്നു. അല്ലാഹുവിന്റെ പക്കലുള്ളതാണ്, ഭൗതിക വസ്തുകളെക്കാളും സമ്പത്തിനെക്കാളും വിനോദങ്ങളെക്കാളും കൂടുതൽ ഉത്തമമായിട്ടുള്ളതെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവാണ് നിങ്ങൾക്ക് ജീവിതവിഭവങ്ങൾ നല്കുന്നതെന്നും നിങ്ങൾ അറിയേണ്ടതാണ്. അതിനാൽ ഇത് വളരെ പ്രാധാന്യം അർഹിക്കുന്നതും ഒരോ മുഅ്മിനും വളരെയധികം ശ്രദ്ധ നല്കേണ്ടതുമായ കാര്യമാകുന്നു. പ്രത്യേകിച്ചും നമ്മൾ ഇക്കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ചവരാണ്, അതുകൊണ്ട് നമ്മൾ ഇതിലേക്ക് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: 'യഥാർഥ മുഅ്മിൻ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ച അഹ്മദി തന്നെയാണ്.'(ഹഖാഇഖുൽ ഫുർഖാൻ വാല്യം 4, പേജ് 122–123)

ഈ വിശ്വാസം ഒരു ഉത്തരവാദിത്വം നിങ്ങളിലിടുന്നുണ്ട്. അല്ലാഹുവിന്റെ കല്പനയനുസരിച്ച് നിങ്ങളുടെ കർമങ്ങളും ചെയ്യുക. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കാൻ ശ്രമിക്കുക. ഭൗതികാഗ്രഹങ്ങൾക്ക് നമ്മൾ മുൻഗണന നല്കരുത്. പ്രത്യുത അല്ലാഹുവിന്റെ സമ്പ്രീതിയ്ക്കും സമ്പ്രീതി കരസ്ഥമാക്കലിനുമായിരിക്കണം നമ്മൾ മുൻഗണന നല്കേണ്ടത്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എന്തിനു വിശ്വസിച്ചുവെന്ന കാര്യം മറന്നുപോകുന്ന ധാരാളമാളുകൾ നമ്മളിലുണ്ട്. അല്ലാഹുവുമായിട്ടുള്ള നമ്മുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നിട്ടുള്ളത്. അവിടന്ന് വന്നത് എല്ലാത്തിനെക്കാളും മുൻഗണന അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കലിനും അവന്റെ സ്നേഹം കരസ്ഥമാക്കലിനും നല്കണമെന്ന അധ്യാപനം നല്കാനാണ്. നമ്മുടെ ആഗ്രഹങ്ങൾ പൂർത്തിയാകാത്ത നേരത്ത് അവ പൂർത്തിയാക്കികിട്ടുന്നതിന് അല്ലാഹുവിന്റെ സന്നിധിയിൽ പോകുന്നവരും അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരും ആ സമയത്ത് നമസ്കരിക്കുന്നവരും ആ സമയത്ത് അല്ലാഹുവിനോടു ദുആ ചെയ്യുന്നവരുമാകരുത്. നമ്മൾ ഇവിടെ അല്ലാഹുവിന്റെ തൃപ്തിയും അത് കരസ്ഥമാക്കേണ്ട പ്രാധാന്യവും അറിയാത്തവരും നമ്മുടെ മോഹങ്ങൾക്കും ഭൗതികമായ ആവശ്യങ്ങൾക്കും പ്രാധാന്യം നല്കുന്നവരുമാകരുത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "ഞാൻ സത്യമായും പറയുന്നു, അല്ലാഹു ഭാഗ്യശാലികൾക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു ആഘോഷമാകുന്നു ഇത്. ഇതിനെ പ്രയോജനപ്പെടുത്തുന്നവർ സൗഭാഗ്യരാണ്. എന്നോടൊപ്പം ബന്ധം സ്ഥാപിച്ചിരിക്കുന്ന നിങ്ങൾ, പ്രാപിക്കേണ്ടത് പ്രാപിച്ചുകഴിഞ്ഞിരിക്കുന്നവെന്ന കാര്യത്തിൽ ഒരിക്കലും അഹങ്കരിക്കരുത്. നിങ്ങൾ ആ സത്യനിഷേധികളെ അപേക്ഷിച്ച് സൗഭാഗ്യത്തിന്റെ അടുത്തെത്തിയിട്ടുണ്ട് എന്നത് സത്യമാണ്." സൗഭാഗ്യം പ്രാപിക്കുന്നതിന്റെ അടുത്തെത്തിയിരിക്കുന്നു. "അവർ ശക്തമായ സത്യനിഷേധവും നിന്ദിക്കലുംകൊണ്ട് അല്ലാഹുവിനെ വെറുപ്പിച്ചു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, 'നിങ്ങൾ സദുദ്ദേശ്യത്തോടെ പ്രവർത്തിച്ച് അല്ലാഹുവിന്റെ കോപത്തിൽനിന്ന് നിങ്ങളെ രക്ഷിക്കണമെന്ന് ചിന്തിച്ചു.' പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അല്ലാഹു ഇക്കാലത്ത് അനശ്വരമായ ജീവിതത്തിന് സൃഷ്ടിച്ച അരുവിയുടെ സമീപത്ത് നിങ്ങൾ എത്തിയിരിക്കുന്നു എന്നത് സത്യമായ കാര്യമാണ്. എന്നാൽ, ജലപാനം ഇനി ബാക്കിയുണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്നും കാരുണ്യത്തിൽനിന്നും തൗഫീഖ് തേടുക; അവൻ നിങ്ങളെ വയറുനിറയെ കുടിപ്പിക്കുന്നതിന്." വെള്ളം കുടിപ്പിക്കണം, വയറുനിറയുവോളം കുടിപ്പിക്കണം. "കാരണം, അല്ലാഹുവിനെ കൂടാതെ ഒന്നും നടക്കുകയില്ല." പറഞ്ഞു, "ഈ അരുവിയിൽനിന്ന് ജലപാനം ചെയ്യുന്നവൻ ഒരിക്കലും നാശത്തിന് ഇരയാകുകയില്ലെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കാരണം ഈ ജലം ജീവൻ പ്രദാനം ചെയ്യുന്നു. നാശത്തിൽനിന്ന് രക്ഷിക്കുന്നു. ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് കാത്തുസൂക്ഷിക്കുന്നു. ഈ അരുവിയിൽനിന്ന് വയറുനിറയെ കുടിക്കുന്നതിനുള്ള രീതി എന്താണ്? അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്ന രണ്ടു കടമ സന്ദർഭോചിതം നിർവേറ്റുക എന്നതാണത്. പൂർണമായ നിലയിൽ നിറവേറ്റുക. അതിൽ ഒന്ന് അല്ലാഹുവിനോടുള്ള കടമയും മറ്റൊന്ന് സൃഷ്ടികളോടുള്ള കടമയുമാകുന്നു."(മൽഫൂദാത്ത് വാല്യം 3, പേജ് 184–185)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായും പറയുകയുണ്ടായി, നിങ്ങളുടെ കർമങ്ങൾ അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് ചെയ്യുക. എന്നെ വിശ്വസിച്ചതിനുശേഷം നിങ്ങളുടെ ആരാധനകളുടെ നിലവാരവും ഉയർത്തുക. സൃഷ്ടികളോടുള്ള കടമകളുടെ നിലവാരവും ഉയർത്തുക. ഇങ്ങനെ അല്ലെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അതിനുചേരുന്നവിധം കരസ്ഥമാക്കുന്നവരാകുകയില്ല. അരുവിയിൽനിന്ന് ജലപാനം ചെയ്യുന്നതിന് നമ്മളുടെ മുൻഗണനകൾ നമുക്ക് മാറ്റേണ്ടിവരും. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) ഒരു അവസരത്തിൽ പറഞ്ഞു: "ഹദ്റത്ത് സാഹിബ് അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) 'ജലപാനം ഇനി ബാക്കിയുണ്ട്' എന്ന് പറഞ്ഞത് അവിടന്ന് പറയുന്നു, അതിന്റെ സംബോധകൻ ഞാനല്ലേ എന്ന് വിചാരിക്കുകയാണ്."(ഹഖാഇഖുൽ ഫുർഖാൻ, വാല്യം 4, പേജ് 126)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സ്ഥാനം നമുക്കെല്ലാവർക്കും അറിയുന്നതാണ്. എന്തുകൊണ്ടെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന് വലിയ ആദരവിന്റെ സ്ഥാനമാണ് നല്കിയത്. അവിടന്ന് ഈ ചിന്തയിലായിരുന്നുവെങ്കിൽ നമ്മൾ ഏതു പരിധിവരേയും എത്രമാത്രം ശക്തമായും ഇതിനെകുറിച്ച് ചിന്തിക്കേണ്ടതാണ്. എങ്ങനെ നമ്മൾ ഈ അരുവിയിൽനിന്ന് ജലപാനം ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ബയ്അത്തിനോടുള്ള കടമ നിറവേറ്റാൻ എത്രമാത്രം ശ്രമിക്കേണ്ടവരാണ്.

അതിനാൽ അല്ലാഹുവിനോടുള്ള കടമ പൂർത്തീകരിക്കുന്നതിന് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്. അല്ലാഹുവിനോടുള്ള ആരാധനകളുടെ കടമ നിർവേറ്റിയോ എന്ന കാര്യം മുന്നിൽ വെക്കേണ്ടത് നിർബന്ധമാണ്. പിന്നീട് അല്ലാഹു നമ്മുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യംതന്നെ ആരാധന എന്നാണ് നിശ്ചയിച്ചിട്ടുള്ളത്.

وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ۝

എന്ന് അവൻ പറഞ്ഞതുപോലെ. അതായത്, എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചിട്ടില്ല. അല്ലാഹു ഇവിടെ നമ്മുടെ ഉദ്ദേശ്യം വ്യക്തമാക്കിയിരിക്കുന്നു. റമളാനിലെ അവസാനത്തെ ജുമുഅ നമസ്കരിച്ച് നിങ്ങൾ തന്റെ കല്പന പാലിച്ചുവെന്നും ആരാധനയുടെ കടമ നിറവേറ്റിയെന്നും അല്ലാഹു ഇവിടെ പറഞ്ഞില്ല. മറിച്ച് പറഞ്ഞത് ഇതൊരു സ്ഥായിയായ പ്രവൃത്തിയാണെന്നാണ്. ഇത് നിങ്ങൾ ബോധാവസ്ഥയിൽ എത്തുന്നതു മുതൽ ഈ ലോകത്ത് നിന്ന് വിടപറയുന്നത് വരെ നിർവഹിച്ച് കൊണ്ടേയിരിക്കേണ്ടതാണ്. അതുകൊണ്ട് വർഷത്തിലെ ഒരു ജുമുഅ നമസ്കാരം മാത്രം മതിയായി മനസ്സി

ലാക്കാതിരിക്കുക. മറിച്ച് എല്ലാ ജുമുഅ നമസ്കാരങ്ങളും പ്രധാനപ്പെട്ടതാണ്.

ജുമുആകളുടെ അനുഷ്ഠാനം പറഞ്ഞുകൊണ്ട് അല്ലാഹു നിങ്ങൾ ജുമുഅ അനുഷ്ഠിച്ച് തന്നോടുള്ള കടമ നിറവേറ്റിയവരായെന്നോ നമസ്കാരങ്ങൾ അനുഷ്ഠിച്ചുകൊണ്ട് തന്നോടുള്ള കടമ നിറവേറ്റിയവരായെന്നോ പറഞ്ഞില്ല. അതിന്റെ എന്തെങ്കിലും ഫലം അല്ലാഹുവിന് ഉണ്ടായെന്നോ അല്ലാഹുവിന് നമ്മുടെ നമസ്കാരങ്ങളുടേയും നമ്മുടെ ജുമുആകളുടേയും നമ്മുടെ ദൈവസ്മരണകളുടേയും ആവശ്യമുണ്ടെന്നോ എന്നൊന്നും അല്ലാഹു പറഞ്ഞില്ല. മറിച്ച് പറഞ്ഞത്, നിങ്ങൾ ജുമുഅ നമസ്കരിക്കാൻ വരുമ്പോൾ, നമസ്കരിക്കുമ്പോൾ, ഖുത്ബ കേൾക്കുമ്പോൾ, അതിന്നിടയിൽ ദൈവസ്മരണ ചെയ്യുമ്പോൾ അതിൽ, അത്തരം നേരത്ത് ദാസൻ അല്ലാഹുവിനോടു ദുആ ചെയ്യുമ്പോൾ അത് അവൻ സ്വീകരിക്കുന്ന ഒരു നിമിഷം വരാറുണ്ടെന്നാണ്. (സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജുമുഅ, ഹദീഥ് 852)

ഈ സമയം, ഈ നേരം ഈ നിമിഷം ഏതെങ്കിലും പ്രത്യേക ജുമുഅയ്ക്കുവേണ്ടിയുള്ളതല്ല. പ്രത്യുത എല്ലാ ജമുആയ്ക്കുമുളളതാണ്. ഒരവസരത്തിൽ നബി(സ)തിരുമേനി ജുമുഅയുടെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന എല്ലാവർക്കും വെള്ളിയാഴ്ച ദിവസം ജുമുഅ നമസ്കാരം നിർവഹിക്കേണ്ടത് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; രോഗികളും യാത്രക്കാരും സ്ത്രീകളും കുട്ടികളും അടിമകളും ഒഴികെ.' ഇവരെല്ലാവരും നിർബന്ധിതരാണ്. അവർക്ക് ചില നിർബന്ധാവസ്ഥകളുണ്ട്. പിന്നീട് പറയുന്നു: 'വിനോദങ്ങളും വ്യവഹാരങ്ങളും കാരണം ജുമുഅയുടെ കാര്യത്തിൽ ആരാണോ അവഗണന കാണിക്കുന്നത്, അവരോട് അല്ലാഹുവും അവഗണന കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു നിരാശ്രയനും സകല സ്തുതിയ്ക്കും അർഹനുമാകുന്നു.' (കൻസുൽഉമ്മാൽ വാല്യം 7, പേജ് 726, കിതാബുസ്സ്വലാത്ത്, ഹദീഥ് 21120, പ്രസാധകർ മുഅസ്സസ്ത്തുർറിസാല 1985)

അല്ലാഹുവിന് നിങ്ങളുടെ ഒരു വസ്തുവിന്റേയും ആവശ്യമില്ല. എന്നല്ല അവൻ നല്കുന്നവനാണ്. അല്ലാഹുവിന്റെ നല്കൽ ഒരു മുഅ്മിനിൽനിന്ന് ആവശ്യപ്പെടുന്നത് അവനെ സ്തുതിക്കുക എന്നതാണ്.(കൻസുൽഉമ്മാൽ വാല്യം 7, പേജ് 712, കിതാബുസ്സ്വലാത്ത്, ഹദീഥ് 21057 പ്രസാധകർ മുഅസ്സസ്ത്തുർറിസാല 1985)

അല്ലാഹുവിന്റെ കല്പന പാലിക്കുന്നതിനെക്കാളും അവന്റെ കല്പന അനുസരിച്ച് നടക്കുന്നതിനെക്കാളുമുപരി എന്തു നന്മയാണുളളത്? ഒരു മുഅ്മിൻ അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കുന്നതിന് അവന്റെ കല്പന അനുസരിച്ച് നടക്കേണ്ടതാണ്. അവയിലൊന്ന് ജുമുആയ്ക്കുവേണ്ടി വരിക എന്നതുമാണ്. നമസ്കാരങ്ങളിലേക്കും ആരാധനകളിലേക്കും ശ്രദ്ധിക്കുക എന്നതുമാണ്. അപ്പോൾ അത് വളരെ വലിയ നന്മയാണ്. അങ്ങനെ വരുമ്പോൾ എത്രത്തോളം പുണ്യമായിരിക്കും അല്ലാഹു ഒരു മുഅ്മിന് നല്കുന്നുണ്ടാകുക. ഒരു മുഅ്മിൻ നന്മകളും ആരാധനകളും നിർവഹിക്കുന്നതും ജുമുആകളിൽ പങ്കെടുക്കുന്നതുമെല്ലാം അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമായിരിക്കും. ഭൗതികമായ ഉദ്ദേശ്യത്തിന് പരിഗണന ഉണ്ടായിരിക്കുകയില്ല. ജുമുഅ ദിവസം നന്മകൾക്കുള്ള പ്രതിഫലം പതിന്മടങ്ങ് വർധിക്കുന്നതാണ്. ഒരു കാരണവും കൂടാതെ ജുമുഅ ഉപേക്ഷിക്കുന്നതിനെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ മുന്നറിയിപ്പോടുകൂടിയ ഈ താക്കീതും നമുക്ക് ലഭിക്കുന്നുണ്ട്. അതായത്, ആരാണ് ഒരു കാരണവും കൂടാതെ ജുമുഅ ഉപേക്ഷിക്കുന്നത്, അവന്റെ കർമപുസ്തകത്തിൽ മുനാഫിഖ് എന്ന് എഴുതപ്പെടുന്നതായിരിക്കും.'(കൻസുൽഉമ്മാൽ വാല്യം 7, പേജ് 730, കിതാബുസ്സ്വലാത്ത്, ഹദീഥ് 21144 പ്രസാധകർ മുഅസ്സസ്ത്തുർറിസാല 1985)

ഇങ്ങനെ അലസത പ്രകടിപ്പിച്ച് മൂന്ന് ജുമുഅ വരെ തുടർച്ചയായി ജുമുഅ നമസ്കാരം ഉപേക്ഷിക്കുന്നവന്റെ ഹൃദയത്തിൽ അല്ലാഹു മുദ്ര വെക്കുന്നതാണ്, (സുനൻ അബൂദാവൂദ്, കിതാബുസ്സ്വലാത്ത് ഹദീഥ് 1052)

അതുകൊണ്ട് വളരെയധികം ഭയപ്പെടേണ്ടതുണ്ട്. കാരണം, ഹൃദയത്തിൽ മുദ്ര വെക്കപ്പെട്ട് കഴിഞ്ഞാൽ പിന്നെ നന്മ ചെയ്യാനുള്ള തൗഫീഖ് കുറഞ്ഞ് പോകുന്നതായിരിക്കും. പിന്നീട് മനസ്സില്ലാതെ ജുമുആകൾക്ക് വരുന്നതും കപടത ഉണ്ടാക്കിക്കൊണ്ടുപോകുന്നതാണ്. അതുകൊണ്ട് വളരെയധികം പേടിക്കേണ്ട സ്ഥലമാണിത്. ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'ജുമുഅ നമസ്കരിക്കുന്നതിന് വരിക. ഒരു വ്യക്തി ജുമുആയിൽ പിന്നിൽപ്പിന്നിലായി സ്വർഗത്തിൽനിന്ന് പിന്നിലായി പോകുന്നതാണ്. വാസ്തവത്തിൽ അയാൾ സ്വർഗത്തിന് യോഗ്യനാണ്.'(കൻസുൽഉമ്മാൽ വാല്യം 6, പേജ് 752, മുസന്നദ് സംറ ബിൻ ജുൻദബ്, ഹദീഥ് 20373 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1998)

ഒരുപാട് നന്മകൾ ചെയ്യുന്നു. അത് അവനെ സ്വർഗത്തിൽ കൊണ്ടുപോകാവുന്നതാണ്. പക്ഷേ, പിന്നിലായിപ്പിന്നിലായി സ്വർഗത്തിൽനിന്ന് പിന്നിലായിപ്പോകുന്നു. നിരവധി സന്ദർഭങ്ങളിൽ നബി(സ)തിരുമേനി ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കുന്നതിന് നിർദേശം നല്കിയെന്ന് മാത്രമല്ല പങ്കെടുക്കാത്തവർക്ക് മുന്നറിയിപ്പും നല്കിയിരിക്കുന്നു. എന്നാൽ, നിങ്ങൾ റമളാനിലെ അവസാന ജുമുഅ നമസ്കരിച്ചാൽ നിങ്ങൾക്ക് പൊറുത്തു നല്കപ്പെടുന്നതാണെന്ന് ഒരിടത്തും അവിടന്ന് പറഞ്ഞിട്ടില്ല. അതേ! നമ്മൾ തീർച്ചയായും കണ്ടിട്ടുണ്ട്, നമ്മൾ ഇപ്പോൾ അവിടത്തെ ഒരുനിർദേശത്തിൽ കണ്ടതുപോലെ അവിടന്ന് പറഞ്ഞു, 'വിനോദങ്ങളും വ്യവഹാരങ്ങളും കാരണം ജുമുഅയുടെ കാര്യത്തിൽ ആരാണോ അവഗണന കാണിക്കുന്നത്, അവരോട് അല്ലാഹുവും അവഗണന കാണിക്കുന്നതാണ്.' വെറും ജുമുആകളിൽമാത്രം നിറുത്താൻ പാടില്ല. പ്രത്യുത ആരാധനകളോടുള്ള കടമ നിറവേറ്റുന്നത് മുഅ്മിന്റെ അടയാളമാണെന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. അവൻ ഒരു നമസ്കാരത്തിനുശേഷം അടുത്ത നമസ്കാരത്തിന്റെ ചിന്തയോടെ കാത്തിരിക്കുന്നു. ഒരു ജുമുഅയ്ക്കുശേഷം അടുത്ത ജുമുആയുടെ ചിന്തയോടെ കാത്തിരിക്കുന്നു. ഒരു റമളാനുശേഷം അടുത്ത റമളാന്റെ ചിന്തയോടെ കാത്തിരിക്കുന്നു. അവൻ ആരാധനകളോടുള്ള കടമ നിറവേറ്റുന്നവനാണ്. അല്ലാതെ ഭൗതികമായ ആഗ്രഹനിർവഹണത്തിനും ജോലികൾക്കും വേണ്ടി തന്റെ ജുമുആകളേയും നമസ്കാരങ്ങളേയും പാഴാക്കിക്കളയുകയില്ല. അതിനാൽ നമുക്ക് നമ്മുടെ ആരാധനകളെ കുറിച്ച് ചിന്തിക്കേണ്ടതിന്റെ ആവശ്യമുണ്ട്. നമ്മുടെ മുൻഗണനകളെ ശരിയായ വഴികളിലാക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിനെ കരസ്ഥമാക്കുന്നതിന് ഒരു പരിശ്രമത്തിന്റെ ആവശ്യമുണ്ട്. അല്ലാഹുവിനെ കരസ്ഥമാക്കുന്നതിന് ആ സ്ഥാനത്തിന്റെ ഗ്രാഹ്യം നിർബന്ധമാണ്. വെറും വായകൊണ്ട് പറഞ്ഞാൽ ഇത് ലഭിക്കുകയില്ല.

എന്നാൽ, നമ്മൾ ചിന്തിക്കുന്നതായാൽ, അല്ലാഹുവിന്റെ യഥാർഥ സ്ഥാനത്തിന്റേയും അവന്റെ മഹത്ത്വത്തിന്റേയും മഹിമയുടേയും ശരിയായ തിരിച്ചറിവ് നമുക്കില്ലെന്ന് കാണുന്നതായിരിക്കും. നമ്മുടെ കർമപരമായ അവസ്ഥകൾ നമുക്ക് വലിയ തിരിച്ചറിവുണ്ടെന്ന് പറയാൻ പറ്റുന്നതല്ല. എന്നല്ല നമ്മുടെ ദുആകൾക്കും ഒരു സ്ഥിരത കൈവരേണ്ടതുണ്ട്. നമ്മുടെ ഹൃദയം ജുമുഅ നമസ്കാരത്തിന് വേണ്ടി മാത്രമല്ല, മറിച്ച് അഞ്ചുനേര നമസ്കാരത്തിനുവേണ്ടിയും മസ്ജിദിനോട് ഒട്ടിച്ചേർന്ന് നില്ക്കേണ്ടതാണ്. എന്നാൽ, ഞാൻ പറഞ്ഞത് പോലെ നമുക്ക് യഥാർഥത്തിൽ അവനെ കുറിച്ചുള്ള ഗ്രാഹ്യമില്ല. നമ്മൾ താൽക്കാലികവും ക്ഷണത്തിൽ ലഭിക്കുന്നതുമായ കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നല്കുന്നത്. സ്ഥിരമായിട്ടുള്ളതും അനശ്വരവുമായ ആവശ്യത്തിന് രണ്ടാം സ്ഥാനമാണ് നല്കുന്നത്. നമസ്കാരങ്ങളും ജുമുആകളും നമ്മൾ ഉപേക്ഷിച്ചു കളയുന്നു. നമ്മുടെ താൽക്കാലികമായ ഭൗതിക നേട്ടങ്ങൾക്കുവേണ്ടി പറയുന്നത് തങ്ങൾ പിന്നീട് അല്ലാഹുവിനോടു മാപ്പു ചോദിച്ചുകൊള്ളുമെന്നാണ്. അങ്ങനെയായാൽ അല്ലാഹു പൊറുത്തുതരുമത്രെ! എന്തു വ്യത്യാസമുണ്ടാകാനാണ്. ഇപ്പോൾ ഈ ഭൗതിക ജോലി ചെയ്യണം, ഇല്ലെങ്കിൽ ഈ ഉപഭോക്താവ് കൈയിൽനിന്ന് പോകുന്ന അവസ്ഥ ഉണ്ടാകും. ഒരു കച്ചവടക്കാരൻ പറയുന്നത് ഇത്തരം ഉപഭോക്താവ് പിന്നീട് കൈയിൽവരുമോ എന്ന് അറിയില്ലെന്നാണ്. തന്റെ ഏതെങ്കിലും കാര്യം സാധിക്കുന്നതിനുവേണ്ടി ഏതെങ്കിലും ഓഫീസറുടെ അടുക്കൽ പോയിരിക്കുകയാണെങ്കിൽ, അയാളുടെ മൂഡ് നല്ലതായിരിക്കുന്ന നേരത്ത് ആ ഓഫീസറെ സന്തോഷിപ്പിക്കാതെ, 'എന്റെ നമസ്കാര സമയമായി, ജുമുആയുടെ സമയമായി, ഞാൻ നമസ്കരിക്കാൻ പോകുന്നു, ജുമുഅ നമസ്കരിക്കാൻ പോകുന്നുവെന്ന് എന്നൊക്കെ പറഞ്ഞാൽ ആ ഓഫീസർ എന്നെ വെറുക്കുകയും അതിന്റെ ഫലം എനിക്കു നിഷേധിക്കപ്പെടുകയും ചെയ്യുകയില്ലേ എന്ന് ചോദിക്കുന്നു.

## ഹദീഥുന്നബ്വി (സ):

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## അല്ലാഹുവിന്റെ കലാം:

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

വിചാരമിങ്ങനെയാണെങ്കിൽ മുൻഗണനകൾ തികച്ചും വ്യത്യസ്തമായിരിക്കും. ദുൻയാവിന്റെ മുൻഗണന അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കണമെന്ന മുൻഗണനയുടെമേൽ ശ്രേഷ്ഠത കൈവരിക്കുന്നു. ഇതുപോലെതന്നെ ധാരാളം ആഗ്രഹങ്ങളുണ്ട്. അത് അല്ലാഹുവിന്നെതിരിൽ രണ്ടാമത്തെ സ്ഥാനത്ത് വെക്കുന്നതിനുപകരം ഒന്നാമത്തെ നിലയായിത്തീരുന്നു. അല്ലാഹു പിന്നിലേക്കു പോകുന്നു. ഭൗതികാഗ്രഹങ്ങൾ മുകളിൽ വരുന്നു. ഇനി നാം അല്ലാഹുവിനെ വിസ്മരിക്കുകയും അവന്റെ കല്പനകളെ ഭൗതികാഗ്രഹങ്ങളുടെ പിന്നിലേക്ക് വലിച്ചെറിയുകയുമാണെങ്കിൽ, പിന്നെ നബി(സ)തിരുമേനി പറഞ്ഞത് പോലെ, അല്ലാഹു അങ്ങനെയുള്ളവർക്ക് ഒരു വിലയും കല്പിക്കുകയില്ല. സ്വർഗത്തിന് യോഗ്യനായിരിക്കെ ഈ അവഗണന കാരണം അത്തരം മനുഷ്യർക്ക് സ്വർഗം നഷ്ടപ്പെട്ട് പോകുന്നതാണ്. അതുകൊണ്ട് ഒരു സത്യവിശ്വാസിയുടെ ജോലിയെന്നത് ഈ കാര്യങ്ങളെ എപ്പോഴും മുന്നിൽ വെക്കുകയെന്നതാണ്; അതായത്, തന്റെ കച്ചവടവും തന്റെ ജോലിയുമെല്ലാം അല്ലാഹുവിന്റെ കൃപകൊണ്ടുമാത്രമെ അനുഗ്രഹമുള്ളതാകുകയുള്ളു. അല്ലാഹുവിന്റെ കൃപകൊണ്ടാണ് അനുഗ്രഹമുണ്ടാകുന്നതെങ്കിൽ തനിക്ക് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് എന്തുകൊണ്ട് ആദ്യം ശ്രമിച്ചുകൂടാ. ഈ തത്ത്വം എല്ലാവരും മനസിലാക്കേണ്ട ആവശ്യമുണ്ട്. നാം ഇത് മനസിലാക്കുന്നതായാൽ ഒരു പക്ഷേ, നമ്മുടെ മസ്ജിദുകൾ റമളാനിൽ മാത്രമല്ല, മറിച്ച് എല്ലാ അഞ്ചുനേര നമസ്കാരങ്ങളിലും ജനനിബിഢമായി തീരുന്നതാണ്. ജുമുഅ നമസ്കാരങ്ങളിലും അവ നിറഞ്ഞ് കവിയുന്നതായിരിക്കും. എന്നല്ല മസ്ജിദുകൾ ചെറുതായിത്തീരുന്നതാണ്. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനലക്ഷ്യം;അവിടന്ന് അല്ലാഹുവിന്റെ അടുത്തു മനുഷ്യരെ കൊണ്ടുവരുന്നതിനാണ് നിയോഗിതനായത്. നമ്മൾ നമ്മളെ അല്ലാഹുവിന്റെ അടുത്താക്കുക എന്നതാണ് നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യവും. അവനുമായി ബന്ധം കൂട്ടിച്ചേർക്കുക. അവന്റെ ശരിയായ ദാസരാകുക. നമ്മുടെ നമസ്കാരങ്ങളും നമ്മുടെ ജുമുആകളും നമ്മുടെ നോമ്പുകളും നമ്മുടെ പെരുന്നാളുകളും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും അവനെ കരസ്ഥമാക്കുന്നതിനും ആയിരിക്കണം. ഓരോ വർഷവും റമളാനിലെ നോമ്പും അല്ലാഹു ഇതിനാണ് നിശ്ചയിച്ചിട്ടുള്ളത്; അതായത് ഒരു മാസത്തിൽ പ്രത്യേകമായ ശ്രദ്ധയോടുകൂടി മുഅ്മിൻ തന്റെ നന്മയുടേയും ആരാധനയുടേയും നിലവാരം ഉയർത്തുക. പിന്നീട് അതിൽ നിലകൊള്ളുക. തുടർന്ന് വരുന്ന റമളാനിൽ അടുത്ത ചുവടു വെക്കുക. വീണ്ടും തിരിച്ച് ആദ്യത്തെ സ്ഥലത്തു വരിക എന്നതല്ല. റമളാനുശേഷം ആദ്യമുണ്ടായിരുന്ന അവസ്ഥയിലേക്ക് മടങ്ങുക എന്നതല്ല. നമ്മുടെ ഇന്ന് നമ്മുടെ ഇന്നലയെക്കാൾ മെച്ചപ്പെട്ടതല്ലെങ്കിൽ നമ്മൾ യഥാർഥ മുഅ്മിനീംകളല്ലെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോടു പറഞ്ഞത്. (മൽഫൂദാത്ത് വാല്യം 10, പേജ് 138)

അതുകൊണ്ട് ജുമുആയോടു വിടപറയുന്നതിന് വേണ്ടിയല്ല നമ്മൾ ഇന്ന് ഒരുമിച്ച് കൂടിയിരിക്കുന്നത്. മറിച്ച് നമ്മുടെ നന്മകളും നമ്മുടെ ആരാധനകളും അല്ലാഹുവിലുള്ള സ്നേഹവും വർധിപ്പിച്ച് ചുവടുകളെ ദൃഢപ്പെടുത്തുന്നതിനും അതിനുവേണ്ടി ദുആ ചെയ്യുന്നതിനും വേണ്ടിയാണ് നമ്മൾ ഇന്ന് ഒരുമിച്ച് കൂടിയിരിക്കുന്നത്. ഈ പ്രതിജ്ഞ നമ്മൾ ഇന്ന് ഏറ്റു പറയേണ്ടതാണ്. നമ്മൾ ഇനിമുതൽ അല്ലാഹുമായുള്ള ബന്ധത്തിൽ ഉയരണം. ഇൻശാ അല്ലാഹ്. ദൈവസമീപ്യത്തിന്റെ പ്രാധാന്യത്തിന്റെ ബോധമുണ്ടാകുമ്പോഴാണ്, ഈ പ്രതിജ്ഞയും ദുആയും നിറവേറ്റപ്പെടുമാറാകുന്നത്. ഇക്കാര്യത്തിന്റെ വിലയെ കുറിച്ച് അറിവുണ്ടെങ്കിൽ അല്ലാഹുവിനെ യഥാർഥത്തിൽ സകല ശക്തിയുടെയും ഉടമസ്ഥനായും അരുവിയായും എല്ലാ ജോലികളെയും അതിന്റെ ഉത്തമ പര്യവസാനത്തിൽ എത്തിക്കുന്ന മാർഗമായും മനസിലാക്കുക.

എന്നാൽ, കളിതമാശകൾക്കും ഭൗതികമായ വാണിജ്യ ഇടപാടുകൾക്കും നല്കുന്ന വില, അല്ലാഹുവിനു കൊടുക്കുന്ന വിലയെക്കാൾ അധികമാണെങ്കിൽ രത്നക്കല്ലുകളുടെ വില അറിയാത്ത കുട്ടികളുടെ അവസ്ഥയായിരിക്കും. അവർക്കെവിടെ നിന്നെങ്കിലും രത്നക്കല്ലുകൾ ലഭിച്ചാൽ അവ പളുങ്കുകൊണ്ടുള്ള ഗോലികളായി മനസ്സിലാക്കുകയും അതുകൊണ്ട് ഗോലി കളിക്കാൻ(വട്ടുകളിക്കാൻ) തുടങ്ങുകയും ചെയ്യുന്നു.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ) ഒരു സംഭവം വിവരിക്കുകയുണ്ടായി. പറയുന്നു, ഹജ്ജ് യാത്രയിൽ ബോംബെയിൽ കപ്പൽ കാത്തു നില്ക്കുകയായിരുന്നുവെന്നാണ് തോന്നുന്നത്. അക്കാലത്ത് കപ്പൽയാത്രയാണുണ്ടായിരുന്നത്. അവിടന്ന് പറയുന്നു, ഒരു സ്നേഹിതൻ എന്നോടു പറഞ്ഞു, കുറച്ചു ദിവസമായി ഒരാൾ രത്നങ്ങൾ വില്ക്കുന്ന മാർക്കറ്റിലൂടെ പോകുകയായിരുന്നു. അയാളുടെ രത്നക്കല്ലുകൾ വീണുപോയി. ഏകദേശം 105 രത്നക്കല്ലുണ്ടായിരുന്നു. അവയിൽ ചിലത് ചെറുതും ചിലത് വലുതമായിരുന്നു. അയാൾ പോലീസിന്റെ കേന്ദ്രഓഫീസിൽ വിവരമറിയിച്ചു. അവർ എല്ലാ പോലീസു സ്റ്റേഷനുകളിലും അത് ശ്രദ്ധിക്കാനും അന്വേഷിക്കാനുമുള്ള നിർദേശം നല്കി. കുറച്ചു ദിവസങ്ങൾക്കുശേഷം ഒരാൾ രത്നങ്ങളുമായി പോലീസ് സ്റ്റേഷനിൽ വന്നു. ചില കുട്ടികൾ ഇതുകൊണ്ട് കളിക്കുന്നതു താൻ കണ്ടുവെന്ന് പറഞ്ഞു. ഒരു കുട്ടിയോടു ചോദിച്ചപ്പോൾ അവൻ പറഞ്ഞു, ഞാൻ ധരിച്ചത് അത് പളുങ്കിന്റെ ഗോലികളാണെന്നാണ്. കടലാസിൽ പൊതിഞ്ഞ നിലയിലാണ് കിട്ടിയത്. എന്തായാലും ആ കുട്ടി അത് നിലത്തു കിടക്കുന്നത് കണ്ടു; അത് ഗോലികളാണെന്ന് മനസ്സിലാക്കി. അതുകൊണ്ട് ഗോലി കളിക്കാൻ തുടങ്ങി. ബാക്കിയുള്ള ഗോലികൾ എവിടെയാണെന്ന് അവനോടു ചോദിച്ചപ്പോൾ താനത് മഹല്ലിലെ മറ്റു കുട്ടികൾക്ക് വീതിച്ചുകൊടുത്തു എന്നു പറഞ്ഞു. വാസ്തവത്തിൽ അത് ലക്ഷക്കണക്കിന് രൂപയുടെ രത്നക്കല്ലുകളായിരുന്നു. എന്നാൽ, ആ കുട്ടികൾ അതിന്റെ വിലയെന്തറിയാനാണ്. അവർ പളുങ്കിന്റെ ഗോലികൾപോലെ അതുകൊണ്ട് കളിക്കാൻ തുടങ്ങി. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തുടർന്നെഴുതി: അവന്റെ പിതാവിനാണ് അതുകിട്ടിയതെങ്കിൽ ഒരുപക്ഷേ, ഒളിപ്പിച്ചുവെക്കുമായിരുന്നു. നഗരംവിട്ട് മറ്റെവിടെയെങ്കിലും പോകാനും സാധ്യതയുണ്ട്. മറ്റേതെങ്കിലും പട്ടണത്തിൽപോയി അതു വില്ക്കുമായിരുന്നു. എന്നാൽ, കുട്ടികളുടെ ദൃഷ്ടിയിൽ അവയ്ക്കൊരു വിലയുമില്ലായിരുന്നു. അവർ അവ പളുങ്കിന്റെ ഗോലികളാണെന്ന് കരുതി. മറ്റു കുട്ടികൾക്ക് വിതരണം ചെയ്തു നടന്നു. അവന് മിഠായിയാണ് കിട്ടിയിരുന്നെങ്കിൽ ഇത്ര സന്തോഷത്തോടെ ഒരുപക്ഷേ, അവൻ അത് വിതരണം ചെയ്യുമായിരുന്നില്ല. ഈ രത്നക്കല്ല് മറ്റു കുട്ടികൾ ചോദിച്ചിട്ടുണ്ടായിരുന്നെങ്കിൽ തന്റെ കൈയിൽ 105 രത്നക്കല്ലുണ്ടെന്ന് അവൻ പറഞ്ഞെന്നിരിക്കും. അതെല്ലാം താനെന്തു ചെയ്യാനാണ് നിങ്ങളും കുറച്ചു കൊണ്ടുപോകൂ എന്ന് പറഞ്ഞിട്ടുണ്ടാകും. പക്ഷേ, അവന് മധുരമുള്ള മിഠായി ലഭിച്ചിരുന്നെങ്കിൽ ഇത്ര സന്തോഷത്തോടെ ഒരിക്കലും അവൻ വിതരണം ചെയ്യുമായിരുന്നില്ല; തനിക്കുതന്നെ തിന്നണമെന്നായിരിക്കും പറയുക. അവന്റെ പക്കൽ മിഠായിക്കാണ് കൂടുതൽ വില. കൂടുതൽ പ്രയോജനപ്പെടുന്ന വസ്തു! രത്നക്കല്ലുകൾക്ക് അവന്റെ പക്കൽ അത്ര വിലയില്ലായിരുന്നു.

ഇപ്രകാരംതന്നെ മറ്റൊരു കഥ അവിടന്ന് പറഞ്ഞു: ഒരാൾ കാട്ടിലൂടെ പോകുകയായിരുന്നു. അയാളുടെ ഭക്ഷണം തീർന്നുപോയി. വിശപ്പുകൊണ്ട് അയാൾ വലഞ്ഞു. മുന്നോട്ടുള്ള ജീവിതം പ്രതിസന്ധിയിലായി. വഴിയിൽ കിടന്ന ഒരു സഞ്ചി അയാൾക്കു കിട്ടി. പുഴുങ്ങിയ കടലയോ മറ്റെന്തെങ്കിലും ഭക്ഷ്യവസ്തുവോ ആയിരിക്കുമെന്ന് കരുതി അയാൾ അതെടുത്തു. വെപ്രാളത്തോടെ അയാൾ അത് കത്തികൊണ്ട് മുറിച്ചപ്പോൾ മുത്താണ് അതെന്ന് അയാൾക്കു മനസ്സിലായി. അയാൾ നിന്ദാദൃഷ്ടിയോടെ അത് വലിച്ചെറിഞ്ഞു. ആ നേരത്ത് അയാളുടെ ദൃഷ്ടിയിൽ മുത്തിനെ അപേക്ഷിച്ച് ഒരു പിടി ധാന്യമോ ഒരുപിടി റൊട്ടിക്കഷണമോ ആയിരുന്നു വിലപിടിച്ചത്. അതിനാൽ വസ്തുക്കളുടെ വില അതിന്റെ ആവശ്യകതയുടെയും അറിവിന്റെയും അടിസ്ഥാനത്തിലാണ് നിർണയിക്കപ്പെടുന്നത്. ചിലയാളുകൾ തങ്ങളുടെ ചിന്തയും ആവശ്യവുമനുസരിച്ചാണ് പ്രാധാന്യം നല്കുന്നത്. ചെറിയ വസ്തുക്കൾ അന്വേഷിച്ച് പുറപ്പെടുന്നു, വളരെ പ്രധാനപ്പെട്ട കാര്യങ്ങളും വസ്തുകളും അവഗണിച്ചു കളയുന്നു.'(ഖുത്ബാത്തെ മഹ്മൂദ് വാല്യം 20, പേജ് 494–495, 3–11–1939, ജുമുഅ ഖുത്ബ)

ഇക്കാര്യം ഭൗതികാഗ്രഹങ്ങൾ പൂർത്തിയാകുന്നതിലും അല്ലാഹുവുമായുള്ള ബന്ധത്തിന്നെതിരിലും നമുക്ക് കാണാൻ കഴിയിന്നു. ലോകത്തിലെ ഒരുപാടാളുകൾ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവരാണ്. തങ്ങളുടെ ദുആകൾക്ക് കൊടുക്കുന്ന മുൻഗണനയിലും മിക്ക ആളുകളിലും ഇക്കാര്യങ്ങൾ കാണാം. ശരിയായ ജ്ഞാനമില്ലാത്തതിനാൽ അല്ലെങ്കിൽ അറിവില്ലായ്മമൂലം പ്രാധാനപ്പെട്ട കാര്യങ്ങൾ മനുഷ്യൻ പിന്നോട്ടു മാറ്റിവെക്കുന്നു. പ്രാധാന്യം കുറഞ്ഞ കാര്യങ്ങൾ മനുഷ്യൻ വളരെ വിലമതിപ്പുള്ള കാര്യമായി മനസിലാക്കുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ദുആകൾക്ക് മുൻഗണന നല്കുന്നത് ഉദ്ധരിച്ച് വളരെ ഉത്തമമായ പോയന്റാണ് വിവരിച്ചത്. അദ്ദേഹത്തിന്റെ പോയന്റ് വിവരിക്കുന്നതിനു മുമ്പേ ഞാനും വിവരിക്കട്ടെ. എന്നോടും ആളുകൾ ദുആയെ സംബന്ധിച്ച് ചോദിക്കാറുണ്ട്; ഞങ്ങൾ ദുആ ചെയ്യാറുണ്ട്. വളരെ ആവേശത്തോടെ ദുആ ചെയ്യാറുണ്ട്. പക്ഷേ, സ്വീകരിക്കപ്പെടുന്നില്ല. ഞാൻ പലപ്പോഴും അവർക്ക് ഈ ആയത്ത് അനുസരിച്ച് മറുപടി കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെ വിശദീകരണം ഞാൻ റമളാനിലെ ആദ്യത്തെ ഖുത്ബയിലും നല്കിയിരുന്നു. അവിടെ താൻ തന്റെ ദാസരുടെ സമീപസ്ഥനാണെന്നും അവരുടെ ദുആകൾ കേൾക്കുന്നുവെന്നുമാണ് അല്ലാഹു പറയുന്നത്. അല്ലാഹു പറയുന്നു:

أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي
وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ ആയത്തിനെ ഉദ്ധരിച്ച് കൊണ്ടു പറയുന്നു: ഇവിടെ **ദഅ്വത്ത ദ്ദാഇ** എന്നതിൽ വിളിച്ചുപ്രാർഥിക്കുന്ന എല്ലാവരുമല്ല ഉദ്ദേശ്യം. മറിച്ച് പ്രത്യേകമായ നിലയിൽ വിളിക്കുന്നവരാണ്. പകൽ അല്ലാഹുവിനുവേണ്ടി നോമ്പ് അനുഷ്ഠിക്കുകയും ഫർള് നമസ്കാരങ്ങൾ നിർവഹിക്കുകയും, ദൈവിക

സ്മരണയിൽ മുഴുകുകയും നമസ്കാരങ്ങളും ജുമുഅകളും സംരക്ഷിക്കുകയും ചെയ്യുന്നവരാണവർ. രാത്രിയിൽ ഗതിമുട്ടിയവനെപോലെ അല്ലാഹുവിനെ വിളിക്കുകയും ചെയ്യുന്നു. അദ്ദാഅ് എന്നതിന് വിളിക്കുന്ന എല്ലാവരും എന്നും അർഥമുണ്ടെങ്കിലും ഇവിടെ തന്റെ ആരാധനകൾ അല്ലാഹുവിന് വേണ്ടി പ്രത്യേകപ്പെടുത്തുന്നവൻ എന്നാണ് ഉദ്ദേശ്യം. പിന്നീട് ഈ ആരാധനകൾ റമളാനിൽ മാത്രമായി പരിമിതപ്പെടുത്തുകയില്ല. മറിച്ച് അവന്റെ ആരാധനകൾ, മുഴുവൻ വർഷത്തെയും വലയം ചെയ്യുന്നു. അവർ ഭൗതികാഗ്രഹങ്ങൾക്കുവേണ്ടി ദുആ ചെയ്യുകയില്ല. മറിച്ച് അല്ലാഹുവിനെ ചോദിച്ച് കൊണ്ടാണ് ദുആ ചെയ്യുക. അല്ലാഹു പറയുന്നു: സകലതും വിസ്മരിച്ചുകൊണ്ട് എന്റെ സാമീപ്യം മാത്രം ചോദിച്ച് ദുആ ചെയ്യുന്നവരുടെ ദുആ തീർച്ചയായും ഞാൻ കേൾക്കുന്നതാണ്. ഇതേ 'അദ്ദായി'യുടെ നിർവചനം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിരിക്കുന്നു. അതിന്റെ അർഥമിതാണ്, അല്ലാഹു പറയുന്നു, എന്നെ കരസ്ഥമാക്കുന്നതിന് ശ്രമിക്കുന്നു. അല്ലാഹു *വ ഇദാ സഅലക്ക ഇബാദീ അന്നീ* എന്നു പറഞ്ഞു. അതായത് എന്നെ കുറിച്ച് ചോദിക്കുന്നു. ഞാൻ എവിടെയാണെന്ന്! എന്നെ പ്രാപിക്കാൻ ആഗ്രഹിക്കുന്നു. ഭക്ഷണം ചോദിക്കുന്നില്ല. തൊഴിൽ ചോദിക്കുന്നില്ല. മറ്റെന്തെങ്കിലും ഭൗതികമായ ആഗ്രഹങ്ങൾ ചോദിക്കുന്നില്ല. അല്ലാഹു എവിടെയാണെന്നാണ് അവർ ചോദിക്കുന്നത്. തങ്ങൾ അല്ലാഹുവിനെ കണ്ടുമുട്ടാനാഗ്രഹിക്കുന്നു. അപ്പോൾ അല്ലാഹു പറയുന്നു, അവർ എന്നെ കണ്ടുമുട്ടുന്നതിന് അസ്വസ്ഥരായി കഴിയുന്നവരാണ്, ഞാൻ അവരെ തീർച്ചയായും കണ്ടുമുട്ടുന്നതാണ്. തൊഴിലും ഭക്ഷണവും സമ്പത്തും ബന്ധവും ചോദിക്കുമ്പോൾ താൻ തീർച്ചയായും കേൾക്കുന്നുവെന്ന് പറഞ്ഞില്ല. പൊതുവെ കാണുന്നതും ഇതുതന്നെയാണ്. ഇക്കാര്യങ്ങൾ ചോദിക്കുന്നവർ പറയുന്നു, ഞങ്ങൾ വളരെ വ്യകുലതയോടുകൂടി ദുആ ചെയ്തെങ്കിലും അത് സ്വീകരിക്കപ്പെട്ടില്ല. ഇക്കാര്യങ്ങൾ ചോദിക്കുന്നവർ താൽക്കാലികമായി ആരാധനകൾ നടത്തുന്നവരായിരിക്കും. അവർക്ക് എന്തെങ്കിലും കാര്യം സാധിക്കേണ്ടത് അനിവാര്യമായി വരുമ്പോഴായിരിക്കും തങ്ങളുടെ ആരാധനകളിലും നമസ്കാരങ്ങളിലും ദുആകളിലും പ്രത്യേകം ശ്രദ്ധിക്കുക. അവരുടെ വിഷമാവസ്ഥ താൽക്കാലികമായിരിക്കും. തങ്ങൾ ഈ രീതിയിൽ ഹൃദയമുരുകി ദുആ ചെയ്തു, അല്ലാഹു കേട്ടില്ല എന്ന് ചിലയാളുകൾ എഴുതാറുണ്ട്. നിങ്ങളുടെ എല്ലാ ഭൗതികാഗ്രഹങ്ങളും സാധിച്ചു തരുമെന്നോ, ദുആകൾ കേൾക്കുമെന്നോ അല്ലാഹു പറഞ്ഞിട്ടില്ല. എന്നാൽ, പരിശുദ്ധ മാറ്റം ഉണ്ടാക്കിക്കൊണ്ട് അല്ലാഹുവിനെ ലഭിക്കുന്നതിനും കണ്ടുമുട്ടുന്നതിനും വ്യാകുലതപ്പെട്ട് ദുആ ചെയ്യുന്നപക്ഷം അല്ലാഹു പറയുന്നു: ഞാൻ നിങ്ങളുടെ ദുആ തീർച്ചയായും കേൾക്കുന്നതാണ്. തന്റെ വൊലിയുടെ സുഹൃത്തായിക്കൊണ്ട് താൻ അവന്റെയൊപ്പം നിൽക്കുന്നതാണെന്നും അവന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നതാണെന്നും അവന്റെ ശത്രുക്കളോട് പൊരുതുന്നതാണെന്നും അല്ലാഹു പറയുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ചില വിഷയങ്ങൾ വാക്കുകൾകൊണ്ട് പ്രകടമാകുകയില്ല. പ്രത്യുത വാക്യങ്ങളിൽ മറഞ്ഞിരിപ്പുണ്ടാകും. ഇതേ അവസ്ഥയാണ് ഇവിടെ. ഇവിടെ വിളിക്കുന്നവർ (അദ്ദായി)എന്നതുകൊണ്ടുള്ള ഉദ്ദേശ്യം വിളിക്കുന്ന എല്ലാവരുമല്ല. പ്രത്യുത അല്ലാഹുവിനെ വിളിക്കുന്നവരാണ്. അല്ലാഹു പറയുന്നു, എന്റെ ദാസർ എന്നിലേക്ക് ഓടുമ്പോൾ അവരുടെ ഉള്ളിൽ ഒരു ഗതിമുട്ടിയ അവസ്ഥയും പ്രേമവും ഉടലെടുക്കുന്നു. എന്റെ ദൈവം എവിടെ എന്നു പറഞ്ഞ് അവൻ നിലവിളിക്കുന്നു. അപ്പോൾ അങ്ങനെയുള്ളവനോടു പറയുക, ഞാൻ വിളിക്കുന്നവരുടെ വിളിയെ നിഷേധിക്കാറില്ല. തീർച്ചയായും അവരുടെ ദുആ കേൾക്കുന്നു.'(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 20, പേജ് 500–501, ഖുത്ബ ജുമുഅ 3–11–1939).

ഭൗതികമായ കാര്യങ്ങൾക്കുവേണ്ടി ആളുകൾ ദുആ ചെയ്യുന്നു. അതു സ്വീകരിക്കപ്പെടാതെ വരുമ്പോൾ അവർ അല്ലാഹുവിനെ തൊട്ട് നിരാശരാകുന്നു. ഞാൻ വിവരിച്ചതുപോലെ. ഉദാഹരണത്തിന് ജോലി അന്വേഷിക്കുന്നവൻ, ഒരുപാട് അപേക്ഷകൾ നല്കുന്നവരുണ്ട്. ഒരാളെ അപേക്ഷിച്ച് ഇതരൻ കൂടുതൽ യോഗ്യനായിരിക്കും. അവന് ജോലി കിട്ടും. താൻ വളരെ വിഷമത്തോടെ ദുആ ചെയ്തു എന്നാരെങ്കിലും പറഞ്ഞാൽ, ഇതരൻ അതിനെക്കാളേറെ വിഷമത്തോടെ ദുആ ചെയ്തിട്ടുണ്ടാകും. അക്കാരണത്താലായിരിക്കും അവന് ജോലി കിട്ടിയത്. ഇതുപോലെതന്നെ മറ്റു ഭൗതിക കാര്യങ്ങളുണ്ട്. ഭൗതികമായ കാര്യങ്ങൾ പരിമിതമായിരിക്കും. ജോലി ഒഴിവ് ഒന്നേ ഉണ്ടാകുകയുള്ളു, അല്ലെങ്കിൽ രണ്ടേ ഉണ്ടാകുകയുള്ളു. അല്ലെങ്കിൽ കുറച്ചുമാത്രമെ ഉണ്ടാകുകയുള്ളു. ഇതുപോലെ തന്നെയാണ് ലോകത്തിലെ മറ്റു കാര്യങ്ങളും. അവ പരിമിതമാണ്. ഒന്നോ രണ്ടോ അല്ലെങ്കിൽ കുറച്ചോ ആകാവുന്നതാണ്. പക്ഷേ, അല്ലാഹു അപരിമിതനാണ്. അവന് ഒരു പരിധിയുമില്ല. നമ്മൾ അല്ലാഹുവിനോടു അല്ലാഹുവിനെ ചോദിക്കുമ്പോൾ അത് എല്ലാവർക്കും കിട്ടാവുന്നതാണ്. നിബന്ധനയെന്താണ്, പൊറുതി മുട്ടുകയും അല്ലാഹുവിന്റെ കല്പനയനുസരിച്ച് നടക്കുകയും വേണം. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് നിങ്ങളും ഞാൻ പറയുന്നത് അംഗീകരിക്കുക എന്ന്. അല്ലാഹുവിന്റെ അത്യുന്നതവും അങ്ങേയറ്റം ഉയർന്നതുമായ സ്ഥാനത്തെ വിലമതിക്കുക. രത്നക്കല്ല് തിരിച്ചറിയുക, അതിനെ പളുങ്ക് കല്ലായി മനസ്സിലാക്കരുത്. ഇങ്ങനെയായൽ പിന്നെ അല്ലാഹുവിനെ കിട്ടുന്നു. അല്ലാഹുവിനെ കിട്ടുന്നവന്റെ കാൽക്കീഴിൽ ദുൻയാവിലെ എല്ലാ അനുഗ്രഹങ്ങളും എത്തിച്ചേരുന്നു. അല്ലാഹു പറഞ്ഞ എല്ലാ കാര്യങ്ങളും വിശ്വസിക്കുക എന്നത് മനുഷ്യന്റെ ജോലിയാണ്. വർഷത്തിലെ ഒരു മാസം മാത്രം ഇബാദത്തിന് മതിയായതായി മനസ്സിലാക്കരുത്. റമളാനിലെ അവസാനത്തെ ജുമുഅ മാത്രമാണ് സ്വീകരണത്തിനുള്ള മാർഗമെന്ന് കരുതരുത്. അല്ലാഹുവിൽ പൂർണമായും നമ്മൾ തവക്കുൽ ചെയ്യുക. ഒരിക്കലും അല്ലാഹുവിനോടു നന്ദികേട് കാണിക്കരുത്. എന്നാൽ, യഥാർഥത്തിൽ സന്മാർഗം പ്രാപിച്ചവരിൽ നമ്മൾ ഉൾപെടുന്നതാണ്. അവരെ കുറിച്ചാണ് അല്ലാഹു പറഞ്ഞത് അവരുടെ സുഹൃത്തും വൊലിയും അല്ലാഹുവാണെന്ന്. അവരുടെ എല്ലാ ആവശ്യങ്ങളും അല്ലാഹു നിറവേറ്റിക്കൊടുക്കുന്നു. ഇതുതന്നെയാണ് അല്ലാഹുവിന്റെ വാഗ്ദാനം.

അതിനാൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച സ്ഥിതിക്ക്, നമ്മൾ നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാകുന്നു. ഏതൊരു നിലവാരത്തിലാണ് ഈ റമളാനിൽ നമ്മൾ എത്തി നിൽക്കുന്നത് അല്ലെങ്കിൽ എത്തുന്നതിന് പരിശ്രമം നടത്തിയത്, അതിൽ നിന്ന് താഴേക്ക് സ്വയം വീഴ്ത്താതിരിക്കുക. സ്വന്തം നമസ്കാരങ്ങളുടെ നിലവാരങ്ങളെയും ഉയർത്തിക്കൊണ്ടിരിക്കുക. ജുമുആകളിലെ സ്വന്തം ഹാജർനിലയും വർധിപ്പിക്കുക. അല്ലാഹുവിന്റെ കല്പനകളെ അംഗീകരിക്കുക. പ്രത്യേകമായ നിലയിൽ അല്ലാഹുവിനോട്, അല്ലാഹുവിനെ ചോദിക്കുന്നവരുടെ ഗണത്തിൽ ഉൾപ്പെടുന്നതിന് എപ്പോഴും പരിശ്രമം നടത്തിക്കൊണ്ടിരിക്കുക. അതായത് അല്ലാഹുവിനെ ലഭിക്കുന്ന തരത്തിലുള്ള ദുആകൾ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുക. നമ്മുടെ നമസ്കാരങ്ങൾ അല്ലാഹുവിനെ ദർശനയോഗ്യമാകും വിധം നിർവഹിക്കുക. അല്ലാഹു നമുക്ക് ഈ നിലവാരം കരസ്ഥമാക്കുന്നതിന് തൗഫീഖ് നല്കി അനുഗ്രഹിക്കുമാറാകട്ടെ.

(പേജ് 1ൽനിന്ന്)

പറ്റാത്ത രഹസ്യമായ കാര്യമാണെന്ന് വരുത്തിവച്ചിരിക്കുന്നു. ഇതുനെതിരിൽ വിശുദ്ധ ഖുർആന്റെ അധ്യാപനമെന്താണെന്നാൽ *ഇന്ന ഫീ ഖൽഖി സ്സമാവാത്തി വൽഅർളി വഖ്തിലാഫില്ലയ്‌ലി വന്നഹാരി ല ആയാത്തില്ലിവുലിൽ അൽബാബില്ലദീന യദ്കുറൂനല്ലാഹ്*(3:191–192) ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് അല്ലാഹുവിനെ കുറിച്ചുള്ള വ്യക്തമായ അറിയിപ്പ് നല്കുന്നു. അവനിലേക്കാണ് ഇസ്‌ലാംമതം ക്ഷണിക്കുന്നത്. ഈ ആയത്തിൽ ബുദ്ധിമാൻ തന്റെ ബുദ്ധിയോടുകൂടി പ്രവർത്തിക്കാൻ എത്രവ്യക്തമായ കല്പനയണുള്ളത്." (മൽഫൂദാത്ത് വാല്യം 1, പേജ് 51–52, 2018 ഖാദിയാൻ പതിപ്പ്)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**


**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**


**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

# ഖുത്‌ബ ജുമുഅ

“സയ്ദേ! നീ എന്റെ സുഹൃത്താണ്. എന്നിൽനിന്നാണ്. എന്റെ ഭാഗത്തുനിന്നാണ്.
എല്ലാവരെക്കാളും നീ എനിക്കു പ്രിയപ്പെട്ടവനാണ്.”

“യാ റസൂലല്ലാഹ്!ഞാൻ അങ്ങയുടെമേൽ ആർക്കും മുൻഗണന നല്കുകയില്ല.”

‘ഞാൻ അങ്ങയിൽ ദർശിച്ച സ്നേഹവും വാത്സല്യവും കാരണത്താൽ
അങ്ങ് എനിക്ക് ഏറ്റവും കൂടുതൽ പ്രിയങ്കരനായിരിക്കുന്നു.’

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത
സ്വഹാബിമാരായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ്, ഹദ്റത്ത് ആഖിൽ ബിൻ ബുകയ്ർ,
ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ (റളിയല്ലാഹു അൻഹും വർളൂ അൻഹു) എന്നിവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം

ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഖദീജ(റ)ന് നബി(സ)തിരുമേനിയോടുള്ള അതിരറ്റ സ്നേഹത്തിന്റേയും
നബി(സ)തിരുമേനിയുടെ മഹത്തായ ധാർമികതയുടേയും ചർച്ചയും റജീഅ് സംഭവവും

ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്റിൽ അസീസ്

ഖുത്‌ബ 2019 ജൂൺ 07/1398 ഇഹ്സാൻ 07 മസ്ജിദ്
മുബാറക് ഇസ്‌ലാമാബാദ്(ടെൽഫോർഡ്, സർറെ)യു.കെ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ്:** ഇന്നു മുതൽ വീണ്ടും ബദ്‌രീ സ്വഹാബാക്കളുടെ സ്മരണ തുടങ്ങുന്നതായിരിക്കും. ഇന്ന് വിവരിക്കുന്ന സ്വഹാബാക്കളിൽ ആദ്യത്തെ പേര്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ് എന്നാണ്. അല്ലാമ സുഹ്‌രി പറയുന്നു: ‘ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ് ളഫ്‌രീ(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഉർവ(റ)അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് ബിൻ ത്വാരിഖ് ബലവി എന്നെഴുതിയിരിക്കുന്നു. അദ്ദേഹം അൻസ്വാറിന്റെ സഖ്യകക്ഷിയായിരുന്നു. ചിലർ പറഞ്ഞിരിക്കുന്നത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ് ബലവി, ബനൂളഫ്ർ ഗേത്രത്തിന്റെ സഖ്യകക്ഷിയായിരുന്നുവെന്നാണ്. ഇബ്നു ഹിശാം പറഞ്ഞതനുസരിച്ച് അദ്ദേഹം ബലിയ ഗോത്രത്തിൽനിന്നുള്ള ആളായിരുന്നു.ബനു അബ്ദ് ബിൻ രിസാമിഹ് ഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നു. ഹദ്റത്ത് മുഅത്തിബ് ബിൻ ഉബയ്ദ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ്(റ)ന്റെ മാതാവിന്റെ ഭാഗത്തു നിന്നുള്ള സഹോദരനായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ്(റ)ന്റെ മാതാവ് ഉദ്റഹ് ഗോത്രത്തിന്റെ ശാഖയായ കാഹിൽ ഗോത്രത്തിൽനിന്നുള്ളവരായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖും ഹദ്റത്ത് മുഅത്തിബ് ബിൻ ഉബയ്ദും ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. റജീഅ് സംഭവ ദിവസം രണ്ടു സഹോദരന്മാർക്കും ശഹാദത്ത് വരിക്കാൻ ഭാഗ്യമുണ്ടായി. നബി(സ)തിരുമേനി ഹിജ്റ 3-ാം വർഷത്തിന്റെ അവസാനത്തിൽ അളൽ, ഖാറ ഗോത്രത്തിലെ ചില ആളുകളുടെ അടുക്കൽ അയച്ച ആറു സ്വഹാബിമാരിൽ-ചില നിവേദനങ്ങളനുസരിച്ച് പത്ത്, അതിൽ ബുഖാരിയുടെ നിവേദനവുമുണ്ട്- പെട്ടയാളായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ്(റ); അവർക്ക് ദീനിന്റെ അറിവ് നല്കുന്നതിനും വിശുദ്ധ ഖുർആന്റേയും ശരീഅത്തിന്റേയും അധ്യാപനങ്ങൾ പഠിപ്പിക്കുന്നതിനും വേണ്ടിയാണ് ഇവരെ അയച്ചത്. അങ്ങനെ ഇവർ റജീഅ് എന്ന സ്ഥലത്തെത്തിയപ്പോൾ-ഹുദയ്ൽ ഗോത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഹിജാസിലെ ഒരു അരുവിയാണത്-ഹുദയ്ൽ ഗോത്രത്തിലെ ആളുകൾ അതിക്രമം കാണിച്ചുകൊണ്ട് ആ സ്വഹാബാക്കളെ വളഞ്ഞു. ധിക്കാരം കാണിച്ചുകൊണ്ട് അവരോടു യുദ്ധം ചെയ്തു. അവരിൽ ഏഴു സ്വഹാബിമാരുടെ പേര് ഇപ്രകാരമാണ്:

ഹദ്റത്ത് ആസിം ബിൻ ഥാബിത്(റ), ഹദ്റത്ത് മർഥദ് ബിൻ അബൂ മർഥദ്(റ), ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യ്(റ), ഹദ്റത്ത് ഖാലിദ് ബിൻ ബുകയ്ർ(റ), ഹദ്റത്ത് സയ്ദ് ബിൻ ദഥിന(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ്(റ), ഹദ്റത്ത് മുഅത്തിബ് ബിൻ ഉബയ്ദ്(റ). ഇവരിൽ ഹദ്റത്ത് മർഥദ്, ഹദ്റത്ത് ഖാലിദ്, ഹദ്റത്ത് ആസിം, ഹദ്റത്ത് മുഅത്തിബ് ബിൻ ഉബയ്ദ് എന്നിവർ അവിടെ വെച്ചുതന്നെ ശഹീദായി.

ഹദ്റത്ത് ഖുബയ്ബ്(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ്(റ), ഹദ്റത്ത് സയ്ദ് എന്നിവർ ആയുധം താഴെവെച്ചപ്പോൾ അവിശ്വാസികൾ അവരെ തടവിലാക്കി. മക്കയിലേക്ക് കൊണ്ടുപോകാൻ തുടങ്ങി. അങ്ങനെ അവർ മക്കയിൽനിന്ന് 5 മൈൽ ദൂരത്ത് സ്ഥിതി ചെയ്യുന്ന ളഹ്റാൻ എന്ന സ്ഥലത്തെത്തിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ്(റ) കൈയിലെ കെട്ടഴിച്ച് തന്റെ വാൾ കൈക്കലാക്കി. ഈ ദൃശ്യം കണ്ട്, ശത്രുക്കൾ അദ്ദേഹത്തെ വിട്ട് പിന്നിലേക്ക് മാറി. അദ്ദേഹത്തെ കല്ലെറിയാൻ തുടങ്ങി. അങ്ങനെ അദ്ദേഹം ശഹീദാക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഖബ്ർ ളഹ്റാൻ എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. റജീഅ് സംഭവം ഹിജ്റത്ത് കഴിഞ്ഞ് 36-ാം മാസത്തിൽ സഫ്ർ മാസത്തിലാണ് നടന്നത്.(സീറത്ത് ഇബ്നുഹിശാം, പേജ് 464, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2001)(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 347, അബ്ദുല്ലാഹാ ബിൻ ത്വാരിഖ്, വഅഖൂഹു മുഅത്തിബ് ബിൻ ഉബയ്ദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 3, പേജ് 284-285, അബ്ദുല്ലാഹാ ബിൻ ത്വാരിഖ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ്, ഹദീഥ് 3045)(മുഅ്ജമുൽ ബുൽദാൻ, വാള്യം 4, പേജ് 247, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത്)

ഹദ്റത്ത് ഹസ്സാൻ(റ)തന്റെ കവിതകളിൽ ഈ സ്വഹാബിമാരെ കുറിച്ച് പറയുന്നു:

*വബ്നുദ്ദഥിനത്തി വബ്നുത്വാരിഖിൻ മിൻഹും*
*വഫാഹു ഥുമ്മ ഹിമാമുഹുൽ മക്തൂബു*

*പിന്നെ ഈ കവിതയുടെ ആദ്യത്തെ വരിയാണ്:*

*സല്ലൽഇലാഹു അലല്ലദീന തത്താബഊ*
*യൗമർറജീഇ ഫ ഉക്‌രിമൂ വ ഉഥീബൂ*

ആദ്യ വരിയുടെ അർഥം ഇപ്രകാരമാണ്: ഹദ്റത്ത് ഇബ്നു ദഥിനയും ഹദ്റത്ത് ഇബ്നുത്വാരിഖും മരണം വന്നണഞ്ഞവരിൽ പെട്ടവരായിരുന്നു; അവിടെ അത് അവർക്കുവേണ്ടി വിധിക്കപ്പെട്ടതായിരുന്നു.

പിന്നെ അദ്ദേഹത്തിന്റെ കവിതയുടെ ആദ്യ വചനത്തിൽ അദ്ദേഹം പറയുന്നു, ആരാധ്യനായ അല്ലാഹു റജീഅ് യുദ്ധ ദിവസം ഒന്നിനുപിറകെ ഒന്നായി ശഹീദായ അവരിൽ കരുണ ചൊരിഞ്ഞു. അവർക്ക് ആദരവ് പ്രദാനം ചെയ്യപ്പെട്ടു, അവർക്ക് പ്രതിഫലം നല്കപ്പെട്ടു.(അൽഇസ്തീആബ് വാള്യം 3, പേജ് 928-929, അബ്ദുല്ലാബ് ബിൻ ത്വാരിഖ്, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

റജീഅ് സംഭവത്തെ സംബന്ധിച്ച് കുറച്ചു സ്വഹാബാക്കളുടെ സംഭവങ്ങളിൽ മുമ്പേയും വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. കുറച്ചു ഇവിടേയും വിവരിച്ചിരിക്കുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിശദീകരിച്ചെഴുതിയിട്ടുള്ളതിന്റെ സംഗ്രഹം വിവരിക്കുകയാണ്:

“നബി(സ) തിരുമേനിക്ക് നാലുഭാഗത്തുനിന്നും സത്യനിഷേധികളുടെ ആക്രമണത്തേയും അവരുടെ ഗൂഢപദ്ധതിയേയും കുറിച്ച് ഭയാനകമായ വിവരങ്ങൾ വന്നുകൊണ്ടിരുന്നു. ഉഹുദു യുദ്ധം കാരണത്താൽ സത്യനിഷേധികൾ കൂടുതൽ തന്റേടികളായി മാറി. അഹങ്കാരികളുമായി. അവരിൽനിന്ന് വളരെയധികം ഭീഷണി അനുഭവപ്പെട്ടുകൊണ്ടിരുന്നു. ഇതിനാൽ നബി(സ) തിരുമേനി ഹിജറ നാലാം വർഷത്തിൽ ഇസ്‌ലാമിക മാസമായ സഫ്റിൽ തന്റെ 10 സ്വഹാബിമാരുടെ ഒരു സംഘം തയ്യാറാക്കി. ആസിം ബിൻ ഥാബിത്തിനെ അതിന്റെ അമീറായി നിശ്ചയിച്ചു. രഹസ്യമായി മക്കയുടെ സമീപത്തുപോയി ഖുറയ്ശികളുടെ അവസ്ഥയെന്താണെന്നും തീരുമാനം എന്താണെന്നും അറിഞ്ഞ് വരുന്ന

തിന് അവർക്ക് കല്പനയും നല്കി. ഈ സംഘം പുറപ്പെടുന്നതിന് മുമ്പേതന്നെ അളൽ, ഖാറ ഗോത്രത്തിലെ കുറച്ചാളുകൾ നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജറായി പറഞ്ഞു: ഞങ്ങളുടെ ഗോത്രങ്ങളിൽ ഒരുപാട് പേർ ഇസ്‌ലാമിലേക്ക് ആകൃഷ്ടരായിരിക്കുന്നു. അതുകൊണ്ട് ഞങ്ങളെ ഇസ്‌ലാമിനെ കുറിച്ച് പഠിപ്പിക്കുന്നതിനും അങ്ങനെ ഞങ്ങൾ മുസ്‌ലിമാകുന്നതിനും വേണ്ടി, ഞങ്ങളോടൊപ്പം കുറച്ച് ആളുകളെ അയച്ച് തരിക. നബി(സ)തിരുമേനി മക്കയിൽനിന്ന് വിവരം ശേഖരിച്ചു വരുന്നതിന് തയ്യാറാക്കിയ ഈ സംഘത്തെ മക്കയിലേക്ക് അയക്കാതെ ഇവരോടൊപ്പം അയച്ചു. എന്നാൽ, പിന്നീട് ഇവർ പറഞ്ഞത് കളവാണെന്ന് മനസിലായി. ഇവർ ബനൂലഹ്‌യാനിന്റെ പ്രകോപനത്താൽ, അവർ പറഞ്ഞിട്ട് മദീനയിൽ വന്നതായിരുന്നു. ഇവർ തങ്ങളുടെ നേതാവായ സുഫിയാൻ ബിൻ ഖാലിദിന്റെ വധത്തിന് പ്രതികാരം ചെയ്യുന്നതിന് നടത്തിയ ഒരു ഗൂഢതന്ത്രമായിരുന്നു അത്. മേൽ കാരണം പറഞ്ഞ് കുറച്ച് മുസ്‌ലിമീംകളെ മദീനക്ക് പുറത്ത് കൊണ്ടുവരികയും അവരെ ആക്രമിക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. ബനൂ ലഹ്‌യാൻ ഈ പ്രവൃത്തിക്ക് പ്രതിഫലം എന്ന നിലയിൽ അളൽ, ഖാറ എന്നീ ഗോത്രത്തിലെ ആളുകൾക്ക് ഒരുപാട് ഒട്ടകങ്ങൾ സമ്മാനമായി നല്കാൻ നിശ്ചയിച്ചിരുന്നു. അളൽ, ഖാറ എന്നീ ഗോത്രത്തിലെ വഞ്ചകരായ ആളുകൾ ഉസ്ഫാനും മക്കയ്ക്കുമിടയിൽ എത്തിചേർന്നപ്പോൾ, മുസ്‌ലിമീംകൾ തങ്ങളോടൊപ്പം വരുന്നുണ്ടെന്നും പ്രതികാരം ചെയ്യാൻ വരികയെന്നും ബനൂ ലഹ്‌യാന് രഹസ്യമായി സന്ദേശം അയച്ചു. അങ്ങനെ ബനൂ ലഹ്‌യാന്റെ നൂറ് വില്ലാളിവീരന്മാർ ഉൾക്കൊള്ളുന്ന 200 ചെറുപ്പക്കാർ മുസ്‌ലിമീംകളെ പിന്തുടർന്ന് പുറപ്പെട്ടു. അതായത് ഇവരുടെ അറിയിപ്പുകിട്ടി പുറപ്പെട്ടു. റജീഅ് എന്ന സ്ഥലത്ത് അവർ പരസ്പരം ഏറ്റുമുട്ടുകയും ചെയ്തു.

മുസ്‌ലിമീംകൾ പത്തു പേരാണുണ്ടായിരുന്നത്. ചില നിവേദനങ്ങളിൽ ഏഴെന്നും പറയുന്നുണ്ട്. അവർക്കെങ്ങനെയാണ് പൂർണമായും സായുധരായ 200 പട്ടാളക്കാരെ, 200 സത്യനിഷേധികളെ നേരിടാൻ കഴിയുക. പക്ഷേ, മുസ്‌ലിമീംകൾ! അല്ലാഹുവിന്റെ കൃപയാൽ ആ മുസ്‌ലിമീംകളിൽ വിശ്വാസപരമായ ആവേശമുണ്ടായിരുന്നു. ആയുധങ്ങൾവച്ചു കീഴടങ്ങുക എന്നത് അവരുടെ പ്രകൃതിയിലുണ്ടായിരുന്നില്ല. അടുത്തൊരു കുന്നിൻ മുകളിലേക്ക് കയറുന്നതാണ് യുക്തി എന്ന് മനസ്സിലാക്കിയ സ്വഹാബാക്കൾ ക്ഷണത്തിൽ അവിടേക്ക് മാറി. അങ്ങനെ യുദ്ധത്തിന് തയ്യാറെടുത്തു. അവിശ്വാസികളെ സംബന്ധിച്ചിടത്തോളം വഞ്ചന കാണിക്കുകയെന്നത് അവർക്കൊരു കുറ്റമായിരുന്നില്ല. അതുകൊണ്ട് അവർ ഉച്ചത്തിൽ വിളിച്ച് പറഞ്ഞു: നിങ്ങൾ മലമുകളിൽനിന്ന് ഇറങ്ങി വരിക. ഞങ്ങൾ നിങ്ങളെ വധിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നു. ആസിം അതിന് മറുപടി നല്കി കൊണ്ട് പറഞ്ഞു: ഞങ്ങൾക്ക് നിങ്ങളുടെ പ്രതിജ്ഞയിലും വാഗ്ദാനത്തിലും ഒരു വിശ്വാസവുമില്ല. നിങ്ങളുടെ വാക്കുകേട്ട് ഞങ്ങൾ ഇറങ്ങി വരുന്നവരുമല്ല. പിന്നെ ആസിം ആകാശത്തേക്ക് മുഖമുയർത്തിക്കൊണ്ട് പറഞ്ഞു: 'ഞങ്ങളുടെ നാഥാ! നീ ഞങ്ങളുടെ അവസ്ഥ കാണുന്നവനാകുന്നു. നിന്റെ റസൂലിന് ഞങ്ങളുടെ അവസ്ഥയെ കുറിച്ച് വിവരം നല്കിയാലും.' അങ്ങനെ ആസിമും അദ്ദേഹത്തിന്റെ കൂട്ടാളികളും പോരാടി. അവസാനം പൊരുതി ശഹീദായി. ഏഴ് സ്വഹാബത്ത് വധിക്കപ്പെട്ടു. പിന്നെ ഖുബയ്ബ് ബിൻ അദിയ്യും, സയ്ദ് ബിൻ ദഥിനയും, അബ്ദുല്ലാഹ് ബിൻ ത്വാരിഖും മാത്രം അവശേഷിച്ചു. അവിശ്വാസികളുടെ യഥാർഥ ഉദ്ദേശ്യം, ഇവരെ ജീവനോടെ പിടികൂടുകയെന്നതായിരുന്നു. 'ഇനിയെങ്കിലും താഴേക്ക് ഇറങ്ങി വരിക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഏല്പ്പിക്കുകയില്ലെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു' എന്ന് അവർ ഉറക്കെ വിളിച്ചു പറഞ്ഞു. തദവസരത്തിൽ അവർ ഇവരുടെ വാക്കുകളിൽ വിശ്വാസം അർപ്പിച്ച് താഴേക്ക് ഇറങ്ങി. എന്നാൽ, താഴെ എത്തിയ ഉടൻ അവിശ്വാസികൾ ഇവരെ പിടികൂടുകയും വില്ലിന്റെ ചരടുകൊണ്ട് അവരെ ബന്ധിക്കുകയും ചെയ്തു. ഇത് നിങ്ങളുടെ വഞ്ചനയെന്നും ഇനി അങ്ങോട്ട് എന്താണ് നിങ്ങൾ ചെയ്യുന്നതെന്ന് അറിയില്ലെന്നും അവർ വിളിച്ച് പറഞ്ഞ് കൊണ്ടിരുന്നു. അബ്ദുല്ലാഹ് അവരോടൊപ്പം പോകാൻ കൂട്ടാക്കിയില്ല. അപ്പോൾ അവിശ്വാസികൾ കുറച്ച് ദൂരത്തേയ്ക്ക് അബ്ദുല്ലായെ വലിച്ചിഴച്ചു കൊണ്ടുപോയി അദ്ദേഹത്തെ അവിടെ കൊന്നുതള്ളി.(അബ്ദുല്ലാഹ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അബ്ദുല്ലാഹ് ബിൻ ത്വാരിഖാണ്) ഒരു നിവേദനത്തിൽ വരുന്നത്, അബ്ദുല്ലാഹ് ബിൻ ത്വാരിഖ് സ്വന്തം കൈകളിലെ കെട്ടഴിച്ച് ഏറ്റുമുട്ടാൻ തയ്യാറായി. അവർ കല്ലെറിഞ്ഞ് അദ്ദേഹത്തെ ശഹീദാക്കുകയും ഖുബയ്ബിനെയും സയ്ദിനെയുംകൊണ്ട് മക്കയിലേക്ക് അവർ പുറപ്പെടുകയും ചെയ്തുവെന്നാണ്. എന്തായാലും അവർ അദ്ദേഹത്തെ ശഹീദാക്കുകയും അവിടെ തള്ളുകയും ചെയ്തു. അവരുടെ പ്രതികാരം പൂർത്തിയായി കഴിഞ്ഞിരുന്നു. ഖുറയ്ശികളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി പണത്തോടുള്ള അത്യാഗ്രഹത്താൽ ഖുബയ്ബിനേയും സയ്ദിനേയും കൂട്ടി മക്കയിലേക്ക് പുറപ്പെട്ടു. അവിടെ എത്തി ഖുറയ്ശികൾക്ക് അവരെ വിറ്റു. ഖുബയ്ബിനെ ഹാരിഥ് ബിൻ ആമിർ ബിൻ നൗഫലിന്റെ പുത്രന്മാരാണ് വാങ്ങിയത്. കാരണം ഖുബയ്ബ് ബദ്ർ യുദ്ധത്തിൽ ഹാരിഥിനെ വധിച്ചിരുന്നു. സയ്ദിനെ സ്വഫ്‌വാൻബിൻ ഉമയ്യയായും വാങ്ങി.

ഈ ഖുബയ്ബിനെ കുറിച്ച് ഇങ്ങനെയും നിവേദനമുണ്ട്. ഇദ്ദേഹം തടവറയിലായിരുന്നപ്പോൾ ഏതൊരു വീട്ടിലായിരുന്നുവോ അദ്ദേഹം ഉണ്ടായിരുന്നത് അവിടുത്തെ സത്യനിഷേധിയുടെ ഒരു കുട്ടി കളിച്ച് കളിച്ച് അദ്ദേഹത്തിന്റെ അടുക്കൽ വന്നു. ഖുബയ്ബ് കുട്ടിയെ തന്റെ മടിയിലിരുത്തി. അപ്പോൾ ആ കുട്ടിയുടെ മാതാവ് വളരെ പരിഭ്രമിച്ചു. അപ്പോൾ ഹദ്റത്ത് ഖുബയ്ബ് അവരോടു പറഞ്ഞു: പരിഭ്രമിക്കണ്ട. അവനെ ഞാൻ ഒന്നും പറയുകയില്ല. വാസ്തവത്തിൽ ആ നേരത്ത് അദ്ദേഹത്തിന്റെ കൈയിൽ ആയുധമുണ്ടായിരുന്നു. അക്കാരണത്താലാണ് അവർ ഭയന്നത്. എന്തായാലും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ത്വാരിഖ് റജീഅ് സംഭവത്തിൽ ശഹീദായി. അദ്ദേഹം അവിശ്വാസികളോടൊപ്പം പോകുവാൻ തയ്യാറായില്ല. അവിടെവച്ച് പൊരുതി ശഹീദാവുകയായിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 513–515)

**ഹദ്റത്ത് ആഖിൽ ബിൻ ബുകയ്ർ:** രണ്ടാമത് വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ആഖിൽ ബിൻ ബുകയ്ർ എന്നാണ്. ഹദ്റത്ത് ആഖിലിന്റെ ബന്ധം ബനൂ സഅ്ദ് ബിൻ ലയ്ഥ് ഗോത്രവുമായാണ്. (സീറത്ത് ഇബ്നു ഹിശാം പേജ് 462–463, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഹദ്റത്ത് ആഖിലിന്റെ ആദ്യത്തെ പേര് ഗാഫിൽ എന്നായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ പേര് ആഖിൽ എന്നുവെച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ചരിത്രഗ്രന്ഥങ്ങളിലും ജീവിതചരിത്രങ്ങളിലും അധികവും വന്നിട്ടുള്ളത് ബുകയ്ർ എന്നാണ്. എന്നാൽ, ചില ഗ്രന്ഥങ്ങളിൽ അബൂബുകയ്ർ എന്നും എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പിതാവ് ബുകയ്ർ ജാഹിലിയ കാലഘട്ടത്തിൽ ഹദ്റത്ത് ഉമറിന്റെ പ്രപിതാവ് നുഫയ്ൽ ബിൻ അബ്ദുൽ ഉസ്സായുടെ സഖ്യകക്ഷിയായിരുന്നു. ഇപ്രകാരം ബുകയ്റും അദ്ദേഹത്തിന്റെ എല്ലാ മക്കളും ബനൂ നുഫയ്‌ലിന്റെ സഖ്യകക്ഷിയായിരുന്നു. ഹദ്റത്ത് ആഖിൽ, ഹദ്റത്ത് ആമിർ, ഹദ്റത്ത് ഇയാസ്, ഹദ്റത്ത് ഖാലിദ് എന്നീ നാല് സഹോദരന്മാരും ബുകയ്റിന്റെ മക്കളായിരുന്നു. ഇവർ ഒരുമിച്ചാണ് ദാറുഅർഖമിൽ ഇസ്‌ലാം സ്വീകരിച്ചത്. ദാറുൽ അർഖമിൽവച്ച് ഇസ്‌ലാം സ്വീകരിച്ചവരുടെ പ്രഥമ ശ്രേണിയിൽ ഇവർ എല്ലാവരും ഉൾപ്പെടുന്നു. ഹദ്റത്ത് ആഖിൽ, ഹദ്റത്ത് ആമിർ, ഹദ്റത്ത് ഇയാസ്, ഹദ്റത്ത് ഖാലിദ് എന്നിവർ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ എല്ലാ കുടുംബാംഗങ്ങളെയും കൂടെ കൂട്ടിയാണ് യാത്രയായത്. മക്കയിലെ അവരുടെ വീടുകളിൽ ആരും ബാക്കി ഉണ്ടായില്ല. ഏതുവരെയെന്നാൽ അവരുടെ വാതിലുകൾ പൂട്ടിയിടപ്പെട്ടു. അവരെല്ലാവരും മദീനയിൽ ഹദ്റത്ത് രിഫാഅ ബിൻ അബ്ദുൽ മുൻദിറിന്റെ വീട്ടിൽ താമസിച്ചു. നബി(സ)തിരുമേനി ഹദ്റത്ത് ആഖിലിനേയും ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദുൽ മുൻദിറിനേയും സഹോദരന്മാരാക്കി. ഹദ്റത്ത് ആഖിൽ ബദ്ർ യുദ്ധദിവസം 34–ാം വയസ്സിൽ ശഹീദായി. അദ്ദേഹത്തെ മാലിക് ബിൻ സുഹയ്ർ ജുശ്മിയാണ് ശഹീദാക്കിയത്. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 208, ആഖിൽ ബിൻ അബീ ബുകയ്ർ, പ്രസാധകർ ദാറുഅഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996). (ഉസുദുൽ ഗാബ, വാള്യം 3, പേജ് 113, ആഖിൽ ബിൻ അബീ ബുകയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).(അൽ ഇസ്വാബ വാള്യം 3, പേജ് 466, ആഖിൽ ബിൻ അബീ ബുകയ്ർ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005).

ഇബ്നു ഇസ്ഹാഖ് പറയുന്നു: ഹദ്റത്ത് ഇയാസും അദ്ദേഹത്തിന്റെ സഹോദരന്മാരായ ഹദ്റത്ത് ആഖിൽ, ഹദ്റത്ത് ഖാലിദ്, ഹദ്റത്ത് ആമിർ എന്നിവരെക്കൂടാതെ മറ്റേതെങ്കിലും നാല് സഹോദരന്മാർ ബദ്ർ യുദ്ധത്തിൽ ഒരുമിച്ച് പങ്കെടുത്തതായി ഞങ്ങൾക്ക് അറിയില്ല.(അൽ ഇസ്വാബ വാള്യം 1, പേജ് 310, ഇയാസ് ബിൻ അൽ ബുകയ്ർ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005).

സയ്ദ് ബിൻ അസ്‌ലം നിവേദനം ചെയ്യുന്നു: അബൂ ബുകയ്റിന്റെ മക്കൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങളുടെ സഹോദരിയുടെ നിക്കാഹ് ഇന്ന വ്യക്തിയുമായി നടത്തി തന്നാലും. നബി(സ)തിരുമേനി പറഞ്ഞു: ബിലാലിനെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്? അവർക്ക് ഹദ്റത്ത് ബിലാലിനെ തൃപ്തിയായില്ല. അതിനാൽ അവർ തിരിച്ചു പോയി. രണ്ടാമത് അവർ വീണ്ടും നബി(സ)തിരുമേനിയുടെ സന്നിധിയിൽ വന്നു. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങളുടെ സഹോദരിയുടെ നിക്കാഹ് ഇന്ന വ്യക്തിയുമായി നടത്തി തന്നാലും. നബി(സ) തിരുമേനി പറഞ്ഞു: ബിലാലിനെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്? അപ്പോൾ അവർ വീണ്ടും തിരിച്ചുപോയി. ശേഷം മൂന്നാം തവണയും അവർ നബി(സ)തിരുമേനിയുടെ സമീപത്ത് വന്നു. എന്നിട്ട് പറഞ്ഞു: ഞങ്ങളുടെ സഹോദരിയുടെ നിക്കാഹ് ഇന്ന വ്യക്തിയുമായി നടത്തി തന്നാലും. നബി(സ)തിരുമേ

നി പറഞ്ഞു: ബിലാലിനെ കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? കൂടുതലായി അവിടന്ന് ഇതും പറഞ്ഞു: സ്വർഗവാസിയായ ഒരു വ്യക്തിയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്? അതിൽ അവർ ഹദ്റത്ത് ബിലാലുമായി തങ്ങളുടെ സഹോദരിയുടെ നിക്കാഹ് നടത്തി.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 126, ബിലാൽ ബിൻ റബാഹ് പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996).

**ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ:** അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ എന്നാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹാരിഥ ബിൻ ശറാഹീലെന്നും ഹാരിഥ ബിൻ ശുറഹ്ബീലെന്നും വിവരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് സുഅ്ദാ ബിൻത് ഥഅ്ലബ എന്നായിരുന്നു. ഹദ്റത്ത് സയ്ദിന്റെ ബന്ധം ബനൂ ഖുളാഅ ഗോത്രവുമായിട്ടായിരുന്നു. അത് യമനിലെ ആദരണീയമായ ഗോത്രമായിരുന്നു. ഹദ്റത്ത് സയ്ദ് നന്നെ ചെറുതായിരുന്നപ്പോൾ അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തെയും കൂട്ടി തന്റെ മാതൃഗൃഹത്തിലേക്ക് പോയി. അതിലൂടെ ബുനൂഖയ്നിന്റെ യാത്രാവാഹനങ്ങൾ കടന്നുപോകുകയായിരുന്നു. യാത്രക്കിടയിൽ താവളമടിച്ചപ്പോൾ അവർ കൂടാരത്തിന്റെ അടുത്തുനിന്ന് കുട്ടിയായിരുന്ന സയ്ദിനെ എടുക്കുകയും അടിമയാക്കി ഉക്കാളിന്റെ ചന്തയിൽ ഹക്കീം ബിൻ ഹസാമിന് 400 ദർഹമിന് വില്ക്കുകയും ചെയ്തു. ഹക്കീം ബിൻ ഹസാം തന്റെ പിതൃസഹോദരി ഹദ്റത്ത് ഖദീജ ബിൻത് ഖുവയ്‌ലിദിന്റെ സന്നിധിയിൽ ഹദ്റത്ത് സയ്ദിനെ സമർപ്പിക്കുകയും ചെയ്തു. പിന്നീട് ഹദ്റത്ത് ഖദീജ(റ) തന്റെ എല്ലാ അടിമകളോടൊപ്പം ഹദ്റത്ത് സയ്ദിനെയും നബി(സ)തിരുമേനിയെ ഏല്പിച്ചു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 188, ദിക്റുൽ ഇസ്‌ലാം സയ്ദൻ ഥാനിയൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001) (സയ്റുസ്സഹാബ, വാള്യം 2, പേജ് 165, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ(റ), പ്രസാധകർ ദാറു ഇശാഅത്ത് കറാച്ചി)

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് സയ്ദിനെ വാങ്ങി മക്കയിൽ കൊണ്ടുവന്നപ്പോൾ അദ്ദേഹത്തിന് വെറും എട്ടു വയസായിരുന്നു.(ഉംദത്തിൽ ഖാരി ശറഹ് സഹീഹുൽ ബുഖാരി, കിതാബുൽജനാഇസ്, വാള്യം 8, പേജ് 94, പ്രസാധകർ ദാറുൽ ഫിക്ർ ബേറൂത്ത്)

ഹദ്റത്ത് സയ്ദ് നഷ്ടപ്പെട്ടതിൽ അദ്ദേഹത്തിന്റെ പിതാവ് ഹാരിഥയ്ക്ക് വലിയ ദുഃഖമുണ്ടായി. കുറച്ച് കാലങ്ങൾക്കുശേഷം ബനൂ കൽബിലെ ആളുകൾ ഹജ്ജിന് വേണ്ടി മക്കയിലെത്തി. അവർ ഹദ്റത്ത് സയ്ദിനെ തിരിച്ചറിഞ്ഞു. ഹദ്റത്ത് സയ്ദ് അവരോട് 'താൻ കഅ്ബ മന്ദിരത്തിനടുത്ത് ബനൂ മഅ്ദന്റെ ഒരു ഉന്നത കുടുംബത്തിലാണ് താമസിക്കുന്നതെന്നും അതുകൊണ്ട് വ്യസനിക്കേണ്ടതില്ലെന്നും ഈ വിവരം തന്റെ കുടുംബത്തോട് പറയണമെന്നും പറഞ്ഞു.' ബനൂ കൽബിലെ ആളുകൾ അദ്ദേഹത്തിന്റെ പിതാവിന്റെ അടുക്കൽച്ചെന്ന് വിവരങ്ങൾ ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: കഅ്ബയുടെ നാഥനെക്കൊണ്ട് സത്യം! നിങ്ങൾ കണ്ടത് എന്റെ മകനെ തന്നെയാണോ? ആളുകൾ അടയാളങ്ങളും വിശദീകരണവും കേൾപ്പിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് ഹാരിഥയും പിതൃവ്യൻ കഅ്ബും മക്കയിലേക്ക് പുറപ്പെട്ടു. മക്കയിൽ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. ഫിദ്‌യ വാങ്ങി തന്റെ മകൻ അതായത് ഹദ്റത്ത് സയ്ദിനെ മോചിപ്പിക്കണമെന്ന് അപേക്ഷിച്ചു. നബി(സ) തിരുമേനി ഹദ്റത്ത് സയ്ദിനെ വിളിച്ച് അഭിപ്രായം ചോദിച്ചു. ഹദ്റത്ത് സയ്ദ് തന്റെ പിതാവിന്റെയും പിതൃവ്യന്റെയും കൂടെ പോകാൻ വിസമ്മതിച്ചു.(സയ്റുസ്സഹാബ വാള്യം 2, പേജ് 165 –168, സയ്ദ് ബിൻ ഹാരിഥ, പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി)

ഈ സംഭവത്തിന്റെ വിശദീകരണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നത് ഇപ്രകാരമാണ്: നബി(സ)തിരുമേനി, ഹദ്റത്ത് ഖദീജ(റ)യെ വിവാഹം കഴിച്ചപ്പോൾ താൻ സമ്പന്നയാണെന്നും ഇദ്ദേഹം നിർധനനാണെന്നും അവർ മനസ്സിലാക്കി. എന്നല്ല അദ്ദേഹത്തിന് എന്തെങ്കിലും ആവശ്യം വരുമ്പോൾ തന്നോടു ചോദിക്കേണ്ടിവരും. അത് ഒരുപക്ഷേ, അദ്ദേഹത്തിന് അസഹ്യമായിരിക്കും. അപ്പോൾ പിന്നെ എങ്ങനെയാണ് ജീവിക്കാൻ കഴിയുക. ഹദ്റത്ത് ഖദീജ(റ) വലിയ ബുദ്ധിമതിയായിരുന്നു. അവർ വളരെ സമർഥയും കാര്യങ്ങൾ മനസ്സിലാക്കുന്നവരുമായിരുന്നു. മുഴുവൻ സമ്പത്തും അദ്ദേഹത്തെ ഏല്പിക്കുകയാണെങ്കിൽ ഈ സമ്പത്ത് ഭാര്യ തനിക്കു തന്നതാണെന്ന വിചാരം അദ്ദേഹത്തിന് ഉണ്ടാകുകയില്ലെന്ന് അവർ വിചാരിച്ചു. എന്നല്ല അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം അദ്ദേഹത്തിന് ചെലവഴിക്കുകയും ചെയ്യാം. അങ്ങനെ വിവാഹം കഴിഞ്ഞ് അല്പം നാളുകളെ കഴിഞ്ഞുള്ളു ഹദ്റത്ത് ഖദീജ(റ), നബി(സ)തിരുമേനിയോടു പറഞ്ഞു: ഞാൻ ഒരു പദ്ധതി അവതരിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ അത് അവതരിപ്പിക്കാം. അതെന്ത് പദ്ധതിയാണെന്ന് അവിടന്ന് ചോദിച്ചു. ഹദ്റത്ത് ഖദീജ(റ) പറഞ്ഞു: എന്റെ എല്ലാ സമ്പത്തും എന്റെ എല്ലാ അടിമകളേയും അങ്ങയുടെ സന്നിധിയിൽ സമർപിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇതെല്ലാം അങ്ങയുടെ സ്വത്താകണം. അങ്ങ് ഇത് സ്വീകരിക്കുകയാണെങ്കിൽ അതെന്റെ സന്തോഷവും സൗഭാഗ്യവുമായിരിക്കും. ഈ പദ്ധതി അവിടന്ന് കേട്ടപ്പോൾ പറഞ്ഞു: ഖദീജാ! നീ ചിന്തിച്ചും ആലോചിച്ചുമാണോ ഈ തീരുമാനം എടുത്തത്? നീ എല്ലാ മുതലും എനിക്കു തന്നാൽ അതെന്റെ സ്വത്തായിമാറും. പിന്നെ നിനക്കൊന്നുമുണ്ടാകുകയില്ല. ഹദ്റത്ത് ഖദീജ(റ) പറഞ്ഞു: ഞാൻ വളരെ ചിന്തിച്ചുതന്നെയാണ് ഇത് പറഞ്ഞത്. സൗഖ്യത്തോടുകൂടി ജീവിക്കാനുള്ള മാർഗം ഇതുതന്നെയാണെന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: വീണ്ടും ചിന്തിക്കുക. ഹദ്റത്ത് ഖദീജ (റ) പറഞ്ഞു, ഞാൻ നല്ലവണ്ണം ചിന്തിച്ചു. നബി (സ)തിരുമേനി പറഞ്ഞു, ചിന്തിച്ചെങ്കിൽ മുഴുവൻ സമ്പത്തും എല്ലാ അടിമകളേയും എനിക്കു തരികയാണെങ്കിൽ എന്നെപ്പോലുള്ള ഒരു മനുഷ്യനെ എന്റെ അടിമ എന്നു പറയുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. ഞാൻ ഏറ്റവുമാദ്യം അടിമകളെ മോചിപ്പിക്കുന്നതാണ്. ഹദ്റത്ത് ഖദീജ(റ) പറഞ്ഞു, ഇതിപ്പോൾ അങ്ങയുടെ സ്വത്താണ്, താങ്കൾ ഇഷ്ടപ്പെടുന്നതുപോലെ ചെയ്തു കൊള്ളുക. നബി(സ)തിരുമേനി ഇതു കേട്ട് അങ്ങേയറ്റം സന്തോഷിച്ചു. അവിടന്ന് വെളിയിലിറങ്ങി. കഅ്ബ മന്ദിരത്തിലെത്തി. ഖദീജ തന്റെ എല്ലാ സ്വത്തും എല്ലാ അടിമകളും എനിക്കു തന്നിരിക്കുന്നുവെന്ന് വിളംബരം ചെയ്തു. ഞാൻ എല്ലാ അടിമകളേയും മോചിപ്പിക്കുകയാണ്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: ഇക്കാലത്ത് ആർക്കെങ്കിലും സ്വത്തുകിട്ടുകയാണെങ്കിൽ കാർ വാങ്ങാമെന്നും നല്ലൊരു വീടുണ്ടാക്കാമെന്നും യൂറോപ്പിൽ വിനോദയാത്ര ചെയ്യാമെന്നുമായിരിക്കും പറയുക. ഈയിടെ ഞാൻ കണ്ടിട്ടുണ്ട്, ചില കാര്യങ്ങൾ വരാറുണ്ട്, ഭാര്യ തന്റെ ഭർത്താവിന് സ്വത്തുകൊടുത്താൽത്തന്നെയും തന്റെ ആഗ്രഹങ്ങളൊക്കെ പൂർത്തിയാക്കുന്നതിനു പുറമെ ഭാര്യയോടുള്ള കടമ നിറവേറ്റുന്നതും ഭർത്താവ് നിഷേധിക്കുന്നു. തന്റെ കൈയിൽ പണമെല്ലാം വന്നു ഇപ്പോൾ ഭാര്യയെ അടിമയാക്കണമെന്നതിനുള്ള ശ്രമത്തിലാണ്. അപ്പോൾ ഭാര്യമാർ നിർബന്ധിതരായിത്തീരുന്നു. പക്ഷേ, നബി(സ) തിരുമേനിയുടെ സ്ഥാനമെന്തായിരുന്നു, ദീനിനുവേണ്ടി ധനം ചെലവഴിക്കണമെന്നും അല്ലാഹുവിനുവേണ്ടി ധനം ചെലവഴിക്കണമെ ന്നും അടിമയാക്കുന്ന സമ്പ്രദായം നിറുത്തണമെന്നുമായിരുന്നു നബി(സ)തിരുമേനിയുടെ ചിന്ത. എന്തായാലും നബി(സ)തിരുമേനിയുടെ ഉള്ളിലുണ്ടായിരുന്ന ആഗ്രഹം തന്നെപ്പോലുള്ള അല്ലാഹുവിന്റെ ദാസർ, ബുദ്ധിയും വിവേകവുമുള്ള മനുഷ്യർ അടിമകളായി എന്തിനിരിക്കണം എന്നതായിരുന്നു. അറേബ്യയുടെ അടിസ്ഥാനത്തിൽ മാത്രമല്ല മുഴുലോകത്തിന്റേയും അടിസ്ഥാനത്തിൽ ഇതൊരു അത്ഭുതകരമായ കാര്യമായിരുന്നു. എന്നിട്ടും ആ അത്ഭുതകരമായ കാര്യം അദ്ദേഹം വിളംബരം ചെയ്തു. ഇപ്രകാരം ധനം കിട്ടിയപ്പോൾ അസാധാരണമായ ധർമനിഷ്ഠയുടെ തെളിവ് അവിടന്ന് നല്കി.

'നബി(സ)തിരുമേനി അടിമകളെയെല്ലാം മോചിപ്പിക്കുന്നുവെന്ന് വിളംബരം ചെയ്തപ്പോൾ എല്ലാ അടിമകളും അദ്ദേഹത്തെ വിട്ട് പോയെങ്കിലും പിന്നീട് അദ്ദേഹത്തിന്റെ ദത്തുപുത്രൻ എന്നറിയപ്പെട്ട ഹദ്റത്ത് സയ്ദ് മാത്രം അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു: 'അങ്ങ് എന്നെ മോചിപ്പിച്ചു. എന്നാൽ, ഞാൻ മോചനം ആഗ്രഹിക്കുന്നില്ല. ഞാൻ അങ്ങയോടൊപ്പം താമസിക്കുന്നതാണ്.' എന്നാൽ, നീ സ്വതന്ത്രനാണെന്നും അതുകൊണ്ട് സ്വന്തം നാട്ടിലേക്ക് പോകണമെന്നും ബന്ധുക്കളെ കാണണമെന്നും അവിടന്ന് നിർബന്ധം ചെലുത്തി. പക്ഷേ, ഹദ്റത്ത് സയ്ദ് പറഞ്ഞു: 'ഞാൻ അങ്ങയിൽ ദർശിച്ച സ്നേഹവും വാത്സല്യവും കാരണത്താൽ അങ്ങ് എനിക്ക് ഏറ്റവും കൂടുതൽ പ്രിയങ്കരനായിരിക്കുന്നു.' സയ്ദ് ഒരു സമ്പന്ന കുടുംബത്തിലെ അംഗമായിരുന്നു. ചെറുപ്രായത്തിൽ കൊള്ളക്കാർ തട്ടിക്കൊണ്ട് പോകുകയും വില്ക്കപ്പെടുകയും ചെയ്തു. പിന്നെ കൈമാറി കൈ

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**"വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

മാറി ഹദ്റത്ത് ഖദീജയുടെ അടുത്തെത്തിയതായിരുന്നു. അദ്ദേഹത്തിന്റെ പിതാവും പിതൃവ്യനും അദ്ദേഹത്തെ അന്വേഷിച്ച് പുറപ്പെട്ടു. ആദ്യം റോമിലെത്തി. അവിടെ ചെന്നപ്പോൾ അദ്ദേഹം അറേബ്യയിലാണെന്നറിഞ്ഞു. അറേബ്യയിൽ വന്നപ്പോൾ മക്കയിലാണെന്ന് അറിഞ്ഞു. അവിടെ വന്നപ്പോൾ അറിഞ്ഞു, നബി(സ)തിരുമേനിയുടെ അടത്തുണ്ടെന്ന്. അങ്ങനെ അവർ നബി(സ)തിരുമേനിയുടെ അരികിലുമെത്തി. അവർ പറഞ്ഞു: 'അങ്ങയുടെ കുലീനതയും സഹാനുഭൂതിയും കേട്ടാണ് ഞങ്ങൾ അങ്ങയുടെ അടുത്ത് വന്നിരിക്കുന്നത്. അങ്ങയുടെ പക്കൽ ഞങ്ങളുടെ മകനുണ്ട്. അങ്ങ് ആവശ്യപ്പെടുന്നത് നല്കാൻ ഞങ്ങൾ തയ്യാറാണ്. അവനെ മോചിപ്പിച്ചാലും. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളുടെ മകൻ എന്റെ അടിമയല്ല. ഞാൻ അവനെ മോചിപ്പിച്ചതാണ്.' പിന്നീട് അവിടന്ന് സയ്ദിനെ വിളിച്ചു. എന്നിട്ട് പറഞ്ഞു: 'നിന്റെ പിതാവും പിതൃവ്യനും നിന്നെ തിരിച്ചുകൊണ്ടു പോകുന്നതിന് വന്നിരിക്കുന്നു. ഞാൻ നിന്നെ മോചിപ്പിച്ചതാണ്. നീ എന്റെ അടിമയുമല്ല. നിനക്ക് ഇവരോടൊപ്പം പോകാവുന്നതാണ്.' ഹദ്റത്ത് സയ്ദ് പറഞ്ഞു: 'അങ്ങ് എന്നെ മോചിപ്പിച്ചിരിക്കുന്നു. എന്നാൽ, ഞാൻ മോചിതനാകാൻ ആഗ്രഹിക്കുന്നില്ല. ഞാൻ എന്നെ അങ്ങയുടെ അടിമയായി മനസ്സിലാക്കുന്നു.' അവിടന്ന് വീണ്ടും പറഞ്ഞു: 'നിന്റെ മാതാവ് വലിയ ബുദ്ധിമുട്ടിലാണ്. നിന്റെ പിതാവും പിതൃവ്യനും എത്ര ദൂരത്ത് നിന്ന് എത്രമാത്രം ബുദ്ധിമുട്ട് സഹിച്ചാണ് നിന്നെ കൂട്ടിക്കൊണ്ട് പോകാൻ ഇവിടെ വന്നിരിക്കുന്നതെന്ന് നോക്കുക. അതുകൊണ്ട് നീ അവരോടൊപ്പം പോകുക.' സയ്ദിന്റെ പിതാവും പിതൃവ്യനും മനസിലാക്കി കൊടുക്കുവാൻ ശ്രമിച്ചു. എന്നാൽ, ഹദ്റത്ത് സയ്ദ് അവരോടൊപ്പം പോകാൻ വിസമ്മതിച്ചു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്റെ പിതാവും പിതൃവ്യനും തന്നെയാണ്. നിങ്ങൾക്ക് എന്നോട് വളരെ സ്നേഹവുമുണ്ട്. എന്നാൽ, ഏതൊരു ബന്ധമാണോ ഇദ്ദേഹവുമായി ഉണ്ടായിരിക്കുന്നത് അത് ഒരിക്കലുംതന്നെ മുറിഞ്ഞുപോകുന്നതല്ല. അദ്ദേഹത്തെ ഉപേക്ഷിച്ച് എനിക്ക് ജീവിക്കാനും സാധ്യമല്ല.' സയ്ദ് ഇക്കാര്യങ്ങൾ പറഞ്ഞപ്പോൾ നബി(സ)തിരുമേനി കഅ്ബ മന്ദിരത്തിലേക്ക് പോകുകയും ഇപ്രകാരം വിളംബരം ചെ യ്യുകയും ചെയ്തു: 'സയ്ദ് പ്രകടിപ്പിച്ച സ്നേഹവായ്പിനാൽ ഇന്ന് മുതൽ അവൻ എന്റെ മകനാകുന്നു.' അതിൽ സയ്ദിന്റെ പിതാവും പിതൃവ്യനും സന്തോഷിച്ചു. സന്തോഷത്തോടെ തിരിച്ച് പോകുകയും ചെയ്തു. കാരണം, അദ്ദേഹം അങ്ങേയറ്റം സുഖത്തോടും സമാധാനത്തോടും കൂടിയാണ് ജീവിക്കുന്നതെന്ന് അവർ കണ്ടു. ചുരുക്കത്തിൽ, സയ്ദ് ആത്മാർഥത പ്രകടിപ്പിച്ചപ്പോൾ നബി(സ)തിരുമേനി കാഴ്ച വെച്ച അസാധാരണമായ സഹാനുഭൂതി മുഹമ്മദ് റസൂലുല്ലാഹ്(സ)തിരുമേനിയുടെ ഉന്നത ധാർമിക ഗുണത്തിനുള്ള തെളിവാണ്." (തഫ്സീറെ കബീർ വാള്യം 10, പേജ് 334–335)

ഈ സംഭവത്തെ കുറിച്ച് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെയും എഴുതിയിരിക്കുന്നു: അദ്ദേഹത്തിന്റെ പിതാവും പിതൃവ്യനും അദ്ദേഹത്തെ കൊണ്ടുപോകാൻ വന്നപ്പോൾ നബി(സ)തിരുമേനി സയ്ദിനോടു പറഞ്ഞു, നിനക്ക് സന്തോഷത്തോടെ എന്നിൽനിന്ന് പൂർണ സമ്മതമുണ്ട്. സയ്ദ് പറഞ്ഞു: ഞാനൊരിക്കലും അങ്ങയെ വിട്ടു പോകുകയില്ല. അങ്ങ് എനിക്ക് എന്റെ പിതാവിനെക്കാളും പിതൃവ്യനെക്കാളും മീതെയാണ്. ഇവിടെ ഒരു പുതിയ കാര്യം എഴുതിയിരിക്കുന്നു. അപ്പോൾ സയ്ദിന്റെ പിതാവ് ദ്വേഷത്തോടെ പറഞ്ഞു, നീ സ്വാതന്ത്ര്യത്തിനു മേൽ അടിമത്വത്തിന് മുൻഗണന നല്കുന്നവോ? ഞങ്ങൾ നിന്നെ സ്വതന്ത്രനാക്കാനാണ് വന്നത്. കൊണ്ടുപോകാനാണ് വന്നത്. എന്നാൽ, ഞാൻ അടിമയായിരിക്കുമെന്ന് നീ പറയുന്നു. സയ്ദ് പറഞ്ഞു, 'കാരണം ഞാൻ അദ്ദേഹത്തിൽ പല സവിശേഷതകളും കണ്ടിരിക്കിന്നു. ഇനി അദ്ദേഹത്തിനുമേൽ ആർക്കും ശ്രേഷ്ഠത നല്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'

നബി(സ)തിരുമേനി സയ്ദിന്റെ ഈ മറുപടി കേട്ടപ്പോൾ ഉടനെ എഴുന്നേറ്റുനിന്നു. സയ്ദിനെ കഅ്ബ മന്ദിരത്തിൽകൊണ്ടുപോയി ഉറക്കെ പറഞ്ഞു, ജനങ്ങളേ! സാക്ഷിയായിരിക്കുക. ഇന്നു മുതൽ ഞാൻ സയ്ദിനെ സ്വതന്ത്രനാക്കുന്നു. അവനെ എന്റെ മകനാക്കുന്നു. സയ്ദ് ആദ്യമെ തന്നെ സ്വതന്ത്രനായിരുന്നു. പക്ഷേ, അവിടെ ജനങ്ങളുടെ മുമ്പിലും വിളംബരം ചെയ്തു. ഇവൻ എന്റെ അനന്തരാവകാശി യായിരിക്കും. അവിടന്ന് പറഞ്ഞു: ഇവൻ എന്റെ അനന്തരാവകാശിയായിരിക്കും. ഞാൻ അവന്റെയും അനന്തരാവകാശിയായിരിക്കും.' ആ വിളംബരം ചെയ്ത ദിവസം മുതൽ സയ്ദ് ബിൻ ഹാരിഥ എന്നതിനുപകരം സയ്ദിനെ സയ്ദ് ബിൻ മുഹമ്മദ് എന്ന് വിളിക്കാൻ തുടങ്ങി. എന്നാൽ, ഹിജ്റത്തിനുശേഷം ദത്തുപുത്രന് സ്വന്തം പേര് നല്കി വിളിക്കുന്നത് അനുവദനീയമല്ലെന്ന കല്പന അല്ലാഹുവിൽനിന്ന് ലഭിച്ചപ്പോൾ വീണ്ടും സയ്ദ് ബിൻ ഹാരിഥയെന്ന് വിളിച്ച് തുടങ്ങി. പക്ഷേ, നബി(സ)തിരുമേനിയ്ക്ക് തന്റെ ആത്മാർഥ സേവകനോട് ഉണ്ടായിരുന്ന പെരുമാറ്റത്തിനും സ്നേഹത്തിനും ഒരു വ്യത്യാസവും സംഭവിച്ചില്ലെന്ന് മാത്രമല്ല, അനുദിനം അത് വർധിച്ചുകൊണ്ടിരുന്നു. സയ്ദിന്റെ വഫാത്തിനുശേഷവും തന്റെ സേവകയായ ഉമ്മു അയ്മനിൽ സയ്ദിന് ജനിച്ച മകൻ ഉസാമ ബിൻ സയ്ദിനോടും നബി(സ)തിരുമേനി അതേ പെരുമാറ്റവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു.

സയ്ദിന്റെ പ്രത്യേകതകളിലെ ഒരു പ്രത്യേകത എല്ലാ സ്വഹാബാക്കളിലുംവച്ച് അദ്ദേഹത്തിന്റെ പേര് മാത്രമാണ് വിശുദ്ധ ഖുർആനിൽ വ്യക്തമായ നിലയിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതെന്നാണ്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ) പേജ് 110–111)

മറ്റൊരു നിവേദനത്തിൽ ഇങ്ങനേയുമുണ്ട്. ഹദ്റത്ത് സയ്ദിന്റെ മൂത്ത സഹോദരൻ ഹദ്റത്ത് ജബലയാണ് ഈ നിവേദനം ചെയ്യുന്നത്. അദ്ദേഹം പറയുന്നു: ഞാൻ നബി(സതിരുമേനിയുടെ സന്നിധിയിൽ ഹാജരായി, എന്റെ സഹോദരനെ എന്നോടൊപ്പം അയക്കാൻ അപേക്ഷിച്ചു. വീണ്ടും ഈ സംഭവം ഉണ്ടായിട്ടുണ്ടാകാം. നബി(സ)തിരുമേനി പറഞ്ഞു: ഇതാ നിന്റെ സഹോദരൻ നിന്റെ മുമ്പിലുണ്ട്. അവൻ പോരാനാഗ്രഹിക്കുന്നെങ്കിൽ ഞാൻ തടയുകയില്ല. അപ്പോൾ ഹദ്റത്ത് സയ്ദ് പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ അങ്ങയുടെമേൽ ആർക്കും മുൻഗണന നല്കുകയില്ല.' ഹദ്റത്ത് ജബല(റ) പറയുന്നു: പിന്നീട് ഞാൻ കണ്ടത് എന്റെ അഭിപ്രായത്തെക്കാൾ മെച്ചപ്പെട്ടത് എന്റെ സഹോദരന്റെ അഭിപ്രയമായിരുന്നതാണ്. (കൻസുൽ ഉമ്മാൽ, വാള്യം 13, പേജ് 397, ബാബു ഫളാഇലുൽ സ്വഹാബ, സയ്ദ് ബിൻ ഹാരിഥ, ഹദീഥ് 37065, പ്രസാധകർ മുഅസ്സസ്ത്തുർരിസാല ബേറൂത്ത് 1985)

അദ്ദേഹത്തിന്റെ സഹോദരനെ ഉദ്ധരിച്ച് ഒരു നിവേദനം ലഭിക്കുന്നുണ്ട്. ഹദ്റത്ത് ജബല(റ) പ്രായത്തിൽ ഹദ്റത്ത് സയ്ദിനെക്കാൾ വലുതായിരുന്നു. ഒരിക്കൽ അദ്ദേഹത്തോട് നിങ്ങളിൽ ആരാണ് വലുതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'സയ്ദ് എന്നെക്കാൾ വലുതാണ്. എന്നാൽ, ഞാൻ അദ്ദേഹത്തെക്കാൾ മുമ്പേ ജനിച്ചുവെന്ന് മാത്രം.' അദ്ദേഹം ഉദ്ദേശിച്ചത്, ഹദ്റത്ത് സയ്ദ് ഇസ്ലാം സ്വീകരിച്ചതിൽ മുൻകടന്നതിനാൽ ഇദ്ദേഹത്തെക്കാൾ ശ്രേഷ്ഠനായിരുന്നുവെന്നാണ്.(അർറൗളുൽ അൻഫ് ഫീ ശറഹി അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം വാള്യം 3, പേജ് 19, ഇസ്ലാം സയ്ദ്, ദാറുൽകുതുബുൽ ഹദീഥഃ)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) നിവേദനം. ഞങ്ങൾ നബി(സ)തിരുമേനി മോചിപ്പിച്ച സയ്ദ് ബിൻ ഹാരിഥയെ സയ്ദ് ബിൻ മുഹമ്മദ് എന്നു വിളിക്കാറുണ്ടായിരുന്നു. *ഉദ്ഊഹും ലിആബാഇഹിം ഹുവ അഖ്സത്വു ഇൻദല്ലാഹ്*(33:6)'അവരെ(ദത്തുപുത്രന്മാരെ)അവരുടെ പിതാക്കളോടു ചേർത്ത് വിളിക്കുക. അല്ലാഹുവിന്റെ പക്കൽ അതാണ് ഏറ്റവും നീതിയുക്തമായിട്ടുള്ളത്' എന്ന ആയത്തിറങ്ങുന്നതുവരെ. (സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീർ ബാബ് ഉദ്ഊഹും ലിആബാഇഹിം ഹുവ അഖ്സത്വു ഇൻദല്ലാഹ്, ഹദീഥ് 4782)

ഹദ്റത്ത് ബറാഅ്(റ)വിവരിക്കുന്നു: 'നബി(സ) തിരുമേനി ഹദ്റത്ത് സയ്ദിനോട് പറഞ്ഞു: 'നീ എന്റെ സഹോദരനും എന്റെ സുഹൃത്തുമാകുന്നു.'(സ്വഹീഹുൽ ബുഖാരി, വാള്യം 7, പേജ് 224, കിതാബുൽ ഫളാഇൽ അസ്ഹാബുന്നബിയ്യി(സ), ബാബ് മനാഖിബ് സയ്ദ് ബിൻ ഹാരിഥ, പ്രസാധകർ നഌാറത്ത് ഇശാഅത്ത്)

ഒരു നിവേദനത്തിൽ ഈ വാക്കുകളും ലഭിക്കുന്നുണ്ട്. *യാ സയ്ദു അൻത മൗലായ വ മിന്നീ വ ഇലയ്യ വ അഹബ്ബുന്നാസി ഇലയ്യ* സയ്ദേ! നീ എന്റെ സുഹൃത്താണ്. എന്നിൽനിന്നുമാണ്. എന്റെ ഭാഗത്തുനിന്നുമാണ്. എല്ലാവരെക്കാളും നീ എനിക്ക് പ്രിയപ്പെട്ടവനാണ്.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 2, പേജ് 497, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് ഇബ്നു ഉമർ(റ) വിവരിക്കുന്നു: ഹദ്റത്ത് ഉസാമ ബിൻ സയ്ദിന് എന്നെക്കാൾ കൂടുതൽ സ്റ്റൈഫന്റ് ഹദ്റത്ത് ഉമർ(റ) നിശ്ചയിച്ചു. ഇത് വിവരിക്കുന്നത് ഹദ്റത്ത് ഉമറിന്റെ മകനാണ്. സയ്ദിന്റെ മകനായിരുന്നു ഉസാമ. അദ്ദേഹത്തിന്റെ സ്റ്റൈഫന്റ് നിശ്ചയിച്ചത് എന്നെക്കാൾ കൂടുതലായിരുന്നു. അപ്പോൾ എന്താണ് അധികം നല്കുന്നതെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, നബി(സ) തിരുമേനിയ്ക്ക് നിന്നെക്കാൾ കൂടുതൽ സ്നേഹം ഉസാമയോടായിരുന്നു. നബി(സ)തിരുമേനിയ്ക്ക് എന്നെക്കാൾ കൂടുതൽ സ്നേഹം അവന്റെ പിതാവ് സയ്ദിനോടായിരുന്നു. ഹദ്റത്ത് ഉമർ(റ)തന്നെ കുറിച്ചാണ് തന്നെക്കാൾ കൂടുതൽ സ്നേഹം നബി(സ)തിരുമേനിക്ക് സയ്ദിനോടായിരുന്നുവെന്ന് പറയുന്നത്. (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 2, പേജ് 497, സയ്ദ് ബിൻ ഹാരിഥ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). ഹദ്റത്ത് അലിയിൽനിന്ന് നിവേദനം. നബി(സ)തിരുമേനി മോചിപ്പിച്ച ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ(റ) പുരുഷന്മാരിൽ ഏറ്റവും ആദ്യം വിശ്വസിക്കുകയും നമസ്കരിക്കുകയും ചെയ്തു.(കൻസുൽ ഉമ്മാൽ, വാള്യം 13, പേജ് 397, ബാബു ഫളാഇലുൽ സ്വഹാബ, സയ്ദ് ബിൻ ഹാരിഥ, ഹദീഥ് 37063, പ്രസാധകർ മുഅസ്സസ്ത്തുർരിസാല ബേറൂത്ത് 1985)

ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: "എല്ലാ വിഭാഗത്തിലുമുള്ള ആളുകളേയും അല്ലാഹു നബി(സ)തിരുമേനിക്ക് പ്രദാനം ചെയ്തു. ഉഥ്മാൻ, ത്വൽഹ, സുബയ്ർ(റ) എന്നിവർ മക്കയിലെ ഉന്നത കുടുംബവുമായി ബന്ധപ്പെട്ടവരായിരുന്നു. ഏറ്റ

വും താഴെ കിടയിൽ ഉള്ളവരായിരുന്നു അദ്ദേഹത്തിനോടൊപ്പമുള്ളതെന്നും ഉന്നത വിഭാഗവുമായി ബന്ധം വെക്കുന്ന ആരും അദ്ദേഹത്തെ വിശ്വസിച്ചില്ലെന്നും ആരെങ്കിലും പറഞ്ഞാൽ ഉഥ്മാനും ത്വൽഹയും സുബയ്റും അതിനു മറുപടി നല്കാൻ സന്നദ്ധരായിരുന്നു; തങ്ങൾ ഉന്നത കുടുംബത്തിൽപ്പെട്ടവരാണെന്ന്. കുറച്ചു സമ്പന്നരെ തന്റെ ചുറ്റും കൂട്ടിയെന്നും ഭൂരിഭാഗമുള്ള ദരിദ്രരാരും സ്വീകരിച്ചില്ലെന്നും പറയുകയുമാണെങ്കിൽ സയ്ദ് ബിലാൽ തുടങ്ങിയവർ ആ ആക്ഷേപത്തിന് മറുപടി നല്കാൻ ഉണ്ടായിരുന്നു. ഇത് ചെറുപ്പക്കാരുടെ കളിയാണെന്ന് ആരെങ്കിലും പറഞ്ഞാൽ (കുറച്ചു ചെറുപ്പക്കാരെ ചുറ്റും കൂട്ടി എന്ന് പറഞ്ഞാൽ)ആളുകൾക്ക് അബൂബക്കർ ചെറുപ്പക്കാരനും അനുഭവപരിചയമില്ലാത്ത ആളുമല്ലേ എന്ന് ചോദിച്ച് മറുപടി പറയാൻ കഴിയും. അദ്ദേഹം എന്തിന്റെ അടിസ്ഥാനത്തിലാണ് മുഹമ്മദ് റസൂലുല്ലായെ വിശ്വസിച്ചത്? അവർ ഏതു രീതിയിൽ തെളിവുണ്ടാക്കാൻ ശ്രമിച്ചാലും നബി(സ)തിരുമേനിയുടെ സഹാക്കളിൽ എല്ലാ ഓരോരുത്തരും ആ തെളിവുകൾ ഖണ്ഡിക്കുന്നതിന് ഈ ജീവസുറ്റ തെളിവെന്ന നിലയിൽ നില്ക്കുകയായിരുന്നു. ഇത് നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്ന അല്ലാഹുവിന്റെ ഏറ്റവും വലിയ കൃപയായിരുന്നു. അതിനെ പ്രതിപാദിച്ചു കൊണ്ട് പറയുന്നു: *വവളഅ്ന അൻക വിസ്റക്കല്ലദീ അൻഖള ളഹ്റക്ക* ഏ മുഹമ്മദു റസൂലുല്ലാഹ്! ഏതൊരു സാധനസാമഗ്രി കൊണ്ടാണോ ലോകത്തെ ജയിച്ചടക്കുന്നത് അതെല്ലാം നാം നിനക്കു ലഭ്യമാക്കിയിരിക്കുന്നുവെന്ന് ലോകം കാണുന്നില്ലേ. ത്യാഗം ചെയ്യുന്ന യുവാക്കളെകൊണ്ടാണ് ലോകം ജയിച്ചടക്കുന്നതെങ്കിൽ അവർ നിന്റെ പക്കലുണ്ട്. അനുഭവസിദ്ധരായ വൃദ്ധരുടെ ബുദ്ധികൊണ്ടാണ് ലോകം തോൽക്കുന്നതെങ്കിൽ അത് നിന്നോടൊപ്പമുണ്ട്." (പ്രായം ചെന്നയാളുകൾ) "സമ്പന്നരും തലയെടുപ്പുള്ളതുമായ കുടുംബങ്ങളുടെ പ്രഭാവവും ദൃഢഗാഢതയും കൊണ്ടാണ് ലോകം പരാജയപ്പെടുന്നതെങ്കിൽ അതും നിന്നോടൊപ്പമുണ്ട്. പൊതുജനങ്ങളുടെ ത്യാഗവും ആത്മാർപ്പണസന്നദ്ധതയും കാരണത്താലാണ് ലോകത്തെ ജയിച്ചടക്കുന്നതെങ്കിൽ ഈ എല്ലാദാസരും നിന്റെ പിന്നാലെ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. പിന്നെങ്ങനെയാണ് നീ പരാജയപ്പെടുകയും ഈ മക്കക്കാർ നിനക്കെതിരിൽ വിജയിക്കുകയും ചെയ്യുക. *വവളഅ്ന അൻക വിസ്റക്കല്ലദീ അൻഖള ളഹ്റക്ക* എന്നതിന്റെ അർഥം നിന്റെ നടുവ് ഒടിച്ചു കളഞ്ഞ ആ ഭാരം നാം(അല്ലാഹു) സ്വയം ഏറ്റിയിരിക്കുന്നുവെന്നാണ്. നീ ആ പ്രവൃത്തിയിലേക്ക് നോക്കി; അത്ഭുതപ്പെട്ടുകൊണ്ട് പറഞ്ഞു: ഞാൻ ഈ പ്രവൃത്തി എങ്ങനെ ചെയ്യാനാണ്? അല്ലാഹു ഒറ്റ ദിവസംകൊണ്ടുതന്നെ നിനക്ക് അഞ്ചു മന്ത്രിമാരെ നല്കി. അബൂബക്കറിന്റെ സ്തൂപം അവൻ ഇസ്‌ലാമിന്റെ മച്ച് സ്ഥാപിക്കുന്നതിനു വേണ്ടി നാട്ടിനിറുത്തി. ഖദീജായുടെ സ്തൂപം അവൻ ഇസ്‌ലാമിന്റെ മച്ച് സ്ഥാപിക്കുന്നതിനുവേണ്ടി നാട്ടിനിറുത്തി. അലിയുടെ സ്തൂപം അവൻ ഇസ്‌ലാമിന്റെ മച്ച് സ്ഥാപിക്കുന്നതിനുവേണ്ടി നാട്ടിനിറുത്തി. സയ്ദിന്റെ സ്തൂപം അവൻ ഇസ്‌ലാമിന്റെ മച്ച് സ്ഥാപിക്കുന്നതിനു വേണ്ടി നാട്ടിനിറുത്തി. വർഖ ബിൻ നൗഫലിന്റെ സ്തൂപം അവൻ ഇസ്‌ലാമിന്റെ മച്ച് സ്ഥാപിക്കുന്നതിനുവേണ്ടി നാട്ടിനിറുത്തി. ഇങ്ങനെ നിന്റെമേൽ മാത്രമായിരുന്ന ആ ഭാരം അവരെല്ലാവരും ഏറ്റുകയുണ്ടായി." (തഫ്സീറെ കബീർ വാള്യം 9 പേജ് 140)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: നാലു പേർക്ക് നബി(സ)തിരുമേനിയുമായി അടുത്ത ബന്ധം പുലർത്താൻ അവസരം ലഭിച്ചു. അവർ അദ്ദേഹത്തിൽ വിശ്വസിച്ചു. അവിടത്തെ പ്രിയപത്നി ഹദ്റത്ത് ഖദീജ, അങ്ങയുടെ പിതൃവ്യപുത്രനായിരുന്ന ഹദ്റത്ത് അലി, അവിടന്ന് മോചിപ്പിച്ച അടിമ ഹദ്റത്ത് സയ്ദ്, അങ്ങയുടെ സുഹൃത്തായിരുന്ന ഹദ്റത്ത് അബൂബക്കർ. അങ്ങയ്ക്ക് ഒരിക്കലും കളവ് പറയാൻ സാധിക്കുകയില്ലെന്നുള്ളതായിരുന്നു അക്കാലത്ത് ഇവരുടെ വിശ്വാസത്തിനുള്ള തെളിവ്." അദ്ദേഹത്തോടടുത്ത എല്ലാവരും ഇതുതന്നെയാണ് പറയാറുണ്ടായിരുന്നത്. (ദൗറയെ യൂറോപ്പ്, അൻവാറുൽ ഉലൂം, വാള്യം 8 പേജ് 543)

ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായുടെ ഇസ് ലാം മത സ്വീകരണത്തെ സംബന്ധിച്ച് ഹദ് റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: നബി(സ)തിരുമേനി തന്റെ ദൗത്യത്തിന്റെ പ്രചാരണം തുടങ്ങിയപ്പോൾ ഏറ്റവും ആദ്യം വിശ്വസിച്ചത് ഹദ്റത്ത് ഖദീജയായിരുന്നു. അവർ ഒരു നിമിഷംപോലും താമസിപ്പിച്ചില്ല. ഹദ്റത്ത് ഖദീജായ്ക്കുശേഷം പുരുഷന്മാരിൽ ഏറ്റവുമാദ്യം വിശ്വസിച്ചത് ആരെന്ന കാര്യത്തിൽ ചരിത്രകാരന്മാരിൽ അഭിപ്രായ വ്യത്യാസമുണ്ട്. ചിലർ ഹദ്റത്ത് അബൂബക്കർ അബ്ദുല്ലാഹ് അബീ ഖുഹാഫയുടെ പേരാണ് പറയുന്നത്. ചിലർ അലിയുടെ പേര് പറയുന്നു, അദ്ദേഹത്തിന് അപ്പോൾ പത്തു വയസ് മാത്രമായിരുന്നു. ചിലർ നബി(സ)തിരുമേനി മോചിപ്പിച്ച ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയാണെന്ന് പറയുന്നു. എന്നാൽ, നമ്മുടെ പക്കൽ ഈ കലഹം നിരർഥമാണ്. ഹദ്റത്ത് അലിയും ഹദ്റത്ത് സയ്ദും നബി(സ)തിരുമേനിയുടെ വീട്ടിലെ ആളുകളായിരുന്നു. അവിടത്തെ കുട്ടികളെപ്പോലെ കൂടെ താമസിച്ചിരുന്നു. നബി(സ)തിരുമേനിയുടെ പറച്ചിലായിരുന്നു അവരുടെ വിശ്വാസം. എന്നല്ല അവർക്ക് പ്രതിജ്ഞ പറഞ്ഞ് വിശ്വസിക്കേണ്ട ആവശ്യംതന്നെയില്ലായിരുന്നു. അതുകൊണ്ട് അവരുടെ പേര് ഇടയ്ക്കുകൊണ്ടുവരേണ്ട ആവശ്യമില്ല. ബാക്കിയുണ്ടായിരുന്നവരിൽ ഹദ്റത്ത് അബൂബക്കർ ഐകകണ്ഠ്യേന ഏറ്റവുമാദ്യം വിശ്വസിച്ചയാളായിരുന്നു." (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 121)

അതായത് പ്രായത്തിന്റെ അടിസ്ഥാനത്തിൽ ബുദ്ധിപക്വമായ ആളുകളിൽപ്പെട്ട, ഗ്രാഹ്യമുള്ള ആളുകളിൽപ്പെട്ടയാളായിരുന്നു. ബുദ്ധിപക്വമായ ആളുകളിൽ കുട്ടികളും മാശാഅല്ലാഹ് അക്കാലത്തുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലോകം ആരെയാണോ ബുദ്ധിശാലികളെന്നും അനുഭവപരിചയമുള്ളവരെന്നും പറയുന്നത് അബൂബക്കറായിരുന്നു പുരുഷന്മാരിൽ വിശ്വസിച്ചത്. പക്ഷേ, എന്തായാലും അവർ നാലുപേരായിരുന്നു. മൂന്നു പുരുഷനും ഒരു സ്ത്രീയും; അവർ നബി(സ)തിരുമേനിയിൽ വിശ്വസിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞതുപോലെ അവർക്ക് ഒരു വലിയ സ്ഥാനമുണ്ട്.

ത്വാഇഫിലേക്കുള്ള യാത്രയിലും ഹദ്റത്ത് സയ്ദ്, നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ത്വഇഫ് മക്കയിൽനിന്ന് തെക്കു കിഴക്കു ഭാഗത്ത് ഏകദേശം 36 മൈൽ ദൂരത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ്. അങ്ങേയറ്റം ഹരിതാഭമായ പ്രദേശമാണ്. അവിടെ ഉന്നതമായ തരത്തിലുള്ള ഫലങ്ങൾ ഉണ്ടാകുന്നു. അവിടെയാണ് ഥഖീഫ് ഗോത്രക്കാർ താമസിച്ചിരുന്നത്.(മുഅ്ജമുൽ ബുൽദാൻ, വാള്യം 3, പേജ് 241, ലുഗാത്തുൽഹദീഥ്, വാള്യം 3, പേജ് 46, കിതാബ് 'ഫ')

ഹദ്റത്ത് അബൂ ത്വാലിബിന്റെ വഫാത്തിനു ശേഷം ഖുറയ്ശികൾ നബി(സ)തിരുമേനിയുടെമേൽ വീണ്ടും പീഢനമുറകൾ ആരംഭിച്ചപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയോടൊപ്പം ത്വാഇഫിലേക്ക് പോയി. നുബുവ്വത്തിന്റെ 10–ാം വർഷമായിരുന്നു ഈ സംഭവം. ശവ്വാൽ മാസത്തിന്റെ കുറച്ച് ദിവസങ്ങൾ ബാക്കി ഉണ്ടായിരുന്നു. ആ വേളയിൽ അവിടന്ന് ത്വാഇഫിലെ എല്ലാ നേതാക്കന്മാരുടെയും അടുത്ത് ചെന്നു. എന്നാൽ, ആരും അങ്ങയുടെ ക്ഷണം സ്വീകരിച്ചില്ല. യുവാക്കൾ അങ്ങയുടെ ക്ഷണം സ്വീകരിച്ചുകളയുമോ എന്ന ഭയം അവരിൽ ജനിച്ചു. അപ്പോൾ അവർ പറഞ്ഞു: 'മുഹമ്മദേ! ഞങ്ങളുടെ പട്ടണത്തിൽനിന്ന് പുറത്തുപോകുക. താങ്കളുടെ ക്ഷണം സ്വീകരിക്കുന്ന സ്ഥലത്ത് പോയി താമസിച്ചുകൊള്ളുക.' പിന്നീട് അവർ കുറെ തെമ്മാടികളെ ഇളക്കി വിടുകയും അദ്ദേഹത്തെ കല്ലെറിയിക്കുകയും ചെയ്തു. അങ്ങനെ അങ്ങയുടെ ഇരുപാദങ്ങളിലൂടെ രക്തം ഒഴുകാൻ തുടങ്ങി. ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ നബി(സ)തിരുമേനിയുടെമേൽ വന്നു വീഴുന്ന കല്ലുകൾ സ്വന്തം ദേഹംകൊണ്ട് തടയാൻ ശ്രമിച്ചു കൊണ്ടിരുന്നു. അങ്ങനെ സയ്ദിന്റെ ശിരസ്സിലും നിരവധി മുറിവുകൾ ഉണ്ടായി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 1, പേജ് 165, ദിക്റു സബബ് ഖുറൂജി റസൂലുല്ലാഹി (സ) ഇലത്വാഇഫി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് സയ്ദിന്റെ അവസ്ഥകൾ ഇനിയും വിശദീകരിക്കാനുണ്ട്. ഇൻശാ അല്ലാഹ് ഇനിയുള്ള ഖുത്ബയിൽ വിവരിക്കുന്നതായിരിക്കും.

# നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി,**
**കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

**(തുടർച്ച) മെയ്-22, 2016 ഞായറാഴ്ച**

നാഷണൽ സെക്രട്ടറി ജാഇദാദ്: ഇപ്പോൾ നമുക്ക് 5 ഭൂസ്വത്തുണ്ട്.1-ഗോഥൻ ബർഗിൽ, 2-മാൽമോയിൽ. 3-സ്റ്റോക്ഹോമിൽ 4-ലോലിയോയിൽ.

**ഹുദൂർ:** നിങ്ങളുടെ മാൽമോയിലെ പഴയ കെട്ടിടം മോശമായിട്ടുണ്ട്. നിങ്ങൾ അതിന്റെ മെയിന്റിനൻസും മറ്റും ചെയ്യാറില്ലേ? നിങ്ങൾക്ക് കൃത്യമായ മെയിന്റിനൻസ് ബഡ്ജറ്റ് വേണ്ടതാണ്. അവിടുത്തെ സെക്രട്ടറി ജാഇദാദ് എല്ലാ മാസവും എന്തെല്ലാം പ്രവൃത്തി നടന്നുവെന്ന് റിപ്പോർട്ട് തരേണ്ടതാണ്.കൃത്യമായി എല്ലാ മാസവും റിപ്പോർട്ട് വാങ്ങിക്കേണ്ടതാണ്. സമയാസമയങ്ങളിൽ മെയിന്റിനൻസ് ചെയ്യിക്കാതിരുന്നാൽ നഷ്ടം ഉണ്ടാകുന്നതായിരിക്കും.

ഹുദൂർ മാൽമോയിലെ പുരാതന മിഷൻഹൗസായ ബയ്ത്തുൽ ഹംദിന്റെ കാര്യങ്ങൾ വിശദമായി വിലയിരുത്തി. ഇതു സംബന്ധമായി സ്വീഡൻ അമീർ സാഹിബിന് ചില നിർദേശങ്ങളും നൽകി.

ഹുദൂർ മസ്ജിദ് മാൽമോയുടെ നിർമാണ ചെലവുകൾ, മസ്ജിദ് ഫണ്ട്, ഭാവിയിൽ വരാനിരിക്കുന്ന ബില്ലുകളുടെ അടവ്, വരാനിരിക്കുന്ന വർധിച്ച ചെലവുകളുടെ വിശദമായ പരിശോധന നിർവ്വഹിച്ചു. ഇതു സംബന്ധമായും ഉദ്യോഗസ്ഥർക്ക് മാർഗനിർദേശങ്ങൾ നൽകി.

**ഹുദൂർ പറഞ്ഞു:** ഓരോ വകുപ്പും ഈ വർഷം നടപ്പാക്കാനുള്ള കാര്യങ്ങൾക്ക് ബഡ്ജറ്റ് ഉണ്ടാക്കുക. എന്തെല്ലാം പ്രവർത്തനങ്ങളാണോ ഈ വർഷം ചെയ്യാനുള്ളത് അതെല്ലാം മുന്നിൽ വെച്ചുകൊണ്ട് സ്വന്തം ബഡ്ജറ്റ് തയ്യാറാക്കുക. വകുപ്പുകളുടെ ബഡ്ജറ്റുണ്ടെങ്കിലേ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ.

നാഷണൽ സെക്രട്ടറി ളിയാഫത്തിനെ അഭിമുഖീകരിച്ചു കൊണ്ട് **ഹുദൂർ പറഞ്ഞു:** ഇന്നാളുകളിൽ നിങ്ങൾ വളരെ തിരക്കിലാണ്. വന്നുകൊണ്ടിരിക്കുന്ന അതിഥികൾക്കും ജമാഅത്തിനും ആതിഥേയത്വം നൽകാനുള്ള ഭാഗ്യം കിട്ടുന്നു.

സെക്രട്ടറി സൻഅത്ത് വ തിജാറത്തിനോടു **ഹുദൂർ പറഞ്ഞു:** വ്യാപാര-നിർമാണപരമായ പ്രവൃത്തികൾ ചെയ്യുക. സ്വന്തം പ്രോഗ്രാം ഉണ്ടാക്കുക.

നാഷണൽ സെക്രട്ടറി തർബിയ്യത്തിനോട് **ഹുദൂർ പറഞ്ഞു:** ഇത് വളരെ പ്രധാനപ്പെട്ട വകുപ്പാണ്.നിങ്ങളുടെ തർബിയ്യത്ത് നടക്കുകയാണെങ്കിൽ നിങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. എത്ര വീടുകളിൽ എം.ടി.എ ഡിഷ് ആന്റിന സ്ഥാപിതമാണെന്ന് വിലയിരുത്തുക. എല്ലാ ഓരോരുത്തരേയും എം.ടി.ഏ യുമായി ബന്ധിപ്പിക്കുക.

നമസ്കാരം നിലനിറുത്തുന്നതിലേക്ക് ശ്രദ്ധിക്കുക. വിശുദ്ധ ഖുർആൻ പാരായണത്തിലേക്ക് ശ്രദ്ധ തിരിക്കുക. തർബിയ്യത്തീ പരിപാടികൾ തയ്യാറാക്കുക. എല്ലാവരേയും ഊർജ്ജസ്വലരാക്കുക.

സാമ്പത്തിക ത്യാഗത്തിലേക്കും ചന്ദകൾ നൽകുന്നതിലേക്കും ശ്രദ്ധയില്ലാത്തവരുടേയും ശറഹിനേക്കാൾ കുറച്ച് ചന്ദ നൽകുന്നവരുടേയും ശ്രദ്ധ അതിലേക്ക് തിരിക്കുക.

നാഷണൽ സെക്രട്ടറി സംഈ ബസ്രി(ആഡിയോ വീഡിയോ വകുപ്പ്)റിപ്പോർട്ട് സമർപ്പിച്ചു. കഴിഞ്ഞ 4 മാസമായി ഒരു ഡോക്മെന്ററിയുടെ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. കൂടാതെ വെബ് സൈറ്റിൽ ചില പ്രോഗ്രാമുകളും ഇന്റർവ്യൂകളും ഇട്ടിട്ടുണ്ട്.

ഇസ്്ലാഹി കമ്മിറ്റിയെ സംബന്ധിച്ച് **ഹുദൂർ ചോദിച്ചു:** ഈ കമ്മിറ്റി എന്താണ് ചെയ്യുന്നത്? സെക്രട്ടറി തർബിയ്യത്ത് ഈ കമ്മിറ്റിയുടെ തലവനാണ്. അദ്ദേഹം ഇക്കാര്യം അറിയുകയേയില്ല. ഈ കമ്മിറ്റി രൂപീകരിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. സെക്രട്ടറി തർബിയ്യത്ത് ഇക്കാര്യം അറിഞ്ഞിരിക്കേണ്ടതായിരുന്നു.

നാഷണൽ സെക്രട്ടറി തഅ്ലീമിനോട് **ഹുദൂർ ചോദിച്ചു:** യൂണിവേഴ്സിറ്റികളിലും കോളേജുകളിലും പോകുന്ന എത്ര വിദ്യാർഥികൾ ഉണ്ടെന്ന് താങ്കൾക്കറിയുമോ?

ഖുദ്ദാം, ലജ്നയുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാർഥികളുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. സ്വന്തം റെക്കോർഡുകൾ പൂർത്തിയാക്കുക. ഖുദ്ദാം-ലജ്നകളുടെ അസോസിയേഷൻ സ്ഥാപിക്കുക.

നാഷണൽ സെക്രട്ടറി വഖ്ഫെ നൗവിനോട് **ഹുദൂർ ചോദിച്ചു:** നിങ്ങൾ സിലബസ് തയ്യാറാക്കിയിട്ടുണ്ടോ?നിങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് എല്ലാ മാസവും അയപ്പിക്കുക. തയ്യാറാക്കുന്ന സിലബസ് ലജ്നകൾക്കും നൽകുക. അവർ സ്വയം അവരുടെ ക്ളാസുകളുടെ ഏർപ്പാട് ചെയ്യും. മുറബ്ബിമാരുടെ സഹായം തേടേണ്ട ആവശ്യമുണ്ട് എന്ന് ലജ്നകൾക്ക് തോന്നുന്നുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

വാഖ്ഫീനെ നൗ പ്രോഗ്രാമുകൾ തയ്യാറാക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറി വഖ്ഫെ നൗവിന്റേതാണ്; മുറബ്ബിമാരുടേതല്ല. മുറബ്ബിമാരുടെ രണ്ടാമത്തെ പ്രവൃത്തി തബ്ലീഗും തർബിയ്യത്തുമാണ്. എന്നാൽ, നിങ്ങൾക്ക് സ്വന്തം പരിപാടികൾക്ക് അവരുടെ സഹായം തേടാവുന്നതാണ്. ഇപ്പോൾ 21 വയസ്സുകാരുടെ സിലബസും വന്നിട്ടുണ്ട്. ഈ സിലബസും ലജ്നകൾക്ക് നൽകുക. സ്വദ്ർ ലജ്ന തന്റെ സഹായി സ്വദ്ർ മുഖേന വാഖ്ഫാത്തെ നൗവിന്റെ പ്രോഗ്രാം സംഘടിപ്പിക്കുക. ഇപ്പോൾ ഇവർ മുതിർന്ന കുട്ടികളാണ്. സ്വന്തം ക്ലാസുകളുടേയും പ്രോഗ്രാമുകളുടേയും കാര്യത്തിൽ ഇവർക്ക് സ്വാതന്ത്ര്യമുണ്ട്. മുബല്ലിഗോ അമീറോ ഇവരുടെ പരിപാടികളിലും ക്ലാസുകളിലും പ്രസംഗിക്കുകയാണെങ്കിൽ മറയുടെ പിന്നിൽ നിന്ന് ചെയ്യേണ്ടതാണ്.

നാഷണൽ സെക്രട്ടറി വഖ്ഫെ നൗവിൽ നിന്നും ലജ്നയിൽ നിന്നും വാഖ്ഫാത്തെ നൗവിന്റെ പ്രവർത്തന റിപ്പോർട്ട് വാങ്ങുക.

വഖ്ഫെ നൗ ആൺകുട്ടികളും പെൺകുട്ടികളും 15 വയസ്സിലെത്തിയാൽ വഖ്ഫ് ഫാറം പൂരിപ്പിക്കുക എന്നതാണ് ഒരു കാര്യം. യൂണിവേഴ്സിറ്റിയിൽ നിന്ന് പഠനം പൂർത്തിയാക്കിയതിന് ശേഷം വീണ്ടും സ്വന്തം വഖ്ഫ് ഫാറം പൂരിപ്പിച്ചയക്കുക.

*നാഷണൽ വഖ്ഫെ നൗ:* ആകെ വാഖ്ഫീൻ 122 ആണ്. അവരിൽ 19 ഖുദ്ദാമും 26 ലജ്നയും 21 തിഫ്ലും 16 നാസിറാത്തും ഉണ്ട്, ബാക്കിയുള്ള 40 പേർ ചെറു പ്രായത്തിലുള്ള കുട്ടികളാണ്.

**ഹുദൂർ:** ഇസ്മായീൽ, മർയം തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ വരുത്തുക. കൃത്യമായ ബഡ്ജറ്റ് തയ്യാറാക്കി ഈ പ്രസിദ്ധീകരണങ്ങൾ വരുത്തുക. ഉർദു ഇംഗ്ലീഷ് ഭാഷകൾ അറിയാത്തവർക്ക് സ്വീഡിഷ് ഭാഷയിൽ ലേഖനങ്ങൾ തർജമ ചെയ്ത് ഇതോടൊപ്പം കൊടുക്കുക. ആദ്യം പ്രസിദ്ധീകരണം പോകട്ടെ. ശേഷം തർജമയും പ്രത്യേകം അയച്ചു കൊണ്ടിരിക്കുക.

നാഷണൽ സെക്രട്ടറി ഉമൂറെ ആമ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: പുതിയ അഭയാർഥികൾ വന്നുകൊണ്ടിരിക്കുന്നു. അവർക്കുവേണ്ടി ജോലികൾ അന്വേഷിക്കേണ്ട പ്രവൃത്തി വേണം. അവർക്കുവേണ്ടി ജോലികൾ അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

**ഹുദൂർ:** വിദ്യാർഥികളിൽ എത്ര പേർ ജോലികൾക്കുവേണ്ടി അന്വേഷണം നടത്തുന്നുവെന്ന് കൂടി വിലയിരുത്തുക. കൂടാതെ തങ്ങളുടെ പഠനത്തിനനുസരിച്ചുള്ള ജോലികളിൽ നിന്ന് വേറിട്ട് മറ്റു ജോലികൾ ചെയ്യാൻ നിർബന്ധിതരായിട്ടുള്ളവർ എത്രപേരെന്നും വിലയിരുത്തുക.

നാഷണൽ സെക്രട്ടറി വഖ്ഫെ ജദീദ്: ഞങ്ങളുടെ വഖ്ഫെ ജദീദിന്റെ വാഗ്ദാനം 2,46,953 (രണ്ടു ലക്ഷത്തി നാൽപത്തിയാറായിരത്തി തൊള്ളായിരത്തി അമ്പത്തിമൂന്ന്) ക്രോണറാണ്.

**ഹുദൂർ:** കുട്ടികളേയും കൂടെ കൂട്ടുക. കുട്ടികളിൽ നിന്ന് ചന്ദ വാങ്ങുക.

മുഹാസിബ് സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു:കൃത്യമായ റെക്കോർഡ് സൂക്ഷിക്കുന്നുണ്ട്. എല്ലാ മാസവും കണക്കു നോക്കുന്നുണ്ട്.

നാഷണൽ സെക്രട്ടറി വസിയ്യത്ത്: ഇവിടെ വരുമാനമുള്ളവരുടെ എണ്ണം 382 ആണ്.അവരിൽ മൂസികളുടെ എണ്ണം 158 ആണ്.

**ഹുദൂർ:** നിങ്ങൾ പകുതിയോട് വളരെ അടുത്തിട്ടുണ്ട്. സ്വന്തം ലക്ഷ്യം നേടിയെടുക്കുക.

ആന്തരിക ഓഡിറ്റർ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: എല്ലാ ഓരോ മൂന്ന് മാസത്തിലും കൃത്യമായ ഓഡിറ്റ് ചെയ്തു വരുന്നു.

**ഹുദൂർ സെക്രട്ടറി രിശ്ത നാത്വയോട് (വൈവാഹികം) ചോദിച്ചു:** വിവാഹം നടക്കാത്തവരുടെ ലിസ്റ്റും വിവരങ്ങളും ലണ്ടനിലെ ഇന്റർനാഷണൽ വൈവാഹിക കമ്മിറ്റിക്ക് അയക്കുക. എല്ലാ മാസവും എനിക്കും റിപ്പോർട്ട് തരിക.

നിങ്ങളുടെ ഡാറ്റകൾ സുരക്ഷിത സ്ഥലത്തായിരിക്കണം. നിങ്ങളുടെ കമ്മിറ്റി മീറ്റിംഗ് എല്ലാ മാസവും വേണ്ടതാണ്. സ്വന്തം പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടിരിക്കുക. ഓരോ മെമ്പറിനോടും മൂന്ന് വൈവാഹിക ബന്ധങ്ങൾ ഉണ്ടാക്കാൻ പറയുക.

ഇവിടുത്തെ ഡാറ്റകൾ കേന്ദ്ര സെക്രട്ടറി രിശ്ത നാത്വയുടെ കൈവശമാണ് ഇരിക്കേണ്ടത്.

വൈവാഹികവുമായി ബന്ധപ്പെട്ട് ലജ്നകൾക്ക് സ്വന്തം പരിപാടികൾ തയ്യാറാക്കാവുന്നതാണ്. ഏത് രൂപത്തിൽ വിവാഹ ബന്ധങ്ങൾ ഉണ്ടാക്കണമെന്നും തീരുമാനിക്കാം. എന്തെല്ലാം രീതികൾ അവലംബിക്കണമെന്നും തീരുമാനിക്കാം. സംഭാഷണങ്ങളിൽ പല കാര്യങ്ങളും മുമ്പിൽ വരാം.

എല്ലാ ജമാഅത്തുകളിലും സെക്രട്ടറി രിശ്ത നാത്വയെ ഊർജസ്വലമാക്കുക.

നമസ്കാരങ്ങളിൽ ഹാജരാകുന്നതുമായി ബന്ധപ്പെട്ട് ഹുദൂർ പറഞ്ഞു: വിടവുകൾ കൂടുതലാണ്. ഫജ്റിൽ ഹാജരാകുന്നവർ കുറവാണ്. ഓർമപ്പെടുത്തിക്കൊണ്ടിരിക്കുക. ഖുത്ബകളി

ൽ നമസ്കാരങ്ങളെ സംബന്ധിച്ച് ഞാൻ ഓർമ്മപ്പെടുത്താറുണ്ട്. നിങ്ങളുടേയും കർത്തവ്യം ഓർമപ്പെടുത്തലാണ്. വീടിന്റെ ദൂരത്തുള്ളവർ നാലോ അഞ്ചോ വീട്ടുകാർ ചേർന്ന് സെന്ററുണ്ടാക്കി നമസ്കാരം നിർവ്വഹിക്കുക.

അല്ലാഹു പറയുന്നത് ഉപദേശിച്ചു കൊണ്ടേയിരിക്കുക. ഉപദേശം നൽകൽ നമ്മുടെ ജോലിയാണ്. പോലീസ് മുറകൾ നമ്മുടെ ജോലിയല്ല. ഭാരവാഹികൾ ഓർമപ്പെടുത്തിക്കൊണ്ടിരിക്കുക. ഉപദേശിക്കാനാണ് കൽപന. അത് നിർവ്വഹിച്ചുകൊണ്ടേയിരിക്കുക. പ്രോഗ്രാമുകൾ തയ്യാറാക്കേണ്ടത് സെക്രട്ടറി തർബിയ്യത്തിന്റെ പ്രവൃത്തിയാണ്. മസ്ജിദിൽ വരുന്നവർ വരാത്തവരേയും കൂടെ കൊണ്ടു വരുന്ന വിധത്തിൽ പരിപാടികൾ തയ്യാറാക്കുക. ആരുമായിട്ടാണോ ബന്ധപ്പെട്ടു നിൽക്കുന്നത് അവരെ കൊണ്ടു വരിക.

ഒടുവിൽ സ്വീഡൻ അമീർ സാഹിബ് ഹുദൂറിനോട് ചോദിച്ചു: ഇപ്പോൾ മാൽമോയിൽ നമുക്ക് വലിയ സെന്ററായി. സ്കേന്റിനേവിയൻ രാഷ്ട്രങ്ങളുടെ സംയുക്ത സമ്മേളനം വല്ലപ്പോഴും സ്വീഡനിലും നോർവ്വേയിലും മാറിമാറിവരേണ്ടതാണ്.

**ഹുദൂർ:** ജമാഅത്തിന്റെ മുമ്പിൽ നിയമപരമായി നിർദേശം വെക്കുക. എന്നിട്ട് എനിക്ക് അയക്കുക. നാഷണൽ ആമിലയുമായുള്ള ഈ മീറ്റിംഗ് 8.30-ന് അവസാനിച്ചു. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യം ആമിലക്ക് കിട്ടി.

ഹുസൂർ 8.50-ന് അമീർ ജമാഅത്ത് അഹ്മദിയ്യാ സ്വീഡൻ മഅ്മൂൻ റശീദ് സാഹിബിന്റെ വീട് സന്ദർശിച്ചു. അവിടെ രാത്രി ഭക്ഷണത്തിനുശേഷം 9.50-ന് മസ്ജിദ് നാസിറിൽ മഗ്‌രിബ് ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

## 2016 മെയ് 23 (തിങ്കളാഴ്ച)

### ഗോഥൻ ബർഗിൽ നിന്ന് മടക്കം

### ലണ്ടൻ ആഗമനം

രാവിലെ 3.45-ന് മസ്ജിദ് നാസിറിൽ ഹുദൂർ സുബ്ഹി നമസ്കരിപ്പിച്ചു.

ഇന്ന് ലണ്ടനിലേക്കുള്ള മടക്ക ദിവസമായിരുന്നു. മസ്ജിദ് പരിസരത്ത് രാവിലെ തന്നെ ആബാലവൃന്ദം അഹ്മദി സ്ത്രീ പുരുഷൻമാരും കുട്ടികളും തങ്ങളുടെ പ്രിയ ഇമാമിനെ യാത്ര അയക്കാൻ ഒത്തുകൂടിയിരുന്നു. പെൺകുട്ടികൾ യാത്ര അയപ്പ് കവിത ആലപിച്ചുകൊണ്ടിരുന്നു.

*ഹർ ഗാമ് പർ ഫരിഷ്തോം കാ*
*ലശ്കർ ഹൊ സാത്ത് സാത്ത്*
*ഹർ മുൽക് മേ തുമാരി*
*ഹിഫാളത്ത് ഖുദാ കരേ*

(എല്ലാ നിമിഷങ്ങളിലും മലക്കുകളുടെ സൈന്യം ഒപ്പത്തിനൊപ്പം ഉണ്ടായിരിക്കട്ടെ. എല്ലാ രാജ്യങ്ങളിലും ദൈവം നിങ്ങളുടെ സുരക്ഷ ഒരുക്കട്ടെ.)

ഹുദൂർ രാവിലെ 9.00 മണിക്ക് താമസസ്ഥലത്തു നിന്ന് പുറത്തു വന്നു. കുറച്ചു സമയം തന്റെ പ്രിയപ്പെട്ടവർക്കിടയിൽ കഴിച്ചു കൂട്ടി. പിന്നീട് ഹുദൂർ ദുആക്ക് നേതൃത്വം നൽകി. ഗോഥൻ ബർഗ് ഇന്റർനാഷണൽ എയർപ്പോർട്ടിലേക്ക് പുറപ്പെട്ടു. പോലീസ് ഹുദൂറിന്റെ യാത്രാ വാഹനത്തെ അനുഗമിച്ചു. 9.40-ന് ഹുദൂർ എയർപ്പോർട്ടിലെത്തി. പ്രോട്ടോക്കോൾ ഓഫീസർ ഹുദൂറിനെ വരവേറ്റു. സ്വാഗതമോതി.തുടർന്ന് സ്പെഷ്യൽ ലോഞ്ചിലേക്ക് പോയി.

ഹുദൂറിന്റെ വരവിനു മുമ്പേതന്നെ സാധനങ്ങളുടെ ബുക്കിംഗ്, ബോർഡിംഗ് കാർഡ് സ്വീകരിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. കുറച്ച് ലോഞ്ചിൽ ചെലവഴിച്ച ശേഷം ഹുദൂർ 10.45-ന് വിമാനത്തിന് ഉള്ളിലേക്ക് പോയി. പ്രത്യേക സംവിധാനത്തിൻ കീഴിൽ ഹുദൂറിന്റെ വാഹനം വിമാനത്തിന്റെ വാതിലിലുള്ള ഏണിവരെ ഹുദൂറിനെ എത്തിച്ചിരുന്നു. വിമാന വാതിൽവരെ പ്രോട്ടോക്കോൾ ഓഫീസർ ഹുദൂറിനെ അനുഗമിച്ചു. ഈ അവസരത്തിൽ സ്വീഡൻ അമീർ, മുബല്ലിഗ് ഇൻചാർജ്, സെക്യൂരിറ്റി ടീം ഇൻചാർജ് ദീശാൻ സാഹിബ് എന്നിവർ വാതിൽവരെ ഹുദൂറിനെ അനുഗമിച്ച് യാത്രാ മംഗളം നേർന്നു. തുടർന്ന് ഹുദൂർ അകത്തേക്ക് പോയി.

ബ്രിട്ടീഷ് എയർവേയിസിന്റെ ബി.എ791 വിമാനം 7.15-ന് ഗോഥൻബർഗ് എയർപ്പോർട്ടിൽ നിന്ന് ലണ്ടനിലെ ഹേത്രൂ എയർപ്പോർട്ടിലേക്ക് യാത്രയായി. ലണ്ടൻ സമയം സ്വീഡൻ സമയത്തെ അപേക്ഷിച്ച് 1 മണിക്കൂർ പിന്നിലാണ്. രണ്ട് മണിക്കൂർ പറന്നതിനുശേഷം ഇംഗ്ലണ്ട് സമയം 11.15-ന് ലണ്ടൻ ഹേത്രൂ എയർപ്പോർട്ടിൽ വിമാനം ഇറങ്ങി. വിമാനത്തിന്റെ വാതിലിൽ പ്രോട്ടോക്കോൾ ഓഫീസർ ഹുദൂറിനെ സ്വീകരിച്ചു. സ്പെഷ്യൽ ലോഞ്ചിലേക്ക് ഹുദൂറിനെ അനുഗമിച്ചു. അമീർ ജമാഅത്ത് യു.കെ.റഫീഖ് ഹയാത്ത് സാഹിബ്, സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സാഹിബ് സാദാ മിർസാ വഖാസ് അഹ്മദ് സാഹിബ്, പ്രത്യേക സെക്യൂരിറ്റി വിഭാഗം തലവൻ മുഹമ്മദ് അഹ്മദ് നാസിർ സാഹിബ് തുടങ്ങിയവർ ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. ഹുദൂർ അവർക്ക് ഹസ്തദാനം ചെയ്തു. എമിഗ്രേഷൻ ഓഫീസർ ലോഞ്ചിലെത്തി പാസ്പോർട്ട് പരിശോധിച്ചു.

ഉച്ചകഴിഞ്ഞു 1 മണിക്ക് മസ്ജിദ് ഫള്ലിലേക്ക് പുറപ്പെട്ട ഹുദൂർ 1.40 ന് അവിടെ എത്തി. വലിയൊരു അഹ്മദി ജനാവലി തങ്ങളുടെ പ്രിയ നേതാവിനെ വരവേൽക്കാൻ മസ്ജിദ് പരിസരത്ത് തടിച്ചു കൂടിയിരുന്നു. ഹുദൂർ കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറയുകയും വീട്ടിൽ കയറുകയും ചെയ്തു.

2.00 മണിക്ക് മസ്ജിദ് ഫള്ലിൽ ളുഹ്ർ നമസ്കാരത്തിന് ഹുദൂർ നേതൃത്വം നൽകി. ചരിത്രപരവും ദൂരവ്യാപകമായ സൽഫലങ്ങൾ സൃഷ്ടിക്കുന്നതുമായ ഈ ഡെന്മാർക്ക്, സ്വീഡൻ സന്ദർശനം അതിരില്ലാത്ത ദൈവാനുഗ്രഹങ്ങളും സായൂജ്യങ്ങളും സ്വരുക്കൂട്ടിക്കൊണ്ട് വിജയകരമായി പര്യവസാനിച്ചു. അല്ലാഹുവിനാണ് സകല നന്ദിയും.

ഐതിഹാസികമായ ഈ സന്ദർശനത്തിൽ ഹുദൂറിനെ അനുഗമിച്ച സൗഭാഗ്യരായ ആ വ്യക്തികളുടെ പേരുകൾ താഴെ ചേർക്കുന്നു.

1. ഹദ്റത്ത് സയ്യിദ അമത്തുസ്സുബൂഹ് സാഹിബ (മദ്ദല്ലഹുല്ലാഹു). ഹുദൂറിന്റെ സഹധർമിണി.
2. മുനീർ അഹ്മദ് ജാവേദ് സാഹിബ്, പ്രൈവറ്റ് സെക്രട്ടറി.
3. മുബാറക് അഹ്മദ് സാഹിബ് സഫ്ർ, അഡീഷണൽ വക്കീലുൽ മാൽ, ലണ്ടൻ.
4. ആബിദ് വഹീദ് ഖാൻ സാഹിബ്, ഇൻചാർജ് പ്രസ് ആൻഡ് മീഡിയ ഓഫീസ് ലണ്ടൻ
5. മേജർ മഹ്മൂദ് അഹ്മദ് സാഹിബ് പ്രത്യേക സെക്യൂരിറ്റി വിഭാഗം ഓഫീസർ.
6. നാസിർ അഹ്മദ് സഈദ് സാഹിബ്, സെക്യൂരിറ്റി വിഭാഗം.
7. സഖാവത്ത് അലി ബാജ്‌വ, സെക്യൂരിറ്റി വിഭാഗം.
8. മുഹ്സിൻ അഅ്വാൻ സാഹിബ്, സെക്യൂരിറ്റി വിഭാഗം.
9. അബ്ദുൽ മജീദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ, ലണ്ടൻ(ഈ വിനീതൻ)
10. മഹ്മൂദ് അഹ്മദ് ഖാൻ സാഹിബ്, സെക്യൂരിറ്റി വിഭാഗം.(ഹുദൂറിന്റെ ഡന്മാർക്ക് യാത്രക്ക് മുമ്പേ തന്നെ അവിടെ എത്തി സുരക്ഷാ സൗകര്യങ്ങളൊരുക്കി മടക്കയാത്രയിൽ ഹുദൂറിനൊപ്പം മടങ്ങി.)
11. സഫ്ർ അഹ്മദ്, സെക്യൂരിറ്റി വിഭാഗം.(ഹുദൂറിന്റെ ഡന്മാർക്ക് യാത്രക്ക് മുമ്പേതന്നെ അവിടെ എത്തി സുരക്ഷാ സൗകര്യങ്ങളൊരുക്കി മടക്കയാത്രയിൽ ഹുദൂറിനൊപ്പം മടങ്ങി.)

കൂടാതെ എം.ടി.എ. ഇന്റർനാഷണലിന്റെ ഒരു ടീമും ഹുദൂറിനെ അനുഗമിച്ചു. ഖുത്ബ ജുമുആ, മാൽമോ മസ്ജിദ് ഉദ്ഘാടനം, ഇരുരാജ്യങ്ങളിലേയും റിസപ്ഷൻ പരിപാടികൾ, ഹുദൂർ അൻവറിന്റെ ഇന്റർവ്യൂകൾ, ഇവയുടെ എല്ലാം റെക്കോർഡിംഗ്, തൽസമയ സംപ്രേഷണങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ ഈ ടീമിന് കഴിഞ്ഞു.

1. മുനീർ അഹ്മദ് ഔദ സാഹിബ്,
2. സഹ്റാബ് ദീശാൻ സാഹിബ്.
3. സഫീറുദ്ദീൻ ഖമർ സാഹിബ്,
4. അത്വാഉൽ അവ്വൽ അബ്ബാസി സാഹിബ്.
5. അദ്നാൻ സാഹിദ് സാഹിബ്.
6. സക്കിയുല്ലാഹ് അഹ്മദ് സാഹിബ്.
7. സയീദ് വസീം സാഹിബ്.
8. ഉമയ്ർ അലീം സാഹിബ് ഇൻചാർജ് ശുഅ്ബ മഖ്സനെ തസാവീർ
9. ഡോക്ടർ അത്ഹർ സുബയ്ർ സാഹിബ്, ഡോക്ടർ ഡ്യൂട്ടി നിർവ്വഹിച്ചു.

ഇവർക്ക് ലഭിച്ച ഈ സൗഭാഗ്യം അനുഗൃഹീതമായിരിക്കട്ടെ. ജർമനിയിൽ നിന്നുള്ള പത്തംഗ ഖുദ്ദാം സെക്യൂരിറ്റി ടീം ഹുദൂറിന്റെ ഡന്മാർക്ക് വരവിന് മുമ്പേ അവിടെ എത്തിയിരുന്നു. തുടർന്ന് രണ്ട് രാഷ്ട്രത്തിലും ഹുദൂറിനെ അനുഗമിച്ചിരുന്നു. വലിയ തയ്യാറെടുപ്പോടും സുസംഘടിതവുമായിട്ടാണ് അവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചത്. ജസാഹുമുല്ലാഹു അഹ്സനൽ ജസാഅ്

(ബദ്ർ വീക്കിലി, ആഗസ്റ്റ് 11, 2016)






### അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

### കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

# മജ്‌ലിസ് അൻസ്വാറുല്ലാഹ് തൃശൂർ-പാലക്കാട് ജില്ല ഇജ്തിമാഅ്

**ചേലക്കര:** മജ്‌ലിസ് അൻസ്വാറുല്ലാഹ് തൃശൂർ-പാലക്കാട് ജില്ല ഇജ്തിമാ ചേലക്കരയിലെ മസ്ജിദ് ഹാദിയിൽ 2019 ജൂൺ 23 ഞായറാഴ്ച സൗത്ത് ഇലാഖ നാളിം ജനാബ് താജുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ കേന്ദ്രപ്രതിനിധി ഡോക്ർ സ്വലാഹുദ്ദീൻ സാഹിബ് ഉൽഘാടനം ചെയ്തു. വളർന്നു വരുന്ന തലമുറയെ സൽപന്ഥാവിലേക്ക് നയിക്കാൻ മജ്‌ലിസ് അൻസ്വാറുല്ലായ്ക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങൾക്ക് വിധേയരായി പ്രവർത്തിക്കുമ്പോഴാണ് ഇതു സാധ്യമാകുക. അദ്ദേഹം പറഞ്ഞു.

പാലക്കാട് ജില്ല അമീർ എച്ച്.സുലയ്മാൻ സാഹിബ് സദസ്സിനെ സംബോധന ചെയ്തു. ജമാഅത്തു വ്യവസ്ഥിതിയുമായി ചേർന്നുപോകേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു. ജില്ലാ ഖാഇദ് സുബയ്ർ സാഹിബ് ആശംസകൾ നേർന്നു സംസാരിച്ചു. മുള്ളൂർക്കര മുഹമ്മുണ്ണി മുസ്‌ലിയാരുടെ വിശുദ്ധഖുർആൻ പാരായണത്തോടെയാണ് ഇജ്തിമായ്ക്ക് തുടക്കം കുറിച്ചത്. മണ്ണാർക്കാട് മഹ്മൂദ് സാഹിബ് പദ്യമാലപിച്ചു. ജനാബ് എം ജലീൽ അഹ്മദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന്ന് നടന്ന തർബിയ്യത്ത് സെഷനിൽ ജില്ല മുബല്ലിഗ് മൗലവി കെ.അബ്ദുസ്സലാം സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ അല്ലാമ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)നെ കുറിച്ച് ക്ലാസെടുത്തു. ചേലക്കര ജമാഅത്ത് പ്രസിഡന്റ് നാസ്വിർ അഹ്മദ് സാഹിബ് അധ്യക്ഷനായി.

തുടർന്നു വൈജ്ഞാനിക മത്സരങ്ങൾ പള്ളിപ്പുറം സയ്ദുട്ടി മാസ്റ്റർ സാഹിബിന്റെ അധ്യക്ഷതയിൽ നടന്നു. ഒരു മണി മുതൽ 2.30 വരെ നമസ്ക്കാരത്തിനും ഭക്ഷണത്തിനും വിശ്രമത്തിനുമുള്ള ഇടവേളയായിരുന്നു. അതിനുശേഷം അലനല്ലൂർ സി. മുഹമ്മദ് സാഹിബ്, പാലക്കാട് മൗലവി ഫാഹിൻ സഹിബ് എന്നിവരുടെ നേതൃത്വത്തിൽ ക്വിസ്സ് മത്സരം നടന്നു.

70 വയസ്സിനു മീതെയുള്ള അൻസ്വാറിനെ ആദരിക്കുകയും ട്രോഫികൾ നല്കുകയും ചെയ്തത് കൗതുകമുണർത്തി. 4 മണി മുതൽ 5 മണി വരെ കായിക മത്സരങ്ങൾ നടന്നു. മൗലവി ടി. ശഫീഖ് അഹ്മദ് സാഹിബ് മത്സരങ്ങൾക്ക് നേതൃത്വം നല്കി.

5 മണിമുതൽ നടന്ന സമാപന സെഷനിൽ ജില്ലാ നാളിം എം.അബ്ദുൽ ബശീർ സാഹിബ് അധ്യക്ഷനായി. ഖാദിയാൻ ദാറുൽഅമാനിൽനിന്ന് വന്ന ബദ്ർ വീക്കിലിയുടെ മാനേജർ ഖാരി നവാബ് അഹ്മദ് സാഹിബ് ഹ്രസ്വ പ്രഭാഷണം നടത്തി. ഏതു ഘട്ടത്തിലും ഖിലാഫത്തിനെ അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് അദ്ദേഹം ഊന്നി പറഞ്ഞു. മത്സരവിജയികൾക്ക് അദ്ദേഹം സമ്മാനം വിതരണം ചെയ്തു. ജനാബ് കുഞ്ഞീതു മാസ്റ്റർ സാഹിബ് നന്ദി പറഞ്ഞു. ദുആയോടുകൂടി പരിപാടി സമാപിച്ചു.

(കെ. അബ്ദുസ്സലാം, തിരുവിഴാംകുന്നു)

# അർജന്റീന(Argentina) 2019 അന്താരാഷ്ട്ര പുസ്തകമേളയിൽ അഹ്മദിയ്യാ ബുക്സ്റ്റാൾ

അർജന്റീന അഹ്മദിയ്യാ ജമാഅത്തിന് അന്താരാഷ്ട്ര പുസ്തകമേളയിൽ കഴിഞ്ഞ വർഷം ആദ്യമായി ബുക്സ്റ്റാൾ സംഘടിപ്പിക്കാനുള്ള സൗഭാഗ്യം കിട്ടിയിരുന്നു. ഈ വർഷവും തലസ്ഥാനമായ Buenos Airesbnൽ സംഘടിപ്പിച്ച International Book Fairൽ ഏപ്രിൽ 25 മുതൽ മെയ് 13 വരെ ജമാഅത്തിന്റെ ബുക്സ്റ്റാൾ നടത്താൻ ഭാഗ്യമുണ്ടായി. ഈ Book Fair അർജന്റീനയിലെ ഏറ്റവും വലിയ വാർഷിക സാംസ്കാരിക പരിപാടി (cultural event) യാണ്. ലോകത്തിലെ പ്രധാനപ്പെട്ട പുസ്തകവില്പന ശാലകളിൽ ഒന്നാണിത്. ഇതിൽ ഓരോ വർഷവും ഒരു കോടിയിലധികം സന്ദർശകർ എത്താറുണ്ട്.

വിശുദ്ധ ഖുർആനിന്റെ വിവിധഭാഷയിലുള്ള തർജമകൾക്കു പുറമെ സ്പാനിഷ് ഭാഷയിലുള്ള വിവിധങ്ങളായ ഇസ്‌ലാമിക സാഹിത്യങ്ങളും അഹ്മദിയ്യാ ബുക് സ്റ്റാളിന് അലങ്കാരമായി. ഈ ബുക്ഫയ്ർദൈവാനുഗ്രഹത്താൽആയിരക്കണക്കിന് ആളുകൾക്ക് ഇസ്‌ലാം-അഹ്മദിയ്യത്തിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിന്റേയും സന്ദേശം എത്തിക്കാൻ നിമിത്തമായി. ജമാഅത്തുമായി സ്ഥിരം ബന്ധപ്പെടാനും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാനും നൂറിലേറെ ആളുകൾ ആഗ്രഹം പ്രകടിപ്പിച്ചു. അവരുമായി ബന്ധപ്പെടേണ്ടുന്ന കാര്യങ്ങൾ കൈമാറി. ഈ ബുക്ഫയ്റിൽ രണ്ട് പൊതുസമ്മേളനവും നടത്തി. ഇതിൽ 150 ലേറെ ആളുകൾ പങ്കെടുത്തു. അവർ വളരെ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തു.

അർജന്റീന അഹ്മദിയ്യാ ജമാഅത്തിലെ തദ്ദേശ അംഗങ്ങൾക്കു പുറമെ യുറുഗ്വേ (Uruguay) ജമാഅത്തിൽനിന്നും ജർമനിയിൽനിന്നും അംഗങ്ങൾ സഹായത്തിനെത്തിയിരുന്നു. അല്ലാഹു എല്ലാ സന്നദ്ധസേവകർക്കും പ്രതിഫലം നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ (റിപ്പോർട്ട്: മർവാൻ സർവർ ഗിൽ, പ്രതിനിധി ഇൽഫള്ൽ ഇന്റർനാഷണൽ അർജന്റീന) (അൽഫള്ൽ 03-06 -19)

# ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിക്കുന്ന വാർഷിക ഇജ്തിമാകളുടെ തിയ്യതി

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്‌ലിസ് അൻസ്വാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

എല്ലാ ഉപസംഘടനകളിലേയും അംഗങ്ങൾ ഖാദിയാൻ ദാറുൽ അമാനിൽ ആത്മീയാന്തരീക്ഷത്തിൽ സംഘടിപ്പിക്കുന്ന ഈ ഇജ്തിമാകളിൽ പങ്കെടുക്കുന്നതിന് ഇപ്പോൾ മുതൽതന്നെ തയ്യാറെടുപ്പുകൾ തുടങ്ങുക. ഈ ഇജ്തിമാകൾ തർബിയ്യത്തിനുള്ള സുപ്രധാന മാർഗമാണ്.

# സിയറ ലിയോൺ ജാമിഅത്തുൽ മുബശ്ശിരീനിൽ കായികമത്സരങ്ങൾ

സിയറ ലിയോൺ ജാമിഅത്തുൽ മുബശ്ശിരീൻ ദൈവനുഗ്രഹത്താൽ 2006 മുതൽ ആവേശഭരിതമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ നിർദേശങ്ങളനുസരിച്ച് മുഅല്ലിമീംകൾക്കുള്ള വിദ്യാഭ്യാസത്തിന്റേയും ശിക്ഷണത്തിന്റേയും പരിപാടികൾ ഭംഗിയായിനടന്നുവരുന്നു. വിദ്യാർഥികളുടെ മതപരവും ഭൗതികവുമായ വിദ്യാഭ്യാസത്തിന്റേയും ശിക്ഷണത്തിന്റേയും ഏർപാടുകൾ ചെയ്യുന്നതിനോടൊപ്പം 'സുരക്ഷിതമായ ബുദ്ധിക്ക് ആരോഗ്യമുള്ള ശരീരം നിർബന്ധമാണ്' എന്നതിന്റേയും 'ഒരു ആരോഗ്യവാനായ ആരാധകൻ ദുർബലനായ ആരാധകനെക്കാൾ ശ്രേഷ്ഠനാണ്' എന്നതിന്റെയും അടിസ്ഥാനത്തിൽ കായികമത്സരങ്ങൾ സംഘടിപ്പിക്കാനും ശ്രദ്ധിച്ചുവരുന്നു. ജാമിഅ അഹ്മദിയ്യായിൽ മറ്റു വകുപ്പുകളോടൊപ്പം 'അൽആബ്' വകുപ്പും(കളിയും വ്യായാമവും)പതിവായി നടന്നുവരുന്നുണ്ട്. ജാമിഅ അഹ്മദിയ്യാ ഉസ്താദ് Morlai Fornahസാഹിബാണ് ഈ വകുപ്പിന്റെ മേലധികാരി. ജാമിഅ അഹ്മദിയ്യായിൽ നിത്യവും അസ്വ്ർ നമസ്കാരത്തിനുശേഷം വ്യായാമങ്ങൾ ചെയ്യുന്നതിനുള്ള ഏർപാടുകൾ ചെയ്തിട്ടുണ്ട്. അതിൽ പങ്കെടുക്കുക എന്നത് എല്ലാ വിദ്യാർഥികൾക്കും നിർബന്ധമാണ്. അതിനുശേഷം വിദ്യാർഥികൾ അവരുടെ താൽപര്യമനുസരിച്ച് ഫുട്ബോളോ വോളിബോളോ കളിക്കുന്നു.

വിദ്യാർഥികളുടെ താൽപര്യം വർധിപ്പിക്കുന്നതിനും മാത്സര്യത്തിന്റെ ആത്മാവ് ഉണ്ടാക്കുന്നതിനും ഓരോ വർഷവും പതിവായി സംഘടിത മത്സരങ്ങളും വ്യക്തിഗത മത്സരങ്ങളും സംഘടിപ്പിക്കുന്നു. വർഷത്തിന്റെ ആരംഭത്തിൽ എല്ലാ വിദ്യാർഥികളേയും മൂന്നു ഗ്രൂപ്പായി തിരിക്കുന്നു. അതിന്റെ മേൽനോട്ടം ജാമിആയിലെ ഉസ്താദിനാണ്. കളിക്കുന്നതിനുള്ള ശരിയായ രീതികൾ പഠിപ്പിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ചുമതല. മാത്സര്യത്തിന്റെ ഈ ആത്മാവ് നിശ്ചിത(positive)വശങ്ങളെ വ്യക്തമാക്കുന്നുണ്ടോ എന്ന കാര്യവും അദ്ദേഹം ശ്രദ്ധിക്കേണ്ടതാണ്.

വ്യക്തിഗത മത്സരങ്ങളും, സംഘടിത മത്സരങ്ങളും സംഘടിപ്പിച്ചു:

സമാപന പരിപാടിയിൽ BO റീജ്യണിലെ റീജ്യണൽ മിഷണറി അഖീൽ അഹ്മദ് സാഹിബ് മുഖ്യാതിഥിയായിരുന്നു. അദ്ദേഹം വിദ്യാർഥികൾക്ക് ഉപദേശങ്ങൾ നല്കി അനുഗ്രഹിച്ചു.(അൽഫള്ൽ 03-06-2019)

## 125-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 125-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29(വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 11 July 2019 Issue-28

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 2ൽനിന്ന്)

അവന്റെ സകല ആധ്യാത്മികതയ്ക്കും വെളിച്ചവും ജീവിതവും പകരുന്നു. അപ്പോൾ അവൻ ഏതെങ്കിലും കൃത്രിമമായ നിലയിൽ ദൈവസ്മരണയിൽ മുഴുകുകയില്ല. മറിച്ച്, ഭൗതികമായി മനുഷ്യജീവിതം ഭക്ഷണത്തിലും വെള്ളത്തിലും നിലനിറുത്തിയിട്ടുള്ള അല്ലാഹു താൻ സ്നേഹിക്കുന്ന അവന്റെ ആധ്യാത്മികജീവിതത്തെ തന്റെ സ്മരണയാകുന്ന ഭക്ഷണവുമായി ബന്ധിപ്പിക്കുന്നു. അതുകൊണ്ട് അവൻ ആ ഭക്ഷണത്തേയും വെള്ളത്തേയും ഭൗതികമായ ഭക്ഷണത്തേക്കാളും വെള്ളത്തേക്കാളും കൂടുതൽ ആഗ്രഹിക്കുന്നു. അത് നഷ്ടപ്പെടുന്നതിനെ ഭയക്കുന്നു. ഇത് ഒരു തീനാളംപോലെ അവനിൽ ഇട്ടുകഴിഞ്ഞ ആത്മാവിന്റെ സ്വാധീനമാണ്. ഇതുമുഖേന ദൈവപ്രേമത്തിന്റെ പൂർണമായ ലഹരി അവനിലുണ്ടാകുന്നു. അതുകൊണ്ട് ദൈവസ്മരണയിൽനിന്ന് ഒരുനിമിഷംപോലും വേർപെടാൻ അവൻ ഇഷ്ടപ്പെടുകയില്ല. അവൻ അതിനുവേണ്ടി ദുഃഖം സഹിക്കുകയും വിപത്തുകളെ അഭിമുഖീകരിക്കുകയും ചെയ്യും. എന്നാൽ, അതിൽനിന്ന് ഒരുനിമിഷംപോലും വേർപെടാൻ ആഗ്രഹിക്കുകയില്ല. ഓരോ ശ്വാസത്തിലും അവൻ ദൈവസ്മരണയിൽ ഏർപ്പെടുകയും തന്റെ നമസ്കാരങ്ങളുടെ സംരക്ഷകനും മേൽനോട്ടക്കാരനുമായിരിക്കുകയും ചെയ്യും. ഇക്കാര്യം അവന് പ്രകൃതിസിദ്ധമാണ്. എന്തുകൊണ്ടെന്നാൽ, വാസ്തവത്തിൽ അല്ലാഹു തന്റെ സ്നേഹനിർഭരമായ സ്മരണയെ, ദൈവസ്മരണയെ– ഇതിനെ മറ്റുവാക്കുകളിൽ നമസ്കാരം എന്നു പറയുന്നു– അവന് ഒഴിച്ചുകൂടാൻപറ്റാത്ത ഭക്ഷണമായി നിശ്ചയിച്ചുകൊടുത്തിരിക്കുകയാണ്. തന്റെ വ്യക്തിപരമായ സ്നേഹത്താൽ അവനിൽ വെളിപ്പെട്ട് ദൈവസ്മരണയുടെ ഒരു സുന്ദരമായ ആനന്ദം അവന് നൽകിയിരിക്കുന്നു. ഇക്കാരണത്താൽ ദൈവസ്മരണ ജീവനെപോലെ, എന്നല്ല ജീവനെക്കാളുപരിയായി അവന് പ്രിയങ്കരമായിത്തീർന്നു. ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹം ഒരു പുതു ആത്മാവാണ്. അത് തീനാളംപോലെ അവന്റെ ഹൃദയത്തിൽ പതിക്കുന്നു. അവന്റെ നമസ്കാരത്തേയും ദൈവസ്മരണയേയും ഒരു ഭക്ഷണമെന്നപോലെ അവനുണ്ടാക്കിക്കൊടുക്കുന്നു. തന്റെ ജീവിതം ഭക്ഷണവും വെള്ളവും കൊണ്ടല്ല. നേരെമറിച്ച്, നമസ്കാരവും ദൈവസ്മരണയും കൊണ്ടാണെന്ന് അവൻ ദൃഢഗാഢമായി വിശ്വസിക്കുന്നു.

ചുരുക്കത്തിൽ സ്നേഹത്താൽ നിർഭരമായ ദൈവസ്മരണയുടെ പേരാണ് നമസ്കാരം. അത് വാസ്തവത്തിൽ അവരുടെ ഭക്ഷണമായി തീരുകയാണ്. അത് കൂടാതെ അവർക്ക് ജീവിക്കാനേ പറ്റുകയില്ല. വെള്ളവും ധാന്യവുമൊന്നുമില്ലാത്ത വനത്തിലൂടെ നീങ്ങുന്ന യാത്രക്കാരൻ തന്റെ കൈയിലുള്ള അല്പം ഭക്ഷണത്തെ സംരക്ഷിക്കുകയും തോൽസഞ്ചിയിലുള്ള അല്പമാത്രമായ ജലത്തെ ജീവനുതുല്യം കാണുകയും ചെയ്യുന്നതുപോലെ അവൻ അതിനെ സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ഉദാരനായ അല്ലാഹു മനുഷ്യന്റെ ആത്മീയാഭിവൃദ്ധിക്കായി ഇങ്ങനെയും ഒരു നില വെച്ചിരിക്കുകയാണ്. അത് വ്യക്തിപരമായ സ്നേഹവും പ്രേമവായ്പിന്റെ ആധിക്യവും സമർദ്ദത്തിന്റെ അവസാനത്തെ നിലയുമാണ്. വാസ്തവത്തിൽ ഈ നിലയിലെത്തുമ്പോൾ മനുഷ്യന് സ്നേഹനിർഭരമായ ദൈവസ്മരണ– ഇതിന് മതപരമായ സാങ്കേതികപദം നമസ്കാരം എന്നാണ്– ഭക്ഷണത്തിന്റെ പകരക്കാരനായി തീരുന്നു. എന്നല്ല, അവൻ നിരന്തരം തന്റെ ശാരീരികമായ ആത്മാവിനേയും ഈ ഭക്ഷണത്തിൽ ബലിയർപ്പിക്കാൻ ആഗ്രഹിക്കുന്നു. വെള്ളം കൂടാതെ മത്സ്യത്തിന് ജീവിക്കാൻ പറ്റാത്തതുപോലെ അവന് അതുകൂടാതെ ജീവിക്കാൻ പറ്റുകയില്ല. അല്ലാഹുവിൽനിന്ന് ഒരുനിമിഷംപോലും അകന്നുകഴിയുന്നത് തന്റെ മരണമായി അവൻ മനസ്സിലാക്കുന്നു. അവന്റെ ആത്മാവ് ദൈവികസവിധത്തിൽ സദാപ്രണമിച്ചുകൊണ്ടിരിക്കുന്നു. തന്റെ സൗഖ്യങ്ങളെല്ലാം അല്ലാഹുവിൽ ആയിത്തീരുന്നു. കണ്ണ് ഇമയ്ക്കുന്നത്ര നിമിഷംപോലും ദൈവസ്മരണയിൽനിന്ന് വേർപ്പെട്ടാൽ താൻ മരിച്ചുപോയെന്ന് അവന് ദൃഢവിശ്വാസമുണ്ടാകുന്നു. എപ്രകാരം ഭക്ഷണം മുഖേന ശരീരത്തിന് ഓജസ്സും കണ്ണ്, ചെവി തുടങ്ങിയ അവയവങ്ങളുടെ കഴിവുകളിൽ ഉണർവ്വും ഉണ്ടാകുന്നുവോ അപ്രകാരം ആ നിലയിൽ പ്രേമവായ്പിന്റേയും സ്നേഹത്തിന്റേയും തിളപ്പിനാൽ ഉണ്ടാകുന്ന ദൈവസ്മരണ സത്യവിശ്വാസിയുടെ ആധ്യാത്മിക കഴിവുകൾക്ക് ഉൽക്കർഷം പകരുന്നു. അതായത്, കണ്ണിന് ജാഗ്രദർശനശക്തി അങ്ങേയറ്റം നിർമലവും മനോഹരവുമായ നിലയിൽ ഉണ്ടായിത്തീരുന്നു. ചെവി ദൈവഭാഷണം കേൾക്കുന്നു. ആ ഭാഷണം നാവിലൂടെ അങ്ങേയറ്റം രുചികരവും തെളിഞ്ഞതും ശുദ്ധവുമായ നിലയിൽ ഒഴുകിത്തുടങ്ങുന്നു. സത്യമായ സ്വപ്നങ്ങൾ അധികമായി ഉണ്ടാകുന്നു. അത് പ്രഭാതവെളിച്ചംപോലെ വെളിപ്പെട്ടുവരുന്നു. മാന്യമായ ദൈവിക സന്നിധിയിൽ നിന്നുണ്ടാകുന്ന സംശുദ്ധമായ സ്നേഹബന്ധത്താൽ സുവിശേഷം അറിയിക്കുന്ന സ്വപ്നങ്ങളിൽ അവൻ ധാരാളമായി ഭാഗഭാക്കാകുന്നു. ദൈവത്തിന്റെ സ്നേഹം തനിക്ക് ഭക്ഷണവും വെള്ളവുമായി പ്രയോജനപ്പെടുന്നുവെന്ന് സത്യവിശ്വാസിക്ക് ബോധ്യമാകുന്ന നില ഇതുതന്നെയാണ്. അദൃ്യമേതന്നെ ആത്മീയമായ മൂശ പൂർണമായും ഒരുങ്ങിക്കഴിഞ്ഞിരുന്ന നേരത്താണ് ഈ പുതിയ ജന്മമുണ്ടാകുന്നത്. പിന്നീട് ആ ആത്മാവ് ദൈവത്തിന്റെതന്നെ സ്നേഹത്തിന്റെ ഒരു തീനാളമായിത്തീരുകയും അത് അത്തരം സത്യവിശ്വാസിയുടെ ഹൃദയത്തിൽ വന്നുപതിക്കുകയും പൊടുന്നനെ മനുഷ്യഭാവനയ്ക്കതീതമായ ഉപരിസ്ഥശക്തി അവനെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നു. ഈ നിലയെ ആധ്യാത്മികപരമായി അവസാനത്തെ സൃഷ്ടി എന്നു പറയുന്നു. ഈ നിലയിൽ തന്റെ തന്നെ സ്നേഹത്തിന്റെ ഒരു പ്രകാശിക്കുന്ന തീനാളം ദൈവം– അതിനെ മറ്റുവാക്കുകളിൽ ആത്മാവെന്നാണ് പറയുന്നത്– സത്യവിശ്വാസിയുടെ ഹൃദയത്തിൽ ഇറക്കുകയും അതുമുഖേന സകല അന്ധകാരങ്ങളേയും മാലിന്യങ്ങളേയും ദൗർബല്യങ്ങളേയും അകറ്റുകയും ചെയ്യുന്നു. ഈ ആത്മാവ് ഊതുന്നതോടുകൂടി ഏറ്റവും താഴ്ന്നനിലയിലുണ്ടായിരുന്ന ആ സൗന്ദര്യം തികവാർന്ന നിലയിലെത്തുകയും ആത്മീയമായൊരു പ്രകാശവും വെളിച്ചവും ഉണ്ടായിവരികയും ദുഷിച്ച ജീവിതത്തിന്റെ സ്വാധീനം പൂർണമായും അകലുകയും ചെയ്യുന്നു. അപ്പോൾ തന്റെയുള്ളിൽ മുമ്പേ ഇല്ലായിരുന്ന ഒരു പുതിയ ആത്മാവ് പ്രവേശിച്ചിട്ടുണ്ടെന്ന് സത്യവിശ്വാസി അനുഭവിച്ചറിയുന്നു. ആ ആത്മാവ് ലഭിക്കുന്നതിലൂടെ അത്ഭുതപ്പെടുത്തുംവിധമുള്ള ഒരു സമാധാനവും ശാന്തിയും സത്യവിശ്വാസിക്ക് കൈവരുന്നു. യഥാർഥ സ്നേഹം വെള്ളച്ചാട്ടംപോലെ അലതല്ലുകയും ദാസതയുടെ ചെടിക്ക് വെള്ളം നൽകുകയും ചെയ്യുന്നു. ആദ്യം നിസ്സാരചൂടുമാത്രമുണ്ടായിരുന്ന ആ തീയ് പ്രസ്തുത സ്ഥാനം പ്രാപിക്കുമ്പോൾ തികവോടും പൂർണതയോടുകൂടി ആളിക്കത്തുകയും മാനുഷികമായ അസ്തിത്വത്തിന്റെ സകല ചപ്പുചവറുകളെയും കത്തിച്ച് ദൈവത്വത്തിന്റെ നിയന്ത്രണം അതിനെ ഏല്പിക്കുകയും ചെയ്യുന്നു. ആ തീയ് സകല അവയവങ്ങളേയും തന്റെ വലയത്തിലാക്കുന്നു. അപ്പോൾ അത് തീയിൽ പഴുപ്പിച്ചെടുത്ത ഇരുമ്പുപോലെയാകുകയും തീയുടെ നിറത്തിലാകുകയും എപ്രകാരം ഇരുമ്പ് ആ നിലയിലെത്തുമ്പോൾ തീയുടെ ലക്ഷണങ്ങളും പ്രവൃത്തികളും പ്രകടപ്പിക്കുന്നുവോ അതേപ്രകാരം ആ സത്യവിശ്വാസിയിൽനിന്ന് ദൈവത്വത്തിന്റെ ലക്ഷണങ്ങളും പ്രവൃത്തികളും പ്രകടമാകുകയും ചെയ്യുന്നു. ഇതിന്റെ അർഥം ആ സത്യവിശ്വാസി ദൈവമായെന്നല്ല. മറിച്ച്, ദൈവസ്നേഹത്തിന്റെ അങ്ങനെതന്നെയുള്ള അല്പം ശീലത്വമാണത്. ബാഹ്യമായ അസ്തിത്വത്തെ അത് അതിന്റേതായ നിറത്തിൽ കൊണ്ടുവരുന്നു. ഉൾഭാഗത്ത് ദാസതയും അതിന്റെ ബലഹീനതയും നിലവിലുണ്ടാകുകയും ചെയ്യുന്നു. ആ നില പ്രാപിക്കുമ്പോൾ ദൈവം സത്യവിശ്വാസിയുടെ ആഹാരമായിത്തീരുന്നു. അത് ഭക്ഷിക്കുന്നതിലാണ് അവന്റെ ജീവിതം നിലകൊള്ളുന്നത്. സത്യവിശ്വാസിയുടെ വെള്ളവും ദൈവമായിത്തീരുന്നു. അത് കുടിക്കുന്നതിനാൽ മരണത്തിൽനിന്ന് അവൻ രക്ഷപ്പെടുന്നു...അതുമുഖേന അവന്റെ മനസ്സിന് സന്തോഷം ലഭിക്കുന്നു. സത്യവിശ്വാസി ആ നിലയിലെത്തുമ്പോൾ ആലങ്കാരികമായി ദൈവം അവന്റെ ഉള്ളിൽ പ്രവേശിക്കുന്നുവെന്നും അവന്റെ ഹൃദയത്തെ തന്റെ സിംഹാസനമാക്കിത്തീർക്കുന്നുവെന്നും പറയുന്നത് അസ്ഥാനത്താകുകയില്ല. അപ്പോൾ അവൻ തന്റെ ആത്മാവ് കൊണ്ടല്ല, മറിച്ച് ദൈവത്തിന്റെ ആത്മാവിനാൽ കാണുകയും കേൾക്കുകയും സംസാരിക്കുകയും നടക്കുകയും ശത്രുക്കുടെമേൽ ആക്രമണം നടത്തുകയും ചെയ്യുന്നു. കാരണം അവൻ ആ നിലപ്രാപിക്കുമ്പോൾ ഇല്ലായ്മയുടെയും നാശത്തിന്റെയും സ്ഥാനത്താണ് നിലകൊള്ളുന്നത്. അപ്പോൾ ദൈവത്തിന്റെ ആത്മാവ് സ്വസ്നേഹത്തോടുകൂടി അവനിൽ വെളിപ്പെട്ട് രണ്ടാമത്തെ ജീവിതം അവന് നൽകുന്നു. ആ നേരത്ത് ആത്മീയമായ നിലയിൽ ഈ ദൈവികവചനം സത്യമായി പുലരുന്നു. *ഥുമ്മ അൻശഅനാഹു ഖൽഖൻ ആഖറ ഫതബാറക്കല്ലാഹു അഹ്സനുൽ ഖാലിഖീൻ* (സമീമ, ബറാഹിനെ അഹ്മദിയ്യാ, വാല്യം 5, പേ: 54–58)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin